**ധനകാര്യം**

## 2023-2024 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXXVII – വ്യവസായങ്ങൾ

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി

അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2023-2024 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) |
| XXXVII | വ്യവസായങ്ങൾ | 702,78,02,000 | 1244,45,02,000 | 1947,23,04,000 |
| XXXIX | വൈദ്യുത പദ്ധതികൾ | 100,80,86,000 | 23,00,00,000 | 123,80,86,000 |

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: രണ്ട് ധനാഭ്യർത്ഥനകളെയും സംബന്ധിക്കുന്ന ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ബ്രഹ്മപുരത്ത് കത്തുന്ന തീ അണയ്ക്കാനല്ല യു.ഡി.എഫ്. അംഗങ്ങൾ ശ്രമിക്കുന്നത്. അതിൽ എണ്ണ ഒഴിച്ച് ആളികത്തിച്ച് കേരളത്തെ ചാമ്പലാക്കാമെന്നാണ് പ്രതിപക്ഷാംഗങ്ങൾ ധരിക്കുന്നതെങ്കിൽ അത് മനസ്സിൽ വച്ചാൽമതി. വ്യാവസായിക പുനഃസംഘടനയിലൂടെയും കാർഷിക നവീകരണത്തിലൂടെയും നവകേരള സൃഷ്ടിക്കായി പ്രവർത്തിക്കുന്ന നമ്മുടെ സംസ്ഥാനം വികസനത്തിന്റെ കാര്യത്തിൽ മുന്നിലേയ്ക്കെത്തുകയാണ്. കാർഷികരംഗത്ത് 6.7 ശതമാനവും വ്യാവസായിക രംഗത്ത് 17.30 ശതമാനവും ഉല്പാദനരംഗത്ത് 18.90 ശതമാനവും വളർച്ചാനിരക്കാണുള്ളത്. ഈ വളർച്ചാനിരക്കോടെ കേരളത്തെ മുന്നോട്ടുനയിക്കുന്നതിൽ അമർഷമുള്ളവരാണ് പ്രതിഷേധവുമായി നടുത്തളത്തിലേയ്ക്ക് ഇറങ്ങിയിരിക്കുന്നത്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ അവർക്ക് ഇഷ്ടപ്പെട്ടവർക്ക്

കുറഞ്ഞ വിലയ്ക്ക് വിറ്റഴിക്കുമ്പോൾ, ഭൂവിസ്തൃതിയുടെ 1.2 ശതമാനവും ജനസംഖ്യയുടെ 2.6 ശതമാനവും മാത്രമുള്ള കേരളത്തിന്റെ GSDP (Gross State Domestic Product) ഇന്ത്യയുടെ GDP (Gross Domestic Product)-യുടെ 4.2 ശതമാനത്തിലേയ്ക്ക് വളർത്തിക്കൊണ്ടുവന്നത് വളർച്ചയുടെ സൂചനയാണ്. ഈ സർക്കാർ അടച്ചുപൂട്ടിയ വ്യവസായങ്ങൾ തുറക്കുകയും നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കുകയും ചെയ്തു. അടച്ചുപൂട്ടിയ പേപ്പർ മിൽ തുറക്കുകമാത്രമല്ല ദക്ഷിണേന്ത്യയിലെ എല്ലാ പത്രങ്ങൾക്കും ആവശ്യമായ ന്യൂസ് പ്രിന്റ് കൊടുക്കുന്നത് കേരളത്തിന്റെ Kerala Paper Products Limited (KPPL) ആണ്. ഒരു വർഷം ഒരു ലക്ഷം സംരംഭം എന്നതായിരുന്ന ലക്ഷ്യമിട്ടിരുന്നതെങ്കിലും ഒരു വർഷം തികയുന്നതിനു മുമ്പുതന്നെ 1.29 ലക്ഷം സംരംഭം ആരംഭിക്കാൻ സാധിച്ചു. ഇതിലൂടെ 7825 കോടി രൂപയുടെ നിക്ഷേപവും 2.78 ലക്ഷം തൊഴിലവസരങ്ങളുമുണ്ടായി. അതിൽ 31 ശതമാനം, അതായത് 43000 വ്യവസായങ്ങളും സ്ത്രീകൾ നേതൃത്വം കൊടുക്കുന്നവയാണ്. അതുകൊണ്ടാണ് അന്തർദേശീയ മഹിളാദിനമായ മാർച്ച് 8-ന് കെ.എസ്.ഐ.ഡി.സി. നൽകുന്ന ഇ-മിഷൻ കേരളയിലൂടെ വായ്പാ പരിധി 25 ലക്ഷത്തിൽനിന്നും 50

ലക്ഷമായി സ്ത്രീകളുടെ സംരംഭത്തിന് കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. വനിതാ സഹകരണ സംഘങ്ങൾക്ക് 5 ലക്ഷം രൂപ വരെയാണ് ഗ്രാന്റ് നൽകുന്നത്. ഇൻക്യുബേഷൻ സെന്ററിൽ വനിതാ സംരംഭകർ ഏപ്രിൽ ഒന്നുമുതൽ 50 ശതമാനം വാടക കൊടുത്താൽമതി. ചരിത്രത്തിൽ ആദ്യമായി പുതിയ വ്യവസായ സംരംഭങ്ങളുടെ മഹാസമ്മേളനം കൊച്ചിയിൽ നടന്നു. എന്നാൽ യു.ഡി.എഫ്. പുറംതിരിഞ്ഞ് നിൽക്കുന്ന നയമാണ് സ്വീകരിച്ചത്, പുകമറ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. എനിക്ക് അവരെ ഓർമ്മപ്പെടുത്താനുള്ളത്, ജ്വലിക്കുന്ന സൂര്യന്റെ പ്രഭ ഉള്ളംകൈകൊണ്ട് തടുത്ത് മുന്നോട്ടുപോകാമെന്ന് നിങ്ങൾ ആഗ്രഹിക്കേണ്ടതില്ലെന്നാണ്. കേരളത്തിൽ എന്ത് വ്യവസായമാണ് യു.ഡി.എഫ്. നടപ്പാക്കുന്നത്; കോവിഡാനന്തരം മാധ്യമങ്ങളുമായി യോജിച്ച് കേരളത്തിലെ യു.ഡി.എഫ്. ബി.ജെ.പി.-യുമായി പാർട്ണർഷിപ്പുള്ള വ്യവസായമല്ലേ തുടങ്ങുന്നത്; നുണപ്രചരണങ്ങളല്ലേ അഴിച്ചുവിടുന്നത്. ആരാണ് അവരുടെ ബ്രാൻഡ് അംബാസിഡർ; സ്വപ്ന സുരേഷല്ലേ? അവർ പ്രചോദനം കൊടുത്താൽ അതിനനുസരിച്ച് തുള്ളുന്നവരായി യു.ഡി.എഫ്. അധഃപതിച്ചിരിക്കുന്നു. കേരളത്തിൽ എന്തുവ്യവസായമെന്നാണ് അവർ

ചോദിച്ചത്, കോവിഡാനന്തരം ഇന്ത്യയിലെ 1.25 കോടി ജനങ്ങൾക്ക് ഡി-ഡൈമർ ടെസ്റ്റ് നടത്താൻ ഉപയോഗിച്ചത് കേരളത്തിലെ വ്യവസായത്തിന്റെ സൃഷ്ടിയാണ്. അതുപോലെ ബ്ലഡ് ബാഗ് ഉണ്ടാക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ സ്ഥാപനവും, കൃത്രിമ പല്ലുണ്ടാക്കുന്ന ഏറ്റവും വലിയ കമ്പനിയും കേരളത്തിലാണുള്ളത്. ലോകം ഉപയോഗിക്കുന്ന Oleoresin-ന്റെ 50 ശതമാനവും നിർമ്മിക്കുന്നത് കേരളത്തിലാണ്. കൂടാതെ സ്പൈസസിന്റെ ഏറ്റവും പ്രധാന പ്രോസസ്സിംഗ് ഹബ്ബും ലോകത്തിലെയും രാജ്യത്തിലെയും ഏറ്റവും വലിയ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ ഇൻക്യുബേറ്ററും കേരളത്തിലാണുള്ളത്. ലോകത്തിലെ പൊതുമേഖലാ സ്വകാര്യ ബിസിനസ് ഇൻക്യുബേറ്റർ പട്ടികയിലെ ആദ്യ അഞ്ച് റാങ്കിനുള്ളിൽ ഇടംനേടാൻ കേരള സ്റ്റാർട്ടപ്പിന് സാധിച്ചു. ശ്രീ. യോഗി ആദിത്യനാഥിന്റെയും ശ്രീ. നരേന്ദ്ര മോദിയുടെയും യു.പി.-യിൽ അടഞ്ഞുകിടക്കുന്ന അഴുക്കുചാലുകളും മാൻഹോളുകളും വൃത്തിയാക്കുന്നതിന് നൽകിയ സ്മാർട്ട് റോബോർട്ട് Bandicoot-കളും കേരളത്തിൽനിന്നാണ് സംഭാവന ചെയ്തിരിക്കുന്നത്. *ചീഫ് മിനിസ്റ്റേഴ്സ് അവാർഡ്*, യു.ബി.ഐ. ഗ്ലോബൽ ലോക റാങ്കിംഗിൽ, ഇന്ത്യ സ്റ്റാർട്ടപ് റാങ്കിംഗിൽ കേരളം തുടർച്ചയായി പെർഫോം

ചെയ്യുകയാണ്. പരിസ്ഥിതി സൗഹാർദ്ദത്തോടെയുള്ള ഉത്തരവാദിത്ത വ്യവസായങ്ങളാണ് കേരളത്തിന്റെ വ്യാവസായിക നയമായി പ്രഖ്യാപിക്കുന്നത്. 21 വകുപ്പുകളിലായി 85-ലേറെ അനുമതികൾ ഒരൊറ്റ വെബ്പോർട്ടലിൽനിന്നും വീട്ടിലിരുന്നുകൊണ്ട് നേടിയെടുക്കാൻ സാധിക്കുന്ന രൂപത്തിൽ കെ.എസ്.ഐ.ഡി.സി. സംഘടിപ്പിച്ച കെ-സ്വിഫ്റ്റ് കേരളത്തിലെ വ്യവസായികൾക്ക് വലിയ അനുഗ്രഹമായി മാറിയിട്ടുണ്ട്.

കേരളത്തിലെ യു.ഡി.എഫ്., ബി.ജെ.പി. മാധ്യമപ്പടയുമായി ചേർന്ന് സഖാവ് പിണറായി വിജയനെ ആക്രമിക്കാൻ തുടങ്ങിയിട്ട് എത്രകാലമായി? അടിയന്തരാവസ്ഥയുടെ കാളരാത്രികളിൽ ഇവർ ശ്രീ. പിണറായി വിജയൻ എന്ന പാർട്ടി നേതാവിന്റെ രക്തമൂറ്റിക്കുടിച്ചവരാണ്. കേരളത്തിന്റെ സഹകരണം, വൈദ്യുതി വകുപ്പുകളെ ശരിയായ ദിശയിലേയ്ക്ക് നയിച്ച അന്നത്തെ മന്ത്രിയാണ് ശ്രീ. പിണറായി വിജയൻ. മാധ്യമങ്ങളെ കൂട്ടുപിടിച്ച് പെരുംനുണ പ്രചരിപ്പിച്ചവരായിരുന്നു പ്രതിപക്ഷത്തുള്ളവർ. സഖാവ് പിണറായി വിജയൻ എന്ന പാർട്ടി സെക്രട്ടറിയെ ഒറ്റതിരിഞ്ഞ് ആക്രമിച്ച് ഈ മഹാസ്ഥാനത്തെ തകർക്കാനാണ് അവർ ശ്രമിച്ചത്. 2016-ൽ മുഖ്യമന്ത്രിയായപ്പോൾ മുതൽ അവർ അദ്ദേഹത്തെ ആക്രമിക്കാൻ

തുടങ്ങിയതല്ലേ? യു.ഡി.എഫ്- ബി.ജെ.പി. സംയുക്തമായും തനിച്ചും മാധ്യമ സംഘടനയെ ഉപയോഗിച്ചും അന്വേഷണവും പെരുംനുണകളുമാണ് ഇവർ പ്രചരിപ്പിക്കുന്നത്. ഇപ്പോൾ അവർ വഴിനടക്കാനാകാത്ത വിധത്തിൽ ചാവേറുകളെ വിട്ട് ആക്രമിക്കാൻ ശ്രമിക്കുകയാണ്. പാർട്ടി സഖാവ് എന്ന നിലയിൽ ഞങ്ങളുടെ പാർട്ടിയും മുഖ്യമന്ത്രി എന്ന നിലയിൽ എൽ.ഡി.എഫ്.-ഉം സംരക്ഷണം കൊടുക്കാൻ തീരുമാനിച്ചാൽ യു.ഡി.എഫ്, യൂത്ത് കോൺഗ്രസ് എന്ന ഇവരെ കേരളത്തിന്റെ തെരുവിൽ പൊടിപോലുമുണ്ടാകില്ല കണ്ടുപിടിക്കാനെന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്.

വൈദ്യുതി രംഗത്ത് വലിയ മുന്നേറ്റമാണ് കേരളത്തിൽ നടപ്പിലാക്കിയിരിക്കുന്നത്. ഏത് വ്യാവസായിക വിപ്ലവത്തിനും അടിസ്ഥാന വികസനമുന്നേറ്റത്തിനും അനിവാര്യമായ ഘടകങ്ങളിലൊന്ന് വൈദ്യുതി തന്നെയാണ്. അപ്രഖ്യാപിത കറന്റ്കട്ടും ലോഡ്ഷെഡിംഗുംകൊണ്ട് ഇന്ത്യയിൽ ജനങ്ങൾ ദുരിതമനുഭവിക്കുമ്പോഴും സമ്പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ട കേരളത്തിൽ ഒരു മിനിറ്റുപോലും കറന്റുപോകാത്ത വിധത്തിലുള്ള പുരോഗതിയാണ് വൈദ്യുതിമേഖലയിലെ ഉല്പാദനരംഗത്തും

പ്രസരണ രംഗത്തുമുണ്ടായിട്ടുള്ളത്. 60-65 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് കേരളം ഉപയോഗിക്കുന്നത്. അതിന്റെ 51 ശതമാനം ഗാർഹിക ആവശ്യത്തിനും 18 ശതമാനം വ്യാപാര ആവശ്യത്തിനും 23 ശതമാനം വ്യാവസായിക ആവശ്യത്തിനും 2 ശതമാനം കാർഷിക ആവശ്യത്തിനും 6 ശതമാനം മറ്റുള്ള ആവശ്യത്തിനുമാണ് ഉപയോഗിക്കുന്നത്. നാം ഉപയോഗിക്കുന്ന വൈദ്യുതിയുടെ 70 ശതമാനവും കേന്ദ്രഗ്രിഡിൽനിന്നാണ് വാങ്ങുന്നത്. ഒരു യൂണിറ്റ് വൈദ്യുതി കേരളത്തിലെത്തിച്ച് വിതരണം ചെയ്യുമ്പോഴുണ്ടാകുന്ന ചെലവ് 6 രൂപ 50 പൈസയാണ്. ഇതിൽ 20 യൂണിറ്റുവരെ സൗജന്യമായും 40 യൂണിറ്റുവരെ 1 രൂപ 80 പൈസയ്ക്കും 50 യൂണിറ്റുവരെ 3 രൂപ 20 പൈസയ്ക്കും 100 യൂണിറ്റുവരെ 3 രൂപ 80 പൈസയ്ക്കുമാണ് വിതരണം ചെയ്യുന്നത്. നഷ്ടം സഹിച്ചും ക്രോസ് സബ്സിഡിയിലൂടെയാണ് ഇവിടെ വൈദ്യുതി വിതരണം ചെയ്യുന്നത്. ഈ സാഹചര്യത്തിലാണ് കേന്ദ്ര സർക്കാർ വൈദ്യുതി ഭേദഗതി ബിൽ കൊണ്ടുവന്ന് പാവപ്പെട്ടവർക്ക് വൈദ്യുതി അപ്രാപ്യമാകുന്ന തരത്തിലേയ്ക്ക് പോകുന്നത്. അതുപോലെ 16-02-2023-ൽ High Price Day Ahead Market (HP-DAM) എന്ന നിലയിൽ കേന്ദ്രസർക്കാർ ഒരു ഉത്തരവ്

പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം 12 യൂണിറ്റുവരെ വൈദ്യുതി നിശ്ചിത സംഖ്യയ്ക്ക് മാത്രമേ വിതരണം ചെയ്യാൻ പവർ എക്സ്ചേഞ്ചുകൾക്ക് അനുവാദം കൊടുക്കുകയുള്ളൂ. 50 യൂണിറ്റുവരെ എന്നുള്ളത് മാറ്റിയിരിക്കുകയാണ്. വൈദ്യുത പദ്ധതികൾ, വ്യവസായങ്ങൾ എന്നീ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ശ്രീ. സനീഷ്കുമാർ ജോസഫ്, ശ്രീ. എ. കെ. എം. അഷ്റഫ്, ചെയറിന്റെ മുഖം മറച്ചുകൊണ്ട് ബാനർ പിടിക്കുന്നത് സഭാചട്ടങ്ങളുടെ ലംഘനമാണ്. നിങ്ങൾക്കെതിരെ കർശന നിലപാട് സ്വീകരിക്കേണ്ടിവരും. ശ്രീ. സനീഷ്കുമാർ ജോസഫ് സീറ്റിലില്ലാത്തതിനാൽ ശ്രീ. വി. ശശിയ്ക്ക് സംസാരിക്കാവുന്നതാണ്...... (ബഹളം).....

(സ്പീക്കറുടെ ഡയസ്സിന് മുന്നിൽ പ്ലക്കാർഡുകളും ബാനറും പിടിച്ച് പ്രതിഷേധിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിരുന്ന് സമാന്തരസഭ നടത്തി പ്രതിഷേധം തുടർന്നു.)

ശ്രീ. വി. ശശി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തെ സംരംഭക വർഷമായി പ്രഖ്യാപിച്ചിരുന്നു.

സംരംഭക വർഷത്തിൽ ഒരു ലക്ഷം വ്യവസായങ്ങൾ ആരംഭിക്കുമെന്നും സർക്കാർ പ്രഖ്യാപിച്ചു. ആ ലക്ഷ്യം ഒരു വർഷം തികയുന്നതിനുമുമ്പ്, 245 ദിവസംകൊണ്ട് കൈവരിക്കാൻ നമുക്ക് സാധിച്ചു. നിലവിൽ ഒരുലക്ഷത്തി മുപ്പതിനായിരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 7900 കോടി രൂപയുടെ നിക്ഷേപവും 281333 തൊഴിലവസരങ്ങളും പദ്ധതിയുടെ ഭാഗമായുണ്ടായി. സംരംഭകരെ സഹായിക്കാൻ ബി.ടെക്/എം.ബി.എ. പാസ്സായ 1153 ഇന്റേണുകളെ നിയമിക്കുകയും 4 ശതമാനം പലിശനിരക്കിൽ ഈടില്ലാത്ത വായ്പാ പദ്ധതി ആരംഭിക്കുകയും ശില്പശാലകൾ സംഘടിപ്പിക്കുകയും വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് എല്ലാ ജില്ലകളിലും MSME ക്ലിനിക്കുകൾ ആരംഭിക്കുകയും ചെയ്തു. സംസ്ഥാനതല കോർ കമ്മിറ്റി, ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിലുള്ള കമ്മിറ്റി എന്നിവ രൂപീകരിക്കുകയും അവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കുകയും ചെയ്തിരുന്നു. ഇതിനുപുറമെ നിയമസഭാ നിയോജകമണ്ഡലതലത്തിൽ അതത് മണ്ഡലത്തിലെ എം.എ.എൽ.-മാരെ ചെയർമാനും ബ്ലോക്ക്-ഉപജില്ലാ വ്യവസായ ഓഫീസർ കൺവീനറുമായുള്ള ഉപദേശക സമിതികളും രൂപീകരിച്ചിരുന്നു. ഈ

സംവിധാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച എല്ലാതലങ്ങളിലുമുള്ള ജനപ്രതിനിധികൾക്കും ഈ പദ്ധതി കൈവരിച്ച നേട്ടങ്ങൾ എന്താണെന്ന് അറിയാം. അവർക്കൊരു സംശയവുമുണ്ടാകില്ല. ....(ബഹളം)..... അവരെല്ലാം ഈ പദ്ധതിയുടെ ഭാഗമായിരുന്നു, സജീവപ്രവർത്തകരായിരുന്നു. (.....ബഹളം....).

മി. സ്പീക്കർ: യെസ്...പ്ലീസ്...പ്ലീസ്.....അദ്ദേഹം പ്രസംഗിക്കട്ടെ.

ശ്രീ. വി. ശശി: സർ, അനുകരണീയമായ വലിയൊരു കൂട്ടായ്മയെയാണ്, മഹത്തായ ഒരു പദ്ധതിയെയാണ് ഇകഴ്ത്തിക്കാട്ടാൻ ചിലർ ശ്രമിച്ചത്. എന്തായാലും ആ രീതിയിലുള്ള പ്രചരണമുണ്ടായത് ശരിയായില്ല. പ്രതിപക്ഷനിരയിലെ ചില ജനപ്രതിനിധികൾകൂടി അതിൽ പങ്കാളികളായത് ശരിയായില്ലെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. (....ബഹളം....)

മി. സ്പീക്കർ: സഭയുടെ സമാന്തര പ്രൊസീഡിംഗ്സ് ശരിയല്ല. ശ്രീ. റോജി എം. ജോൺ, നിങ്ങൾക്ക് വേണമെങ്കിൽ പുറത്തുപോയി അവതരിപ്പിക്കാം. ഇത് ശരിയല്ല. ......(ബഹളം)....... നിങ്ങളുടെ പ്രതിഷേധം സഭയ്ക്ക് പുറത്ത് രേഖപ്പെടുത്താം. സഭയ്ക്കകത്ത് ഒരു

പ്രൊസീഡിംഗ്സ് നടക്കുമ്പോൾ അതുമായി സഹകരിക്കാതെ ഇതിനകത്ത് തോന്നിയതുപോലെ പെരുമാറുന്നത് ശരിയല്ല. .....(ബഹളം).... ബഹുമാനപ്പെട്ട അംഗത്തിന് പ്രസംഗം തുടരാവുന്നതാണ്.

ശ്രീ. വി. ശശി: സർ, ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2023-24 സാമ്പത്തിക വർഷത്തെ കേരള ബഡ്ജറ്റ് വ്യവസായ മേഖലയുടെ തിളക്കം കൂട്ടുമെന്ന കാര്യത്തിൽ സംശയമില്ല. വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് കരുത്തുപകരുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ബഡ്ജറ്റിലുണ്ട്. സംസ്ഥാനത്തെ ആഭ്യന്തര ഉത്പാദനവും തൊഴിൽ സംരംഭക നിക്ഷേപ അവസരങ്ങളും വർദ്ധിപ്പിക്കാനുള്ള ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ ഈ രംഗത്തേക്ക് കടന്നുവരുന്ന നവസംരംഭകർക്ക് ആവേശം പകരുന്നവയാണ്. കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നങ്ങൾ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കാൻ സാധ്യതയുള്ളവയെ കണ്ടെത്തി അവയുടെ ഉത്പാദനത്തിന് പിന്തുണ നൽകുകയാണ് 'മേക്ക് ഇൻ കേരള' പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ രൂപീകരണത്തിൽ ബന്ധപ്പെട്ട സംരംഭക ഗ്രൂപ്പുകളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുകയും കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന

സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകുകയും ചെയ്യുന്നുണ്ട്. വ്യവസായ വകുപ്പ് 2022-23-ൽ ആരംഭിച്ച സംരംഭക വർഷ പദ്ധതിയുടെ വിജയമാണ് മേക്ക്-ഇൻ-കേരള പദ്ധതി ഏറ്റെടുക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചത്. പദ്ധതി കാലയളവിൽ 1000 കോടി രൂപ അനുവദിക്കുമെന്നും ബഡ്ജറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള സംരംഭങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത ആയിരം സംരംഭകർക്ക് നാലുവർഷം കൊണ്ട് ഒരുലക്ഷം കോടി രൂപ വിറ്റുവരവ് പ്രതീക്ഷിക്കുന്ന ഒരു *സ്കെയിൽ അപ്* പാക്കേജും ഇതോടൊപ്പം പ്രഖ്യാപിച്ചിട്ടുണ്ട്.

നാം ഇന്ന് നാലാം വ്യവസായ വിപ്ലവത്തിന്റെ കാലത്താണ് ജീവിക്കുന്നത്. സമൂഹത്തെ മുമ്പെങ്ങുമില്ലാത്തവിധം മാറ്റാൻ സജ്ജമാവുകയാണ്. ആദ്യത്തെ മൂന്ന് വ്യവസായ വിപ്ലവങ്ങളുടെ അടിത്തറയാണ് നാലാം വ്യവസായ വിപ്ലവത്തിന് തുടക്കം കുറിക്കുന്നത്. 18-ാം നൂറ്റാണ്ടിൽ ആവി എഞ്ചിന്റെ ആവിർഭാവം ലോകത്തെ ആദ്യത്തെ വ്യവസായ വിപ്ലവത്തിലേക്ക് നയിച്ചു. ഉത്പാദനം ആദ്യമായി യന്ത്രവൽക്കരിക്കാൻ ആരംഭിച്ചു. ആളുകൾ കൂടുതൽ നഗരങ്ങളിലേയ്ക്ക് ചേക്കേറിയപ്പോൾ സാമൂഹ്യ മാറ്റത്തിന് കാരണമായി. രണ്ടാം വ്യവസായ

വിപ്ലവത്തിൽ വൈദ്യുതിയും മറ്റ് ശാസ്ത്രീയ മുന്നേറ്റങ്ങളും വൻതോതിലുള്ള ഉത്പാദനത്തിലേക്ക് നയിച്ചു. 1950 മുതൽ ആരംഭിച്ച മൂന്നാം വ്യവസായ വിപ്ലവത്തിൽ കമ്പ്യൂട്ടറുകളുടെ, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ആവിർഭാവം കണ്ടു. നാലാം വ്യവസായ വിപ്ലവം മനസ്സിലാക്കാനുള്ള ഏറ്റവും അനുയോജ്യമായ മാർഗ്ഗം അതിനെ നയിക്കുന്ന സാങ്കേതികവിദ്യകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ്. കേരളത്തിലെ വ്യവസായമേഖലകളും നാലാം വ്യാവസായിക വിപ്ലവത്തിലേക്ക് കടന്നുകഴിഞ്ഞു. ഇവ ഉൾപ്പെടുന്നവയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. വെബ് 3 - ഇന്റർനെറ്റിന്റെ മൂന്നാമത്തെ ആവർത്തനമാണ്. ബ്ലോക്ക് ചെയിൻ ടെക്നോളജി, വേഗതയേറിയ കമ്പ്യൂട്ടർ പ്രോസസ്സിംഗ്, വെർച്വൽ റിയാലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി, ബയോടെക്നോളജി, പുതിയ ഔഷധങ്ങളും വസ്തുക്കളും വികസിപ്പിക്കൽ, കൂടുതൽ കാര്യക്ഷമമായ വ്യവസായ ഉൽപ്പാദന പാക്കേജുകൾ, പുതിയ ഊർജ്ജ സ്രോതസ്സുകൾ, ഇതുമായി ബന്ധപ്പെട്ട മേഖലകൾ, റോബോട്ടിക്സ്, വ്യക്തിഗതവും വാണിജ്യപരവുമായ ഉപയോഗത്തിനായി റോബോട്ടുകളുടെ രൂപകൽപ്പന, നിർമ്മാണം എന്നിവ ഈ മേഖലയിൽ ഉൾപ്പെടുന്നു. ഇന്റർനെറ്റ് ഓഫ് തിംഗ്സ് (IOT), 3 D

പ്രിന്റിംഗ് കൂടാതെ പ്ലാസ്റ്റിക് ലോഹസങ്കരങ്ങൾ, ബയോമെറ്റീരിയൽ എന്നിവയുൾപ്പെടെയുള്ള നൂതന സാമഗ്രികൾ, ഉൽപ്പാദനം, പുനരുപയോഗങ്ങൾ എന്നീ മേഖലകളിലെല്ലാം നിരവധി ഗവേഷണങ്ങളും ഉത്പാദന പ്രവർത്തനങ്ങളും - വികസിത രാജ്യങ്ങൾക്കൊപ്പം നമ്മളും മുന്നേറുകയാണ്. ഇതേ ലക്ഷ്യത്തോടെ നിരവധി പ്രവർത്തനങ്ങൾ കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞു. അതിന് തുടർച്ചയായി ഈ ബഡ്ജറ്റിലും ധാരാളം നിർദ്ദേശങ്ങളുണ്ട്. ന്യൂട്രാസ്യൂട്ടിക്കൽസ് രംഗത്തെ മികവിന്റെ കേന്ദ്രം, മൈക്രോബയോം - മികവിന്റെ കേന്ദ്രം, ഗ്രാഫീൻ സംബന്ധിച്ച ഇന്നൊവേഷൻ സെന്റർ തുടങ്ങി ധാരാളം പദ്ധതികൾ നവകേരളം മുന്നിൽ കണ്ടുകൊണ്ടുള്ള വ്യവസായ വികസനത്തിനുള്ള പദ്ധതികളായി ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. കേരളത്തെ വികസിത രാജ്യത്തിന് സമാനമായ ഒരു ജീവിത സൗകര്യത്തിലേയ്ക്ക് നയിക്കുന്ന ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും അംഗീകരിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. സനീഷ്കുമാർ ജോസഫ്, ശ്രീ. സി. ആർ. മഹേഷ്, ചെയറിന്റെ മുഖം മറച്ചുകൊണ്ട് ബാനർ പിടിച്ചുനിൽക്കുന്നരീതി സഭാചട്ടങ്ങളുടെ ലംഘനമാണ്. ഇത് ആവർത്തിക്കുന്നത് ശരിയല്ല.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും ഞാൻ പിന്താങ്ങുന്നു. സഭയിലെ പ്രതിപക്ഷനേതാവും എ.ഐ.സി.സി. നേതാക്കന്മാരുംകൂടി ഗൂഢാലോചന നടത്തി നിരന്തരമായി നിയമസഭയുടെ പ്രവർത്തനങ്ങളെ സ്തംഭിപ്പിക്കാൻ ബോധപൂർവ്വമായ പരിശ്രമം നട<u>ത്തു</u>കയാണ്. പ്രളയത്തെയും ഓഖിയെയും നിപയെയും കോവിഡിനെയുമൊക്കെ അതിജീവിച്ച കേ10.50-11.00 (su)രളത്തിലെ അതിജീവനത്തിന്റെ കരുത്ത് ഇല്ലാതാക്കാൻവേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമം ഒരുപറ്റം മാധ്യമങ്ങളെ ഉപയോഗിച്ചുകൊണ്ട് നിർവ്വഹിക്കാമെന്നുള്ള ധാരണയാണ് അവർക്കുള്ളത്. ആ പരിപ്പ് കേരളത്തിൽ വേകില്ലെന്ന് പ്രഖ്യാപിക്കുന്ന അത്യുജ്ജ്വലമായ ജനകീയ മുന്നേറ്റം കേരളത്തിൽ നടക്കുകയാണ്. ആ മുന്നേറ്റത്തിൽ വിറളിപൂണ്ടാണ് സഭാനടപടികൾ സ്തംഭിപ്പിക്കാൻ പ്രതിപക്ഷം ഇത്തരം പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ വികസനകാര്യങ്ങൾ ഈ സഭയ്ക്കകത്ത് ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ആ വികസനകാര്യങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് വ്യവസായരംഗത്ത് നേടിയെടുത്ത നേട്ടങ്ങളൊരോന്നും.

ആ നേട്ടങ്ങൾ തകർക്കാൻ ശ്രമിക്കുന്നവർ ഒരു കാര്യം തിരിച്ചറിയേണ്ടതുണ്ട്. സംസ്ഥാനത്ത് വിവിധതരം സംരംഭങ്ങൾ രൂപപ്പെടുന്നുണ്ട്. ബൈജ്യൂസ് മുതൽ അച്ചാർ നിർമ്മാണവും വിവിധങ്ങളായ കുടുംബശ്രീ ഉൽപ്പന്നങ്ങളുമെല്ലാംതന്നെ ഉൾപ്പെട്ടതാണ് നമ്മുടെ സംസ്ഥാനത്തിന്റെ സംരംഭങ്ങൾ ഓരോന്നും. ഈ നിലയിൽ സ്ത്രീകൾ ധാരാളമായി പുതിയ സംരംഭകത്വത്തിലേയ്ക്ക് കടന്നുവരുന്ന കാഴ്ച നമ്മൾ കാണുകയാണ്. അത്തരം ഉൽപ്പന്നങ്ങൾ സംസ്ഥാനത്ത് വിറ്റഴിക്കുന്നതിനും കടൽകടന്ന് ഈ ഉൽപ്പന്നങ്ങൾ കൊണ്ടുപോകുന്നതിനുമൊക്കെ കഴിയാവുന്ന രീതിയിലുള്ള പ്രവർത്തന പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. അത്തരം പ്രവർത്തന പദ്ധതികളുടെ ഭാഗമായി ഉൽപ്പാദനരംഗത്ത് വൻതോതിലുള്ള തൊഴിലവസരങ്ങൾ നൽകുന്നതിനാവാശ്യമായ സാധ്യതകൾ സംസ്ഥാനത്ത് രൂപപ്പെട്ടുവരുന്നുണ്ട്. അങ്ങനെ രൂപപ്പെട്ടുവരുന്നതിൽ ഏറ്റവും കൂടുതൽ വിഷമം അനുഭവിക്കുന്നത് കേരളത്തിലെ പ്രതിപക്ഷമാണ്, കേന്ദ്ര ഭരണകക്ഷിയാണ്. അവരുടെ വിഷമം വ്യത്യസ്തരീതിയിൽ കേരളത്തിലെ ഒരു വിഭാഗം മാധ്യമങ്ങളെ ഉപയോഗപ്പെടുത്തി പ്രചരിപ്പിക്കാനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തുള്ള അത്തരം

വികസന പ്രവർത്തനങ്ങളെ തകർക്കാനുള്ള ബോധപൂർവ്വമായ ശ്രമത്തെ അർഹിക്കുന്ന അവജ്ഞയോടുകൂടി തള്ളിക്കളയണമെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. കൊറോണ സാഹചര്യത്തിനുശേഷം രൂപപ്പെട്ട ഒരു അന്തരീക്ഷത്തിലാണ് ഈ വളർച്ചയുണ്ടായിട്ടുള്ളത്. 135513 എം.എസ്.എം.ഇ.-കളാണ് കഴിഞ്ഞ ഒരു വർഷംകൊണ്ട് കേരളത്തിൽ ഉണ്ടായിട്ടുള്ളത്. ഇതിലൂടെ മൂന്ന് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഈ നിലയിലുള്ള പ്രവർത്തനങ്ങൾ കേരളത്തിൽ നടക്കുകയാണ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നായി വിൽക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിക്കുകയാണ്. അങ്ങനെ വിൽക്കാൻ തീരുമാനിച്ച വ്യവസായ സ്ഥാപനങ്ങളെ വാങ്ങി ജനോപകാരപ്രദമായി ഉപയോഗിക്കുകയെന്നതാണ് കേരള ഗവൺമെന്റ് ചെയ്യുന്ന പ്രവർത്തനം. കേന്ദ്ര ഗവൺമെന്റ് വിറ്റുതുലയ്ക്കാൻ ശ്രമിച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കേരള പേപ്പർ പ്രൊഡക്ട്സായി മാറിയിരിക്കുന്നു. 10 പത്രസ്ഥാപനങ്ങൾക്ക് പേപ്പർ കൊടുക്കുന്ന സ്ഥാപനമായി അത് മാറി. ഇതൊരു മാതൃകയാണ്. ഇത് ഇന്ത്യയിൽ എവിടെയെങ്കിലുമുണ്ടോ; കേരളത്തിലെ ഒരു മുതലും വിൽക്കാൻ

ഈ ഗവൺമെന്റ് തയ്യാറല്ല. കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ചർച്ച ചെയ്യുന്നവർ വിൽപ്പനയെക്കുറിച്ച് എന്തുകൊണ്ട് പറയുന്നില്ല; കേരള ഗവൺമെന്റ് ഒന്നും വിൽക്കുന്നില്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. ഇന്ത്യാ ഗവൺമെന്റ് രാജ്യത്തിന്റെ സമ്പത്തായ റെയിൽവെയും എയർ ഇന്ത്യയും വിൽക്കാൻ തീരുമാനിക്കുകയും എയർ ഇന്ത്യ ടാറ്റയ്ക്ക് കൊടുക്കുകയും ചെയ്തിരിക്കുന്നു. ഇതൊന്നും ചെയ്യാത്ത ഒരു ഗവൺമെന്റിനെയാണ് നിങ്ങൾ വ്യവസായ സൗഹൃദമല്ലെന്ന് പറഞ്ഞ് പുച്ഛിക്കാൻ ശ്രമിക്കുന്നത്. ഈ സാഹചര്യത്തിൽ ഇന്ത്യയിലെ വ്യവസായ അന്തരീക്ഷം ചർച്ച ചെയ്യണം. ബി.ജെ.പി.-യുടെ 'മേക്ക് ഇൻ ഇന്ത്യ' പ്രഖ്യാപിച്ചു. എന്നാൽ അതിനുള്ള അന്തരീക്ഷം രാജ്യത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ? വ്യവസായം വരണമെങ്കിൽ നല്ല രാഷ്ട്രീയ അന്തരീക്ഷം വേണം, തൊഴിൽ നൈപുണ്യമുള്ള ജനതവേണം, പ്രകൃതി വിഭവം വേണം, അടിസ്ഥാന സൗകര്യങ്ങൾ വേണം, വൈദ്യുതി-ഇന്റർനെറ്റ് സൗകര്യങ്ങൾ വേണം, ശാസ്ത്ര-സാങ്കേതികവിദ്യ വേണം. ഇതിനായി കണ്ടുപിടുത്തങ്ങൾ നടത്തണം. ഇങ്ങനെ നിരവധി ഘടകങ്ങൾ കൂടിച്ചേരുന്നതാണ് ഒരു രാജ്യത്തിന്റെ വ്യവസായ അന്തരീക്ഷം. ഇക്കാര്യത്തിൽ കേന്ദ്രം ഭരിച്ച കോൺഗ്രസ്സും ബി.ജെ.പി.-യും എന്ത്

മുന്നേറ്റമാണുണ്ടാക്കിയത്; രാജ്യത്തിന്റെ വിദ്യാഭ്യാസകാര്യംതന്നെ നോക്കാം, ഇക്കണോമിക് സർവ്വേ അനുസരിച്ച് ഇന്ത്യയിലെ 34 ശതമാനം സ്കൂളുകളിൽ മാത്രമാണ് ഇന്റർനെറ്റുള്ളത്, 47 ശതമാനം വിദ്യാലയങ്ങളിലാണ് കമ്പ്യൂട്ടറുകളുള്ളത്. കേരളത്തിൽ ഏതെങ്കിലും വിദ്യാലയത്തിൽ ഇന്റർനെറ്റും കമ്പ്യൂട്ടറും ഇല്ലാത്തതായുണ്ടോയെന്ന് നാം തിരിച്ചറിയണം. അരി വെന്തോയെന്ന് അറിയാൻ എല്ലാ വറ്റും ഞെക്കി നോക്കേണ്ട കാര്യമില്ല. ഇന്ന് കേരളത്തിൽ വൈദ്യുതി എത്താത്ത ഏതെങ്കിലും വിദ്യാലയമുണ്ടോ; അങ്കണവാടികളിൽപ്പോലും ഇപ്പോൾ വൈദ്യുതി എത്തിയിട്ടുണ്ട്. എന്നാൽ വൈദ്യുതിയില്ലാത്ത 11 ശതമാനം വിദ്യാലയങ്ങൾ രാജ്യത്തുണ്ടെന്ന് നാം മനസ്സിലാക്കണം. ഇതുപോലെ വ്യവസായത്തിന് അത്യാവശ്യം വേണ്ട ഒന്നാണ് ഇന്റർനെറ്റ്. വികസിത രാജ്യങ്ങളിലെ ഇന്റർനെറ്റ് സ്പീഡിന്റെ അഞ്ചിലൊന്ന് മാത്രമാണ് നമ്മുടെ രാജ്യത്തെ ഇന്റർനെറ്റിന്റെ സ്പീഡ്. ഇവിടെയാണ് കേരളം വ്യത്യസ്തമാകുന്നത്. ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിൽ ജനങ്ങൾക്ക് ഇന്റർനെറ്റ് കൊടുക്കാൻ അവകാശമുള്ള ഏക സംസ്ഥാനം കേരളമാണെന്ന് ഓർമ്മിക്കണം. എന്റെ നിയോജകമണ്ഡലത്തിലെ 100 ബി.പി.എൽ. കുടുംബങ്ങൾക്ക് ഒപ്റ്റിക്കൽ

കേബിൾ വലിച്ച് സൗജന്യമായി കെ-ഫോൺ കണക്ഷൻ കൊടുത്തുകഴിഞ്ഞു. സൗജന്യമായും സബ്സിഡിയായും ഹൈസ്പീഡ് ഇന്റർനെറ്റ് ലഭിക്കുന്ന സാഹചര്യം വ്യവസായത്തിനും തൊഴിലിനുമുണ്ടാക്കുന്ന സാധ്യത വലുതാണ്. ഇക്കാര്യം പ്രതിപക്ഷവും ഒരുപറ്റം മാധ്യമങ്ങളും കാണാതെ പോകുന്നു. കേരളത്തിലെ സംരംഭകത്വം വളരെ മോശമെന്ന് പ്രചരിപ്പിക്കുന്നവർ ഈ മാറ്റങ്ങൾകൂടി കാണണം.

വടക്കാഞ്ചേരി മണ്ഡലത്തിലെ ഒന്നുരണ്ട് കാര്യങ്ങൾകൂടി സൂചിപ്പിക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. വടക്കാഞ്ചേരി മണ്ഡലത്തിലെ കൈപ്പറമ്പ് പഞ്ചായത്തിലെ വേളക്കോട്-അയ്യൻകുന്ന്, വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ അത്താണി വ്യവസായ എസ്റ്റേറ്റ് എന്നിവയെല്ലാം ചേർത്ത് 100 ഏക്കറോളം സ്ഥലം വ്യവസായ എസ്റ്റേറ്റുകൾക്കായുണ്ട്. ഈ 100 ഏക്കർ സ്ഥലത്തായി 120 സ്ഥാപനങ്ങൾ നൂറുകണക്കിന് തൊഴിലാളികൾക്ക് നേരിട്ടും ആയിരക്കണക്കിന് തൊഴിലാളികൾക്ക് പരോക്ഷമായും തൊഴിൽ നൽകുന്ന സാഹചര്യമാണ് നിലവിലുള്ളത്. 100 കോടി രൂപയാണ് ജി.എസ്.ടി. ഇനത്തിൽ ഈ സ്ഥാപനങ്ങളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്. ഏകദേശം 50 കോടി രൂപയുടെ വൈദ്യുതി

ബില്ലും അവർ അടക്കുന്നുണ്ട്. ഈ വ്യവസായ എസ്റ്റേറ്റുകളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. കേരളത്തിനുതന്നെ മാതൃകയായ ഫയർ സംരക്ഷണ വാട്ടർലൈൻ പദ്ധതി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ആയത് ഈ വർഷംതന്നെ ഏറ്റെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വടക്കാഞ്ചേരി മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ഒരു വ്യവസായമായിരുന്ന വൈരക്കൽ വ്യവസായം കൈപ്പറമ്പ്-തോളൂർ പഞ്ചായത്തുകളിലായി വ്യാപിച്ചുകിടന്നിരുന്നു. ഒരു കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിച്ച് ഈ രംഗം പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വടക്കാഞ്ചേരിയിലെ വ്യവസായ എസ്റ്റേറ്റുകളെയും സംരംഭകരെയും സീ-മെറ്റുമായി ബന്ധിപ്പിച്ച് നിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന ഒരു പദ്ധതി ആവിഷ്കരിക്കണം. വിരുപ്പാക്ക സ്പിന്നിംഗ് മില്ലിന്റെ പ്രൊഡക്ഷൻ നിലച്ചിരിക്കുന്നതിനാൽ അത് അടിയന്തരമായി പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ ആരംഭിക്കണം. കെ.എസ്.ഇ.ബി.എൽ. രംഗത്ത് പവർ കട്ട് ഇല്ലാത്ത സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. പവർ കട്ട് ഇല്ലാത്ത സംസ്ഥാനം മാത്രമല്ല, നിലവിൽ വൈദ്യുതി സൗജന്യമായി കൊടുക്കുന്ന ഒരു സംസ്ഥാനമായും കേരളം നിലനിൽക്കുകയാണ്. കഴിഞ്ഞ ആറ്

കൊല്ലക്കാലമായി പവർ കട്ട് ഇല്ലാതെ അനുസ്യൂതം വൈദ്യുതി കൊടുക്കാൻ കഴിയുന്ന ഒരു സംസ്ഥാനമായി കേരളം നിലനിൽക്കുകയാണെന്ന് നാം തിരിച്ചറിയണം. വടക്കാഞ്ചേരി മണ്ഡലത്തിലെ മുണ്ടൂരിലെ 33 കെ.വി. സബ് സ്റ്റേഷനെ 110 കെ.വി. സബ് സ്റ്റേഷനായി ഉയർത്താൻ നടപടി സ്വീകരിക്കണമെന്നും തൃശ്ശൂർ മെഡിക്കൽ കോളേജിൽ 33 കെ.വി. സബ് സ്റ്റേഷൻ അനുവദിക്കണമെന്നും ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. വടക്കാഞ്ചേരി ടൗണിൽ റിംഗ് മെയിൻ യൂണിറ്റും 111 കെ.വി. അണ്ടർഗ്രൗണ്ട് കേബിളും സ്ഥാപിക്കണമെന്ന നിർദ്ദേശംകൂടി വയ്ക്കുകയാണ്. ചൂലിശ്ശേരിയിലെ പോൾ കാസ്റ്റിംഗ് യൂണിറ്റിന്റെ നിർമ്മാണം വേഗത്തിലാക്കണം. പുതിയ ഒട്ടേറെ പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. വടക്കാഞ്ചേരി മണ്ഡലത്തിൽ പുതിയതായി രജിസ്റ്റർ ചെയ്ത 1191 സംരംഭങ്ങളാണ് ഒരു വർഷംകൊണ്ട് ഉണ്ടായിട്ടുള്ളതെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെ അപകീർത്തിപ്പെടുത്താൻ യു.ഡി.എഫ്.-ന്റെയും കേന്ദ്ര ഭരണകക്ഷിയുടെയും ഒരുപറ്റം മാധ്യമങ്ങളുടെയും നേതൃത്വത്തിൽ നടക്കുന്ന എല്ലാ കുത്സിതശ്രമങ്ങളെയും അതിജീവിക്കാനുള്ള കരുത്ത് ഈ

ഗവൺമെന്റിന് ഉണ്ടാകുമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, വ്യവസായമെന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുതിയെന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഇവിടെ പ്രതിപക്ഷം കാണിക്കുന്ന കോമാളിത്തരങ്ങൾ കേരളത്തിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. പ്രതിപക്ഷാംഗങ്ങളോട് എല്ലാ ബഹുമാനത്തോടുംകൂടി ഞാൻ ചോദിക്കട്ടെ; കേരളത്തിൽ വൈദ്യുതിയില്ലെന്ന് പറഞ്ഞുകൊണ്ട്, മാർച്ച് മാസത്തിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് വൈദ്യുതി ലഭിക്കുന്നില്ലെന്ന് പറഞ്ഞുകൊണ്ട് ഒരു അടിയന്തരപ്രമേയം കൊണ്ടുവരാൻ നിങ്ങൾക്ക് സാധിച്ചോ? കഴിഞ്ഞ ഏഴ് വർഷത്തെ ഇടതുപക്ഷ ഗവൺമെന്റിന്റെ വൈദ്യുതി മേഖലയിലെ പ്രവർത്തനംകൊണ്ടാണ് ഒരു തടസ്സവുമില്ലാതെ കേരളത്തിലെ ജനങ്ങൾക്ക് വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ കോവിഡ് ഉണ്ടാക്കിയ പ്രതിസന്ധികൾ നമുക്കറിയാം. ആ പ്രതിസന്ധികൾ തരണംചെയ്തുകൊണ്ട് വ്യവസായ മേഖല കുതിപ്പിന്റെ പാതയിലാണ്. 2021-22 സാമ്പത്തിക വർഷത്തിൽ 18.16 ശതമാനമാണ് ഉത്പാദനമേഖലയിലെ വളർച്ച.

വ്യവസായ മേഖലയിൽ 17.3 ശതമാനം വളർച്ചയാണ് നേടിയത്. സംസ്ഥാനം നല്ല രീതിയിലുള്ള സംരംഭങ്ങൾക്ക് അനുകൂലമായി വ്യവസായ സാഹചര്യങ്ങൾ സൃഷ്ടിച്ചപ്പോൾ അതിനെതിരെ നിങ്ങൾക്ക് ഒന്നും പറയാനില്ല. കോട്ടയം ജില്ലയിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് എന്ന സ്ഥാപനം വിൽക്കുന്ന നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോയപ്പോൾ സംസ്ഥാന വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെയും മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ ആ സ്ഥാപനം വിലയ്ക്ക് വാങ്ങിക്കൊണ്ട് അവിടെ കേരളാ പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് സ്ഥാപിച്ചു. ഈ സംരംഭക വർഷത്തിൽ, കേരളത്തിൽ ഒരു ലക്ഷം സംരംഭകരെ സൃഷ്ടിക്കുകയെന്ന ലക്ഷ്യം നേടിയെടുക്കാൻ സാധിച്ചപ്പോൾ കേരളത്തിലെ മുഖ്യമന്ത്രിയേയും വ്യവസായ വകുപ്പുമന്ത്രിയേയും അതുപോലെതന്നെ കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ ഫിഷറീസ്, അഗ്രിക്കൾച്ചർ, ആനിമൽ ഹസ്ബൻഡറി, തൊഴിൽ, ടൂറിസം എന്നീ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് കർമ്മ പദ്ധതി തയ്യാറാക്കി. .....(ബഹളം)

<u>മി. സ്പീക്കർ</u>: പ്ലീസ്...പ്ലീസ് ശ്രീ. ജോബ് മൈക്കിളിന്റെ പ്രസംഗം തടസ്സപ്പെടില്ല. ..... ബിസിനസ്സ് നടക്കട്ടെ,

ശ്രീ. ജോബ് മൈക്കിൾ: അതിന്റെ ഭാഗമായി 1,33,569 സംരംഭങ്ങൾ ആരംഭിക്കുകയും 2,87,056 പേർക്ക് തൊഴിൽ സൃഷ്ടിക്കാനും കഴിഞ്ഞ ഒരു വകുപ്പാണ് കേരളത്തിലെ വ്യവസായ വകുപ്പ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ചട്ടം281(9) പ്രകാരം സഭാ നടപടികൾ തടസ്സപ്പെടുത്തുന്നതിനോ ശീൽക്കാര ശബ്ദം പുറപ്പെടുവിക്കുന്നതിനോ സഭയിൽ പ്രസംഗം നടന്നുകൊണ്ടിരിക്കുമ്പോൾ അഭിപ്രായപ്രകടനം നടത്താനോ പാടില്ലാത്തതുമാണ്. ഈ ചട്ടം പരിഗണിച്ചുകൊണ്ട് ഇപ്പോൾ സമാന്തരമായി സംസാരിച്ചുകൊണ്ടിരിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

മി. സ്പീക്കർ: ശ്രീ. ജോബ് മൈക്കിൾ തുടരൂ....

ശ്രീ. ജോബ് മൈക്കിൾ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നായി ലാഭത്തിലേയ്ക്ക് വരുന്ന കാഴ്ചയാണ് നാം കാണുന്നത്. ഇരുപത്തിമൂന്നോളം പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കാൻ സാധിച്ചതിന് കേരളത്തിലെ വ്യവസായ വകുപ്പിനെ അഭിനന്ദിക്കുകയാണ്. അതുപോലെ ഞാനിവിടെ സൂചിപ്പിച്ച, കേന്ദ്ര ഗവൺമെന്റ് വിൽപ്പനയ്ക്കായി വെച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്. എൻ. എൽ.) ഏറ്റെടുത്ത്

സ്ഥാപിച്ച കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് ഉത്പാദിപ്പിച്ച പേപ്പർ ഉപയോഗിച്ചാണ് ഇന്ന് ഇംഗ്ലീഷ് പത്രങ്ങളായ ദി ഹിന്ദു, ദി ബിസിനസ് സ്റ്റാൻഡേർഡ് അതോടൊപ്പം ആറ് മലയാള ദിനപ്പത്രങ്ങളും, രണ്ട് തെലുങ്ക് പത്രങ്ങളും, ഒരു തമിഴ് പത്രവും അച്ചടിച്ച് വിതരണം ചെയ്യുന്നതെന്ന കാര്യം കേരളത്തിലെ പത്രമാധ്യമങ്ങൾ ഓർക്കണം. ആ പത്രത്തിലാണ് കേരളത്തിലെ വ്യവസായ വകുപ്പുമന്ത്രിയേയും കേരള സർക്കാരിനേയും അപകീർത്തിപ്പെടുത്തിക്കൊണ്ട് കേരളത്തിലെ വ്യവസായ മേഖലയെ തകർക്കാൻവേണ്ടി, സംരംഭകരുടെ എണ്ണം ഒരു ലക്ഷമായില്ലെന്നുപറഞ്ഞ് വാർത്തകൾ പ്രസിദ്ധീകരിക്കുന്നത്. കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡിൽനിന്നും പേപ്പർ വാങ്ങിക്കൊണ്ട് കേരളത്തിലെ വ്യവസായ വകുപ്പുമന്ത്രിക്കെതിരെ വാർത്തകൾ പ്രസിദ്ധീകരിക്കുമ്പോൾ കേരളത്തിലെ ജനങ്ങൾ ഇതെല്ലാം കാണുന്നുണ്ടെന്ന കാര്യം നിങ്ങളോർക്കണം. ഇവിടെയിരിക്കുന്ന പ്രതിപക്ഷ നേതാവിനോട് ഞങ്ങൾക്ക് ചോദിക്കാനുള്ളത്, കേരളത്തിലെ വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട് ഒരു അടിയന്തരപ്രമേയമെങ്കിലും കൊണ്ടുവരാൻ അങ്ങേയ്ക്ക് കഴിഞ്ഞോ എന്നാണ്, നിങ്ങൾക്ക് അതിന് കഴിഞ്ഞില്ല. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി

പ്രവർത്തിക്കുന്ന ഗവൺമെന്റിനെ മോശമായി ചിത്രീകരിച്ച് കാണിക്കാനുള്ള ശ്രമത്തിനെ എന്തുവില കൊടുത്തും കേരളത്തിലെ ജനങ്ങൾ തിരച്ചറിയുമെന്നു പറഞ്ഞുകൊണ്ട്, ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, വ്യവസായ, വൈദ്യുതി വകുപ്പുകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഈ ചർച്ചയെ തടസ്സപ്പെടുത്തുംവിധം പ്രതിപക്ഷാംഗങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ പ്രസംഗ പരിശീലന പരിപാടി വളരെ അപഹാസ്യമാണ്. ജനാധിപത്യത്തിന്റെ ശ്രീകോവിലെന്നും കേരളത്തിലെ ജനങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ച്, ജനാധിപത്യപരമായ, സർഗ്ഗാത്മകമായ സംവാദങ്ങൾ നടക്കേണ്ട ഈ വേദി, ഇതുപോലെ അലങ്കോലപ്പെടുത്തുന്നത് കേരളത്തിലെ ജനങ്ങളോടുള്ള അവഹേളനമാണ്. ഇത് ചെകുത്താൻ വേദമോതുന്നതുപോലെയാണ്. കൊച്ചി നഗരത്തിലുണ്ടായ മാലിന്യ മലയും ആ സാമൂഹിക പ്രശ്നങ്ങളെയെല്ലാം വഴിതിരിച്ചുവിട്ടത് കൊച്ചി നഗരസഭയിലെ യു.ഡി.എഫ്. ഭരണസമിതിയാണെന്ന കാര്യം ആരും മറക്കേണ്ടതില്ല. ശ്രീമതി സൗമിനി ജെയിൻ മേയറായിരിക്കുമ്പോൾ

ഡെപ്യൂട്ടി മേയറായിരുന്ന ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. ജെ. വിനോദ്, അദ്ദേഹമാണ് ഇന്നിവിടെ നടക്കുന്ന ഈ സമരത്തിന് നേതൃത്വം കൊടുക്കുന്നത്. അതുപോലെ മുൻ മേയറും ഇപ്പോൾ കെ.പി.സി.സി. ഭാരവാഹിയായ ശ്രീ. ടോണി ചമ്മണി, അവരുടെയെല്ലാം കാലത്ത് ഈ മാലിന്യ നിർമ്മാർജ്ജന പദ്ധതിയുൾപ്പെടെ കൊച്ചി നഗരത്തിൽ അഴിമതി ഒരു കലയാക്കി മാറ്റിയവരാണ് ഇന്ന് കേരളത്തിനെ അപഹസിക്കുന്ന ഈ സമരത്തിന് നേതൃത്വം കൊടുക്കുന്നത്. ഇത് അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോട് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ വ്യവസായ മേഖലയിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ആധുനികവൽക്കരിച്ചും നവീകരിച്ചും സംരംഭങ്ങളുടെ എണ്ണത്തിൽ വലിയ വർദ്ധനയുണ്ടാക്കിയും ബിസിനസ്സ് ആരംഭിക്കുന്നതിനുള്ള കടമ്പകൾ ലഘൂകരിച്ചും സംരംഭകരോട് നേരിട്ട് ഇടപെട്ട് ലോകോത്തര വ്യാവസായിക അടിസ്ഥാന സൗകര്യം സൃഷ്ടിച്ചുകൊണ്ടും കേരളം മുന്നേറുകയാണ്. പരമ്പരാഗത മേഖലകളുടെ പുന:സംഘാടനത്തിനുൾപ്പെടെ മുൻകയ്യെടുത്ത കേരള സർക്കാരിനെയും വ്യവസായ വകുപ്പുമന്ത്രിയേയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്.

നമ്മുടെ വ്യവസായ സംരംഭക വർഷമുൾപ്പെടെയുള്ള ഇരുപതോളം വരുന്ന സമഗ്രമായ പദ്ധതികളിലൂടെ കേരളത്തിലൊരു വലിയ വ്യവസായ വിപ്ലവത്തിനും മുന്നേറ്റത്തിനും കേരള സർക്കാർ മാർഗ്ഗം തെളിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ പുതിയ ഉയരങ്ങൾ കൈവരിക്കുന്ന ഒരു കാലമാണിത്. 2021-22 വർഷത്തിൽ വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 41 പൊതുമേഖലാ സ്ഥാപനങ്ങൾ ഏതാണ്ട് 384.68 കോടി രൂപയുടെ പ്രവർത്തന ലാഭം കൈവരിച്ചു. 23 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുകയും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടം കുറച്ചുവരികയുമാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച്, 245.06 ശതമാനം വർദ്ധനയാണ് പ്രവർത്തന ലാഭത്തിലുണ്ടായിട്ടുള്ളത്. യു.ഡി.എഫ്. ഭരിക്കുന്ന എല്ലാക്കാലത്തും കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാവുകയും എന്നാൽ ഇടതുപക്ഷം അധികാരത്തിലെത്തുമ്പോൾ ലാഭത്തിലാവുകയും ചെയ്യുന്ന അത്ഭുതകരമായ കാഴ്ചയാണ് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ വ്യവസായ മേഖല ഇനിയും മുന്നേറേണ്ടതായിട്ടുണ്ട്. കേരളത്തിന്റെ മുന്നിൽ

ആകാശത്തോളം നമുക്ക് അവസരങ്ങളൊരുക്കുന്ന ധാരാളം കാര്യങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനം ഹൈഡ്രജൻ മേഖലയിലുള്ള വിപ്ലവമാണ്. രാജ്യത്ത് വരാനിരിക്കുന്ന ഹൈഡ്രജൻ വിപ്ലവത്തിന്റെ സാധ്യതകളെ സംസ്ഥാനത്തിന് പ്രയോജനപ്പെടുത്താനാകണം. പ്രപഞ്ചത്തിൽ സാധാരണയായി കാണപ്പെടുന്ന ഒരു മൂലകമാണ് ഹൈഡ്രജൻ. മറ്റ് മൂലകങ്ങളുമായി സംയോജിക്കുമ്പോഴാണ് ഹൈഡ്രജനെന്ന മൂലകമുണ്ടാകുന്നത്. വെള്ളത്തിൽനിന്നുമാണ് ഇത് പ്രധാനമായും വേർതിരിക്കുന്നത്. ഇപ്പോൾ അന്തരീക്ഷത്തിൽനിന്നുതന്നെ ഹൈഡ്രജൻ വേർതിരിക്കാൻ കഴിയുന്ന സാങ്കേതികവിദ്യകൾ നമ്മുടെ ശാസ്ത്രജ്ഞൻമാർ രൂപപ്പെടുത്തി കഴിഞ്ഞിരിക്കുകയാണ്. ഇരുമ്പും അതുപോലെ സ്റ്റീലും കെമിക്കലുമുൾപ്പെടെയുള്ള ഗതാഗത മേഖലകളിൽ ഹൈഡ്രജന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ പദ്ധതികളാവിഷ്കരിക്കണം. ഇതോടൊപ്പം എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട് ഈ ചർച്ചയിൽ ഉന്നയിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യം, തീരദേശവുമായി 25 കിലോമീറ്റർ അതിർത്തി പങ്കിടുന്ന ഒരു മണ്ഡലമാണ്, അവിടെ ഒരു ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി വ്യവസായ വകുപ്പ് സ്വീകരിക്കണം.

മാരിടൈം ബോർഡുമായി സഹകരിച്ചുകൊണ്ട് അതിന് മുൻകയ്യെടുക്കണം. മൈനർ പോർട്ട് ഡിക്ലയർ ചെയ്യാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. മേജർ പോർട്ടിന് മാത്രമാണ് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമായിട്ടുള്ളത്. അതുകൊണ്ട്, അവിടെയൊരു ഇൻഡസ്ട്രിയൽ പോർട്ട് എന്ന ആശയം സാധിച്ചെടുക്കുന്നതിനുവേണ്ടി വ്യവസായ വകുപ്പ് മുൻകയ്യെടുക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ വല്ലാർപാടം ICTT (International Container Transshipment Terminal) വന്നതിനുശേഷം മുളവുകാട് പഞ്ചായത്തിന്റെ വികസന സാധ്യതകൾ ഇന്ന് അടഞ്ഞിരിക്കുകയാണ്. മറ്റുവികസന പ്രവർത്തനങ്ങൾക്ക് തീരദേശ നിയമവും തണ്ണീർത്തട നിയമങ്ങളുമെല്ലാം തടസ്സങ്ങൾ സൃഷ്ടിക്കുന്നതുകൊണ്ട് എല്ലാ വികസന പ്രവർത്തനങ്ങളും അവിടെ മുരടിച്ചിരിക്കുകയാണ്. അവിടെ ICTT -ന് അനുബന്ധമായിട്ടുള്ള വ്യവസായങ്ങൾ തീരദേശ നിയമങ്ങളേയും അതുപോലെ തണ്ണീർത്തട നിയമങ്ങളേയും അതിജീവിക്കാൻ കഴിയത്തക്കവിധത്തിൽ ആരംഭിക്കുന്നതിന് ആ പ്രദേശത്തെ വിനിയോഗിക്കുന്നതിന് സർക്കാർ മുൻകയ്യെടുത്ത് പ്രത്യേകം അനുമതി നൽകണമെന്ന് വളരെ വിനയത്തോടെ

അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ: സർ, വ്യവസായം, വൈദ്യുതി എന്നിവയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ഈ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് പറയാനുള്ള എന്റെ അവകാശം നിഷേധിക്കുന്ന രീതിയിൽ ഇവിടെ നടുത്തളത്തിൽ ഇറങ്ങി നിന്ന് ശല്യം ചെയ്യുന്നവരുടെ പേരിൽ നടപടിയെടുക്കാതിരുന്നാൽ, അത് ശരിയല്ല. തെരുവ് തെമ്മാടികൾ പോലും ചെയ്യാനറയ്ക്കുന്ന രീതിയിലുള്ള പ്രവർത്തനമാണ് ഇപ്പോൾ പ്രതിപക്ഷത്തിന്റെ ആൾക്കാർ ഈ നടുത്തളത്തിലിരുന്ന്, ഏകാഗ്രതയോടെ എനിക്ക് ഈ വിഷയങ്ങൾ അവതരിപ്പിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയാണ്. പിണറായി സർക്കാർ രാജ്യത്തെ വികസന രംഗത്ത് വിസ്മയകരമായ മുന്നേറ്റവുമായി കുതിക്കുമ്പോൾ അത് സഹിക്കാൻ പറ്റാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള നെറികെട്ട പ്രവർത്തനം ഈ പ്രതിപക്ഷ കക്ഷികൾ ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇവർ ഒരിക്കലും നേരെയാകാൻ പോകുന്നില്ല, ഇന്ത്യാ രാജ്യത്ത് അഞ്ചിൽ നാല് ഭൂരിപക്ഷവും അതുപോലെ

എല്ലാ സംസ്ഥാനങ്ങളിലേയും അധികാരത്തിന്റെ അട്ടിപ്പേറുണ്ടായൊരു പാർട്ടിയുടെ പിൻതലമുറക്കാർ ഇങ്ങനെ അധഃപതിക്കുന്നൊരു അവസ്ഥയുണ്ടായാൽ എങ്ങനെ ഇവർ നേരെയാകും? ഇവരെ രക്ഷപ്പെടുത്താൻ വേണ്ടി നമ്മളൊക്കെ കൂട്ടുകൂടി എങ്ങനെയെങ്കിലും ബി.ജെ.പി.യെ തകർക്കാൻ ഒറ്റക്കെട്ടായി പ്രവർത്തനം നടത്തുമ്പോൾ വെള്ളത്തിൽ മുങ്ങുന്ന തേളിനെപ്പോലെയാണ് ഇവർ. തേളിനെപ്പിടിച്ച് രക്ഷപ്പെടുത്താൻ ശ്രമിച്ചാൽ തേള് കുത്തുകയാണ് ചെയ്യുക. അതിന്റെ വർഗ്ഗ സ്വഭാവം പ്രകടിപ്പിക്കുന്ന കോൺഗ്രസ്സ് നന്നാവില്ലെന്ന് തീർച്ചയായും ഈ രാജ്യത്തെ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. പുതിയകാലത്തിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി കൂടുതൽ നിക്ഷേപവും, തൊഴിലവസരവുമുണ്ടാക്കാനുതകുന്ന നിർദ്ദേശങ്ങൾ പിണറായി സർക്കാർ, പ്രത്യേകിച്ച് വ്യവസായത്തിന് നേതൃത്വം കൊടുക്കുന്ന നമ്മുടെ മന്ത്രി, പുതിയ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങൾ കേരളത്തിന്റെ വ്യവസായരംഗത്തെ കുതിപ്പിന് കളമൊരുക്കുമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. കേരളമിപ്പോൾ കൊച്ചു കേരളമല്ല, സർവ്വ രംഗത്തും കേരളം മറ്റു

സംസ്ഥാനങ്ങൾക്കും, മറ്റ് രാജ്യങ്ങൾക്കുതന്നെ മാതൃകയായി മാറിക്കൊണ്ടിരിക്കുന്നത് ഇവർക്ക് ദഹിക്കുന്നില്ല. കേരളം വ്യവസായ സൗഹൃദമല്ലെന്ന പ്രചാരണം ഏറ്റുപാടിയവരാണ് ഇവരും, കുറെ മാധ്യമങ്ങളും. ഇപ്പോൾ അതൊക്കെ പമ്പ കടക്കുന്നൊരു അവസ്ഥയിലേക്ക് കേരളം അനുദിനം മാറിക്കൊണ്ടിരിക്കുമ്പോൾ ഇവർക്ക് അസൂയയാണ്, അതാണ് ഇവർ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. വിദേശ രാജ്യങ്ങളിലെപ്പോലെ പഠനത്തോടൊപ്പം ജോലിയും തൊഴിൽ നൈപുണ്യവികസനവും സാധ്യമാക്കാനുള്ള രണ്ടാം പിണറായി സർക്കാരിന്റെ ശ്രമത്തെ തകർക്കാൻ ഒരു ശക്തിക്കും സാധ്യമല്ല. അത് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് ബോധ്യപ്പെടുമ്പോൾ പ്രതിപക്ഷങ്ങൾക്കും ചില മാധ്യമങ്ങൾക്കും മാത്രമാണ് ഈ കാര്യങ്ങൾ മനസ്സിലാകാത്തതെന്നാണ് നമുക്ക് ബോധ്യമാകുന്നത്. സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ എൽ.ഡി.എഫ്. ഭരണകാലത്ത് വൻ കുതിപ്പിലാണ്. യു.ഡി.എഫ്. ഭരണകാലത്ത് 132 കോടി രൂപ നഷ്ടത്തിലായിരുന്നത്, ഈ വർഷത്തെ പ്രവർത്തനലാഭം 386 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. വ്യവസായ വകുപ്പിന് കീഴിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളിൽ 23

എണ്ണവും പ്രവർത്തനലാഭം നേടിയെന്നത് പിണറായി സർക്കാരിന്റെ പൊതുമേഖലയോടുളള സമീപനമാണ് കാണിക്കുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് കേവലം 8 സ്ഥാപനങ്ങൾ മാത്രമായിരുന്നു ലാഭത്തിലുണ്ടായിരുന്നത്, ഇപ്പോൾ അത് 23 ആയി മാറിയെന്നത് ഇവർക്ക് ദഹിക്കുന്നില്ല, സഹിക്കുന്നില്ല, എന്നതുകൊണ്ടാണ് ഈ കോപ്രായങ്ങൾ ഇവിടെ കാട്ടിക്കൂട്ടുന്നതെന്നാണ് എനിക്ക് പറയാനുളളത്. കേരളത്തിന്റെ വ്യവസായ മേഖലയിൽ ഈ വർഷം 17.3 ശതമാനം വളർച്ചയുണ്ടായി, ഉൽപ്പാദന രംഗത്ത് ഇന്ത്യയിൽ കഴിഞ്ഞ വർഷത്തെ വളർച്ച 10.30 ശതമാനം മാത്രമാണ്. ഈ വർഷത്തെ സാമ്പത്തിക സർവ്വേ പ്രകാരം രാജ്യത്തിന്റെ ഉൽപ്പാദനരംഗത്തെ വളർച്ച 4.10 ശതമാനമായി കുത്തനെ കുറഞ്ഞപ്പോൾ കേരളത്തിൽ അത് 7 ശതമാനമായി. ....

<u>മി. സ്പീക്കർ</u>: വീഡിയോ റെക്കോർഡ് ചെയ്യുന്നത് ശരിയല്ല. ശ്രീ. റോജി...

<u>ശ്രീ. എ. പ്രഭാകരൻ</u>: .......(ബഹളം)...... ഇതൊക്കെ എന്റെ സമയം അപഹരിക്കുകയാണ്, തോന്ന്യവാസം, അവിടെ ഇരിക്കു, ഞാൻ പറയാനുളളത് പറയട്ടെ, നിങ്ങൾ ഇതൊക്കെ നിങ്ങളുടെ സീറ്റിൽ ഇരുന്ന

പറയൂ,..... കേരളം 28-ൽ നിന്നും 15-ാം സ്ഥാനത്തേക്കാണ് വ്യവസായിക രംഗത്തെ കേരളത്തിന്റെ മുന്നേറ്റം, അത് ഇവർക്ക് സഹിക്കുന്നില്ല. ....... (ബഹളം)...... നിങ്ങൾ നിങ്ങളുടെ സീറ്റിൽ പോയിരുന്ന സംസാരിക്കൂ.... കയ്യൊന്നും നീട്ടി സംസാരിക്കേണ്ട.

മി. സ്പീക്കർ: ശ്രീ. പ്രഭാകരൻ, അങ്ങ് സംസാരിക്കൂ..

ശ്രീ. എ. പ്രഭാകരൻ: കാർഷിക രംഗത്ത് 6.70 ശതമാനവും വ്യവസായ രംഗത്ത് 17.30 ശതമാനവും ഉൽപ്പാദനത്തിൽ 18.70 ശതമാനവും വളർച്ചയുണ്ടായി. ഈ വർഷം മാത്രം 1.29 ലക്ഷം സംരംഭങ്ങൾ തുടങ്ങാനായി. കേരളത്തിൽ 7825.21 കോടി രൂപയുടെ നിക്ഷേപത്തോടൊപ്പം 2.78 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചു. അതിൽ 41 ശതമാനം സ്ത്രീ സംരംഭകരാണെന്നത് ഈ കേരളത്തെ ഒരുപിടി മുന്നോട്ടുയർത്തുന്നതാണ്. ഈ വർഷം സംരംഭങ്ങൾ ആരംഭിച്ചവർക്ക് എല്ലാ ജില്ലകളിലും സൗജന്യ സേവനം നൽകാനുള്ള ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുന്നത് മനക്കരുത്തോടെ പുതിയ സംരംഭകർക്ക് മുന്നോട്ട് പോകാനുള്ള കരുത്തേകുമെന്ന കാര്യത്തിൽ തർക്കമില്ല. എന്റെ മണ്ഡലത്തിലെ കാര്യങ്ങളിലേക്ക് വരികയാണ്,

അപ്പോഴെങ്കിലും ഇത്തിരി മിണ്ടാതിരിക്കു, വളരെ പ്രധാനപ്പെട്ട കാര്യമാണ് ഞാൻ പറയാൻ പോകുന്നത്. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്നു പറയുന്ന കേരളത്തിന്റെ ഒരു പ്രസ്റ്റീജിയസ് സ്ഥാപനം, ആ യൂണിറ്റ് ഏറ്റെടുക്കാൻ കേരള സർക്കാർ തീരുമാനിച്ചുവെങ്കിലും സംസ്ഥാന സർക്കാർ മുൻപ് സൗജന്യമായി നൽകിയിട്ടുള്ള 124 ഏക്കർ ഭൂമിക്ക് ഇന്നത്തെ റേറ്റ് വച്ച് പണം വേണമെന്നു കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടപടികൾ മന്ദഗതിയിലാണ്. തുടക്കംതുമുതൽ ലാഭത്തിൽ പ്രവർത്തിച്ച ഈ സ്ഥാപനത്തെ ഒരു കാരണവശാലും സ്വകാര്യവത്കരിക്കാൻ അനുവദിക്കരുത്. കേരളം ഏറ്റെടുക്കുകതന്നെ വേണം, അതിനുള്ള ശ്രമം പുനരാരംഭിക്കണമെന്നാണ് വ്യവസായ വകുപ്പു മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ 50,000 കോടി രൂപയിലേറെ ആസ്തിയുള്ള ബി.ഇ.എം.എൽ. എന്ന മിനിരത്ന കമ്പനി, കേവലം 1800 കോടി രൂപയ്ക്ക് സ്വകാര്യ മുതലാളിമാർക്ക് വിൽക്കാനാണ് കേന്ദ്രം കരാറുണ്ടാക്കിയിട്ടുള്ളത്. 2009-ൽ എൽ.ഡി.എഫ്. സർക്കാർ 374 ഏക്കർ ഭൂമി ഏറ്റെടുത്ത് സൗജന്യമായി നൽകിയിരുന്നു. 150 ഏക്കർ സ്ഥലം മാത്രമാണ് ഫാക്ടറി വിനിയോഗിച്ചത്, ബാക്കി 224 ഏക്കർ

സംസ്ഥാനത്തിന് തിരികെ നൽകുമെന്ന് പറയുന്നു, അത് തിരിച്ചെടുക്കുകതന്നെ വേണമെന്നാണ് എന്റെ അഭിപ്രായം. സ്വകാര്യവത്കരണത്തിന് തയ്യാറെടുത്തുനിൽക്കുന്ന ഈ സ്ഥാപനം വലിയ പ്രതിസന്ധിയിലേക്ക് ഇപ്പോൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. പുതിയ കരാറുകളിൽ ഏർപ്പെടുന്നില്ല, മറ്റു സംരംഭങ്ങളിൽ ഇടപെടുന്നതിനുള്ള തടസ്സമുണ്ടാകുന്നു, വൻതോതിൽ ലാഭമുണ്ടാക്കുന്ന ഈ സ്ഥാപനം സ്വാഭാവികമായ മരണത്തിലേക്ക് നീങ്ങുകയാണ്, ഇവിടുത്തെ തൊഴിലാളികൾ സ്വകാര്യവത്കരണത്തിനെതിരെ ആരംഭിച്ച ചെറുത്തുനിൽപ്പ് സമരം, ഇന്നേക്ക് 796 തികയുകയാണെന്നുകൂടി ഞാൻ സഭയെ അറിയിക്കുകയാണ്. നഷ്ടത്തിന്റെ പേരിൽ അടച്ചുപൂട്ടി കേന്ദ്ര സർക്കാർ വിൽപ്പനയ്ക്കുവച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് അത് മൂന്നരവർഷം പൂട്ടിക്കിടന്നു, കേരള സർക്കാർ ഏറ്റെടുത്ത് അവിടെ ഉൽപ്പാദിപ്പിക്കുന്ന പേപ്പർ ഉപയോഗിച്ച് ഈ സർക്കാരിനെ അപമാനിക്കുന്ന പ്രവർത്തനങ്ങൾക്കും, പ്രചരണത്തിനും നേതൃത്വം കൊടുക്കുന്ന സംഭവം ഒരു വിചിത്രമായ ഏർപ്പാടാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26 മെഗാവാട്ട് സ്ഥാപിതശേഷയുള്ള ജലവൈദ്യുത പദ്ധതികൾ

സജ്ജമാക്കിയതുവഴി 50.16 ദശലക്ഷം യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ സാധിച്ചു. സൗരോർജ്ജ നിലയങ്ങളിൽ നിന്നും 443 മെഗാവാട്ട് വൈദ്യുതിയാണ് കൂട്ടിച്ചേർത്തത്. പൂർത്തീകരിച്ച 10 സബ്സ്റ്റേഷനുകൾ വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും വൈദ്യുതി കമ്പികൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി മൂന്ന് ലക്ഷം കിലോമീറ്റർ ലോ ടെൻഷൻ വിതരണ ലൈനുകളിൽ സ്പെയ്സറുകൾ സ്ഥാപിച്ചു. ട്രാൻസ്ഗ്രിഡ് പദ്ധതികൾ, ചാർജ്ജിംഗ് സ്റ്റേഷനുകൾ, ദ്യുതി 1,2, എന്നിവയൊക്കെ പുരോഗമിക്കുകയാണ്. കുറഞ്ഞ ചിലവിൽ ഇടതടവില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി, എല്ലാവരിലും എത്തിക്കുകയെന്ന ലക്ഷ്യത്തോടെ വൈദ്യുതി വകുപ്പ് അത്ഭുതാവഹമായ മുന്നേറ്റമാണ് നടത്തുന്നത്. ഇതിനൊക്കെപുറമേ, പീക്ക് ടൈമിൽ കൂടുതൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് നിരക്ക് കൂട്ടാൻ, സ്വകാര്യ കമ്പനികൾക്ക് കേന്ദ്രം അനുമതി നൽകിയപ്പോൾ എത്ര ഉയർന്ന തുകയ്ക്ക് വൈദ്യുതി വാങ്ങേണ്ടിവന്നാലും അധിക നിരക്ക് ഈടാക്കില്ലെന്ന കെ.എസ്.ഇ.ബി.യുടെ തീരുമാനത്തെ ഞാൻ അഭിനന്ദിക്കുന്നു.

വേനൽകാലത്ത് വൈദ്യുതി ഉപയോഗം വൻതോതിൽ വർദ്ധിക്കുന്ന സാഹചര്യത്തിൽപോലും സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധിയില്ലാതെ, വിതരണം തടസ്സപ്പെടാതെ ജാഗ്രത കാണിക്കുന്ന പിണറായി സർക്കാരിലെ വൈദ്യുതി മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയെ ആത്മാർത്ഥമായി അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. എന്റെ അനുഭവത്തിലെ ഒരു കാര്യം പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം, എന്റെ മണ്ഡലമായ അകത്തേതറ പഞ്ചായത്തിൽ നിന്ന് രാത്രി 2.20 ന് ഒരു ഫോൺ വരികയാണ്, 'എം.എൽ.എ. അല്ലേ, അതേയെന്നു പറഞ്ഞു, എന്റെ വീട്ടിനുമുൻപിൽ ഒരു മരം പൊട്ടിവീണു, മുരിങ്ങക്കമ്പ് പൊട്ടിവീണു, കറണ്ടില്ല,' ഞാൻ ആലോചിച്ചു ഞാൻ ഈ രാത്രി ആരെയാണ് വിളിച്ചു പറയുക? മന്ത്രിയെ വിളിക്കാൻ പറ്റുമോ, ഡെപ്യൂട്ടി സി.ഇ. യെ വിളിക്കാൻ പറ്റുമോ, എന്നൊക്കെ ആലോചിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ മുൻപ് വിളിച്ചയാൾ ലൈൻ നേരെയായെന്ന് വിളിച്ചുപറയുകയാണ്. അത്രയും ജാഗ്രതയോടുകൂടി,വിദ്യുച്ഛക്തി മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാരെയും ഈ അവസരത്തിൽ അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു.

(നടുത്തളത്തിൽ പ്രതിപക്ഷത്തിന്റെ പ്രതീകാത്മക സഭാനടപടികളും സമാന്തരപ്രസംഗവും തുടരുന്നു)

ശ്രീ. എം. നൗഷാദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. അങ്ങേയറ്റം പ്രതിലോമകരമായി പ്രവർത്തിക്കുന്ന ഒരു പ്രതിപക്ഷത്തോടും അങ്ങേയറ്റം ശത്രുതയോടുകൂടി പ്രവർത്തിക്കുന്ന കേന്ദ്രഭരണത്തോടും അനാശാസ്യതയുടെയും അക്രമണോത്സുകതയുടെയും അധാർമ്മികതയുടെയും വിശ്വരൂപംപൂണ്ട ഒരു കൂട്ടം മാധ്യമങ്ങളോടും ഇഞ്ചോടിഞ്ച് പോരാടിയാണ് നമ്മുടെ കേരളത്തെ ഭൂമിയിലെ സ്വർഗ്ഗമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റ് മുമ്പോട്ടുപോകുന്നത്. സ്വാമിവിവേകാനന്ദൻ 'ഭ്രാന്താലയം' എന്നുവിശേഷിപ്പിച്ച ഈ കേരളത്തെ നമ്മുടെ പൂർവ്വികർ 'ദൈവത്തിന്റെ സ്വന്തം നാട്' എന്നാക്കിമാറ്റിത്തന്നു, അതിനെ ഭൂമിയിലെ സ്വർഗ്ഗമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലഘട്ടത്തിലും രണ്ടാം പിണറായി ഗവൺമെന്റിന്റെ കാലഘട്ടത്തിലും മുമ്പോട്ടുപോകുമ്പോൾ എക്കാലത്തും ഇടങ്കോലിടൽ മാത്രമായിരുന്നു ഇവരുടെ പരിപാടി. ഇപ്പോൾത്തന്നെ കണ്ടില്ലേ, ഈ

നിയമസഭാ വേദിയിൽ അവർ സമാന്തരമായി പ്രസംഗിക്കുകയാണ്. അതങ്ങനെ നടക്കട്ടെ, കാരണമെന്താണെന്നോ? ഇവരുടെ മീറ്റിംഗുകളിൽപ്പോലും ഇവർക്ക് സ്വസ്ഥമായി സംസാരിക്കാൻ കഴിയില്ല, കെ. പി. സി. സി. യോഗത്തിലും സംസാരിക്കാൻ കഴിയില്ല. പ്രസംഗിക്കാനായി പുറത്ത് പോയാലോ, അവിടെ ജനം കൈകാര്യംചെയ്യും. ഇവിടെയാണെങ്കിൽ സംരക്ഷണമുണ്ടല്ലോ, ആ സംരക്ഷണമുള്ളതുകൊണ്ട് അവർ പ്രസംഗിക്കട്ടെ. മനസ്സുനിറഞ്ഞ് അവർ പ്രസംഗിക്കുകയാണ്, കരഞ്ഞുതീർക്കുകയാണെന്ന് സാധാരണ നമ്മൾ പറയുമല്ലോ, അതുപോലെ അവർ പറഞ്ഞുതീർക്കുകയാണ്. വേണമെങ്കിൽ അങ്ങനെ പറയാം. എന്താണതിന് പറയുക, നമ്മൾ കഴുതയെന്നുപറയുമല്ലോ; അതായത് കഴുത കരഞ്ഞുതീർക്കുമെന്നല്ലേ പറയുക? അതുപോലെ യു.ഡി.എഫ് -ഉം ഇവിടെ പറഞ്ഞുതീർക്കുകയാണ്. അവരുടെ സ്വപ്നങ്ങളെല്ലാം കരിയുന്നതിൽനിന്നുള്ള പ്രതിഫലനമാണ് ഈ കാണുന്നത്. ഇതെല്ലാം എന്നുതുടങ്ങിയതാണ്? ഇവർ ഇന്നും ഇന്നലെയും തുടങ്ങിയതല്ല, ഇത് ആദ്യത്തെ സംഭവവുമല്ല. ഇവർ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് കേരളത്തിലെ ജനങ്ങൾക്ക് നന്നായിട്ടറിയാം. കേരളത്തിന്റെ വികസനത്തിന് മാറ്റുകൂട്ടുന്ന ഗെയ്ൽ

പൈപ്പ്ലൈൻ പദ്ധതി നടപ്പിലാക്കുന്നതിനെ അതിശക്തമായി എതിർക്കുകയും അതിനെതിരെ സമരം ചെയ്യുകയും ചെയ്തവരാണ് ഇവരെന്ന് നമുക്കറിയാം. അതുപോലെതന്നെ നാഷണൽ ഹൈവേയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ജനങ്ങളെ സംഘടിപ്പിച്ച് ഇവർ സമരം ചെയ്തെങ്കിലും പൊതുജനം അതിനെയും തള്ളിക്കളഞ്ഞു. എന്നാൽ ജനങ്ങളെ ചേർത്തുനിർത്തിക്കൊണ്ട് പിണറായി ഗവൺമെന്റ് ആ ദൗത്യം പൂർത്തീകരിച്ചു. കേരളം കണ്ട മഹാപ്രളയകാലത്ത് ഇവർ ഗവൺമെന്റിനോട് സഹകരിക്കാതിരിക്കുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് പണം നൽകരുതെന്ന് പറയുകയുംചെയ്തു. പ്രളയകാലത്ത് ഉദ്യോഗസ്ഥരോടും അദ്ധ്യാപകരോടും പണം കടം ചോദിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവിറക്കിയപ്പോൾ, ആ ഉത്തരവ്പോലും കത്തിച്ച നികൃഷ്ട ജീവികളാണ് യു.ഡി.എഫ്.കാർ എന്നതും ഈ കേരളം കണ്ടതാണ്. അതിനുശേഷം കോവിഡ് മഹാമാരിക്കാലത്ത് ഗവൺമെന്റ് അതിനെ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങൾ നടത്തിയപ്പോൾ വാളയാറിൽ പോയി സമരം നടത്തി കോവിഡ് മഹാമാരി വ്യാപിപ്പിക്കാനും ഇവർ പരിശ്രമിച്ചു. 'മകൻ ചത്താലുംവേണ്ടില്ല, മരുമകളുടെ കണ്ണുനീര് കണ്ടാൽമതി' എന്നതാണ്

ഇവരുടെ നിലപാട്. ഇവരൊരിക്കലും നന്നാകില്ല, 'എന്നെ തല്ലേണ്ട അമ്മാവാ ഞാൻ നന്നാകില്ല' എന്നതാണ് ഇവരുടെ സ്ഥിതി. ഇവർ നന്നാകില്ലെന്നതിനുള്ള മറ്റൊരു തെളിവ് ഇതാ, ഇവർ റായ്പൂരിൽ പോകുകയും അവിടെ കോൺഗ്രസിന്റെ പ്ലീനറി സമ്മേളനം നടത്തുകയുംചെയ്തു. എന്നിട്ട് അവർ അവിടെയെടുത്ത തീരുമാനമെന്താണ്? എല്ലാവർക്കും മദ്യപിക്കാം എന്നാണ് തീരുമാനം. എല്ലാവർക്കും മദ്യപിക്കാമെന്ന് പറഞ്ഞുകൊണ്ട് ഒരു പ്ലീനറി സമ്മേളനം നടത്തി തീരുമാനമെടുത്തവരോട് പിന്നെ എന്തുപറഞ്ഞിട്ടും കാര്യമില്ല. 'ചെകുത്താനോട് വേദമോതിയിട്ട് കാര്യമുണ്ടോ'? നിങ്ങൾ ഒരിക്കലും നന്നാവില്ല, ഇത് നിങ്ങൾ തുടർന്നുകൊണ്ടേയിരിക്കും. ഇപ്പോൾ നിങ്ങളുടെ എണ്ണം 41 ഉണ്ട്, ഭാവിയിൽ അത് നാലായി മാറുമെന്നതിൽ ഒരു സംശയവുംവേണ്ട, കേരള ജനത ഇതെല്ലാം കണ്ടുകൊണ്ടിരിക്കുകയാണെന്ന് ഓർക്കണം. ഇവിടെ ഇതെല്ലാമാണ് പണിയെങ്കിൽ അവിടെ ഇവരുടെ എം.പി.മാരുടെ പണിയെന്താണ്? ഇവിടെയുള്ള എണ്ണത്തിന്റെ പകുതിയോളം എം.പി.മാർ അവിടെയുമുണ്ടല്ലോ. ഇവിടെ പ്ലക്കാർഡ് പിടിക്കുന്നു, സ്പീക്കറെ തടയുന്നു, നടുത്തളത്തിലിറങ്ങുന്നു, യോഗം നടത്തുന്നു. പക്ഷേ പ്രളയകാലത്ത്

കേരളത്തിന് നൽകിയ റേഷനരിയുടെ വില കേന്ദ്രഗവൺമെന്റ് തിരിച്ചുപിടിച്ചപ്പോൾ അവിടെ കമാന്ന് ഒരക്ഷരം പറയാൻ എം.പി.മാർക്ക് കഴിഞ്ഞിട്ടുണ്ടോ? 'സായിപ്പിനെ കാണുമ്പോൾ കവാത്ത് മറക്കും' എന്നുപറയുന്നതുപോലെ ബി.ജെ.പി.യെ കാണുമ്പോൾ ഇവർ കവാത്ത് മറക്കുന്നവരാണ്. പണം തിരിച്ചുപിടിക്കുക മാത്രമാണോ കേന്ദ്രം ചെയ്തത്? അതുമാത്രമല്ല, നമുക്ക് ലഭിക്കേണ്ട റേഷൻ കേന്ദ്രവിഹിതം 3.875 ശതമാനത്തിൽനിന്നും 1.92 ശതമാനമാക്കി കുറയ്ക്കുകയും 20000 കോടി രൂപ കേരളത്തിന് നഷ്ടപ്പെടുത്തുകയും ചെയ്തു, ആ പ്രവൃത്തിക്കെതിരെ ഇവർ കമാന്നൊരക്ഷരം മിണ്ടിയോ? നമുക്ക് ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരം അഞ്ച് വർഷത്തേയ്ക്കുകൂടി നീട്ടിത്തരണമെന്ന് ആവശ്യപ്പെട്ടപ്പോൾ അതിനുവേണ്ടി ഒരു കൈ ഉയർത്താനോ ഒരു മുദ്രാവാക്യമെങ്കിലും ഉയർത്താനോ അവർ തയ്യാറായില്ല. അതേസമയം ഇവിടെ കെ-റെയിൽ അടക്കമുള്ള വികസന പദ്ധതികൾ മുടക്കാനും ഇല്ലാതാക്കാനും എന്തൊരു ആവേശമായിരുന്നു. അതിനായി ഒരുമിച്ചുപോയി നിവേദനം കൊടുത്തവരല്ലേ? നമുക്കു ലഭ്യമാക്കുന്ന ജി.എസ്.ടി. വിഹിതം വർദ്ധിപ്പിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടപ്പോഴും ഇവർ

അതിനുവേണ്ടി ശബ്ദിക്കാതെയിരുന്നു. തിരുവനന്തപുരം വിമാനത്താവളം ലേലത്തിന് വച്ചപ്പോൾ അതിൽ പങ്കെടുത്ത കേരള ഗവൺമെന്റിന് അത് നൽകാതെ രാഷ്ട്രീയ തീരുമാനത്തിന്റെ ഭാഗമായി അദാനിക്ക് നൽകിയപ്പോൾ കമാന്ന് ഒരക്ഷരം എം.പി.മാർ മിണ്ടിയോ? എം.പി.മാരുടെ പണി ഇങ്ങനെയുള്ളതാണ്. അതേസമയം കേരളത്തിന് എതിരായി എന്ത് പ്രവർത്തനം നടത്തുന്നതിനും ഇവരുടെ എം.പി.മാർക്ക് യാതൊരു മടിയുമില്ലതാനും. അങ്ങനെ എം.പി.മാരും എം.എൽ.എ.മാരും ഒരേ തൂവൽ പക്ഷികളായി മാറിക്കൊണ്ട് ഒരേ നാണയത്തിന്റെ ഇരുവശങ്ങളായി കേരളജനതയെയും കേരളത്തിന്റെ നന്മകളെയും ഇല്ലാതാക്കാൻ പരിശ്രമിക്കുകയാണ്. ഇന്നത്തെ കേരളത്തിൽ പാവപ്പെട്ടവന്റെ മക്കൾക്ക് പഠിക്കാൻ ഹൈടെക് സ്കൂളുകളും അവർക്ക് ചികിത്സ തേടാൻ ഹൈടെക് ആശുപത്രികളുമുണ്ട്. അവർക്ക് കഴിക്കാൻ കൃത്യമായി റേഷനും അത് വാങ്ങിക്കാൻ കൃത്യമായി പെൻഷനും ലഭ്യമാകുന്നു. സമ്പൂർണ്ണ വൈദ്യുതീകരണവും സമ്പൂർണ്ണ സാക്ഷരതയും നേടിയ നാടായി ഈ കേരളത്തെ മാറ്റിത്തീർത്തത് ഇവർക്ക് സഹിക്കുന്നില്ല. ഇങ്ങനെതന്നെ ഇവയെല്ലാം തുടർന്നാൽ തങ്ങൾക്ക് ഇനിയൊരിക്കലും അധികാരത്തിലേയ്ക്ക്

തിരിച്ചുവരാൻ കഴിയില്ലെന്നുള്ള നിരാശയിൽനിന്ന് ഇവർ ഇതുപോലുള്ള കോപ്രായങ്ങൾ കാണിക്കുകയും അസംബന്ധങ്ങൾ പറയുകയും അസത്യങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുകയാണ്. മാധ്യമങ്ങൾ ഇവർക്ക് 'കൊച്ചിയെ കൊല്ലരുത്' എന്നതരത്തിലുള്ള മുദ്രവാക്യങ്ങൾ കൊടുക്കും, ഇവർ അത് ഏറ്റുപിടിക്കുകയും ചെയ്യും, ശരിയല്ലേ; പിന്നെ നിങ്ങൾ എങ്ങനെ നന്നാകും; എന്തുകൊണ്ടെന്നാൽ നിങ്ങളുടെ നേതാവ് ആരാണ്? 'സ്വപ്ന സുരേഷ്'. കള്ളക്കടത്ത് കേസിലെ പ്രതിയെ നേതാവായി അംഗീകരിച്ചുകൊണ്ട് രാഷ്ട്രീയപ്രവർത്തനം നടത്തുന്ന ഈ പാർട്ടികളുടെ അവസ്ഥ എന്തായിരിക്കും? സ്വപ്നയുടെ വാക്കുകളാണ് അവർക്ക് വേദവാക്യം. സ്വപ്ന വാക്യങ്ങളെ വേദവാക്യങ്ങളായി കാണുകയും ബി.ജെ.പി.യെ കാണുമ്പോൾ മുട്ടിടിക്കുകയുംചെയ്യുന്ന ഈ പ്രതിപക്ഷം കേരളത്തിന് അപമാനമാണ്. വ്യവസായങ്ങളുടെ ശവപ്പറമ്പായിരുന്ന ഈ കേരളത്തെ വ്യവസായങ്ങളുടെയും വ്യവസായികളുടെയും പറുദീസയാക്കി ഈ ഗവൺമെന്റ് മാറ്റിത്തീർത്തു. അധികാരമേറ്റ നാൾമുതൽ 'Meet the Minister' പരിപാടിവഴി എല്ലാ ജില്ലകളിലും സഞ്ചരിച്ച് വ്യവസായികളുടെ പ്രശ്നങ്ങൾ കേട്ടുകൊണ്ട് നല്ലൊരു വ്യാവസായിക അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട്

മുമ്പോട്ടുപോകുന്ന വ്യവസായ വകുപ്പും ലോഡ് ഷെഡിംഗും പവർകട്ടുമില്ലാതെ ജനങ്ങൾക്ക് സദാസമയവും വൈദ്യുതി ലഭ്യമാക്കുന്ന നാടാക്കി ഈ കേരളത്തെ മാറ്റിയ വൈദ്യുത വകുപ്പും മുമ്പോട്ടുപോകുമ്പോൾ ഈ നേട്ടങ്ങളെയെല്ലാം തച്ചുതകർക്കാൻ തങ്ങളാൽക്കൊണ്ട് എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന ചിന്തയിൽ മുമ്പോട്ടുപോകുന്ന ഈ പ്രതിപക്ഷം നമ്മുടെ കേരളത്തിന് അപമാനവും ശാപവുമാണ്, അത് മനസ്സിലാക്കാൻ കേരളത്തിലെ ജനതയ്ക്ക് നന്നായി കഴിയുന്നുമുണ്ട്. ഇതെല്ലാംതന്നെ കേരള ജനത കണ്ടുകൊണ്ടിരിക്കുകയാണ്. മനഃസമാധാനത്തോടെയും മറ്റ് ശല്യങ്ങളില്ലാതെയും തള്ളില്ലാതെയും അവർ പ്രസംഗിക്കുകയാണ്. യു.ഡി.എഫ്-ന്റെ യോഗങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ, സ്റ്റേജിൽ 50-ഉം താഴെ രണ്ടും ആളുകൾ എന്നാണ് അവിടെയുള്ള അവസ്ഥ. ഇത് പ്രസംഗം കേൾക്കാൻ ആളിനെ കിട്ടുന്ന ഒരു വേദിയാണ്. ഒന്നുമില്ലെങ്കിലും ഞങ്ങൾ ഇവിടെ ഇരിക്കുകയല്ലേ, അതുകൊണ്ട് അവർ പ്രസംഗിച്ചോട്ടെ, ജനം കണ്ടോട്ടെ, ഇതാണ് ഇവരെന്ന് ജനം തിരിച്ചറിയട്ടേ എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരുന്ന് സമാന്തര സഭ ചേർന്ന്

മുദ്രാവാക്യം വിളിച്ച് പ്രതിഷേധിച്ചുകൊണ്ടിരുന്നു.)

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. സംസ്ഥാനത്ത് ശ്രീ. പിണറായി വിജയൻ നയിക്കുന്ന സർക്കാർ വാഗ്ദാനങ്ങൾ നിറവേറ്റിക്കൊണ്ട് ജനങ്ങൾക്കുവേണ്ടിയുള്ള വികസന പ്രവർത്തനങ്ങൾ മാതൃകാപരമായി നടത്തുകയാണ്. മോദി സർക്കാരിന്റെ ഒരു ബദൽ സംവിധാനമെന്ന രീതിയിലുള്ള രാഷ്ട്രീയ ശക്തിയായി വളർന്നുകൊണ്ടിരിക്കുകയാണ് ശ്രീ. പിണറായി വിജയൻ നയിക്കുന്ന ഗവൺമെന്റും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും. സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയിൽ സമുജ്ജ്വലമായ മുന്നേറ്റമാണ് എവിടെയും ദർശിക്കാൻ കഴിയുന്നത്. ഈ സംസ്ഥാനത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനുവേണ്ടി ബഹുമാന്യരായ മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും വിദേശ രാജ്യങ്ങൾ സന്ദർശിച്ച് നടത്തിയിട്ടുള്ള വിപുലവും ശ്രദ്ധേയവുമായ മഹാ സംരംഭങ്ങൾക്ക് കേരളം സാക്ഷ്യം വഹിക്കുകയാണ്. അതുകൊണ്ടാണ് കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയത്. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്.

കേന്ദ്ര ഗവൺമെന്റാകട്ടെ സകല പൊതുമേഖലാ സ്ഥാപനങ്ങളെയും കോർപ്പറേറ്റ് ശക്തികൾക്ക് മുന്നിൽ അടിയറവ് വച്ചുകൊണ്ടിരിക്കുന്ന, അത്യന്തം ആപത്കരമായ വ്യവസായ നയവും സാമ്പത്തികനയവും സ്വീകരിക്കുന്നത് നമ്മൾ കാണുകയും ചെയ്യുന്ന അവസരത്തിലാണ് പിണറായി സർക്കാരിന്റെ ഈ നിലയിലുള്ള മുന്നേറ്റമെന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

രാജ്യം ഭരിക്കുന്ന ശക്തികൾതന്നെ രാജ്യത്തെ തീറെഴുതികൊടുക്കാൻ ശ്രമിക്കുന്ന സന്ദർഭത്തിലാണ് നമ്മുടെ സംസ്ഥാനത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ നടക്കുന്നത്. പരമ്പരാഗത വ്യവസായ മേഖലകളെ സംസ്ഥാന സർക്കാർ ശക്തിപ്പെടുത്താനുള്ള നടപടികളുമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാർ കയ്യൊഴിഞ്ഞ വെള്ളൂർ പേപ്പർ മിൽ (കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡ്) കേരള സർക്കാർ ഏറ്റെടുത്തശേഷം നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമായി മാറിയിട്ടുണ്ട്. ഇന്ത്യയിലെ ദിനപത്രങ്ങളായ ദി ഹിന്ദുവും മറ്റുപത്രങ്ങളുമൊക്കെതന്നെ അവിടെനിന്ന് കടലാസ് വാങ്ങുന്നതിനെക്കുറിച്ച് രേഖപ്പെടുത്തിയതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. തിരുവനന്തപുരം

അന്താരാഷ്ട്ര വിമാനത്താവളം വിൽക്കുന്ന കേന്ദ്ര സർക്കാർ നയത്തിനെതിരാണെന്ന് ഈ സർക്കാർ പറഞ്ഞപ്പോൾ അതിനെ വളരെയധികം നിസാരവത്കരിച്ചുകൊണ്ട് അവഗണിക്കുകയാണുണ്ടായത്. സംസ്ഥാനത്തിന്റെ വ്യാവസായിക രംഗത്ത് ധാരാളം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ സാധിക്കുമെന്നത് മറ്റൊരു വസ്തുതയാണ്.

കേരളത്തിൽ ഒരുലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. എണ്ണായിരം കോടിരൂപയുടെ നിക്ഷേപവും രണ്ട് ലക്ഷത്തി തൊണ്ണൂറായിരം തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ ഈ സർക്കാരിന് സാധിച്ചുവെന്ന് പറയുന്നത് ഇന്ത്യയ്ക്കുതന്നെ മാതൃകാപരമാണ്. കാർഷികോല്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനും അവയ്ക്കുവേണ്ട എല്ലാ സാധ്യതകളുണ്ടാക്കി കൊടുക്കുന്നതിനുമാവശ്യമായ മെച്ചപ്പെട്ട സൗകര്യങ്ങൾ സംസ്ഥാനത്തിന് ഇന്നുണ്ട്.

വ്യാവസായിക-കാർഷിക മേഖലയുടെ വളർച്ചയ്ക്ക് അനിവാര്യ ഘടകമാണ് വൈദ്യുതി. അതുകൊണ്ട് വ്യാവസായിക മേഖലയിലെ സമുജ്ജ്വലമായ മുന്നേറ്റത്തിന് ഈ രംഗത്ത് വൈദ്യുതി ഏറ്റവും സുപ്രധാനമാണ്. പരമ്പരാഗത കയർ, കൈത്തറി, ഖാദി, കശുവണ്ടി

തുടങ്ങിയ മേഖലകളിൽ സർക്കാർ ശക്തമായ ഇടപെടൽ നടത്തുന്നു. ആദായ വർദ്ധനവുണ്ടാക്കാൻ ഇടപെടൽ നടത്തിയതിനാൽ ഈ മേഖലയെ സഹായിക്കാൻ സാധിച്ചിട്ടുണ്ട്. ഇ-കോമേഴ്സ് പദ്ധതിയിൽപ്പെടുത്തി ഖാദി മേഖലയെ രക്ഷപ്പെടുത്തുന്നതിന് ഫ്ലിപ്കാർട്ടുമായി ധാരണാപത്രം ഒപ്പുവച്ചത് ഈ സന്ദർഭത്തിൽ ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഈ സംരഭത്തിന് ദേശീയതലത്തിൽ തന്നെ പ്രാധാന്യം കൈവന്നതും പ്രത്യേകം ശ്രദ്ധേയമാണ്. ബഹുമാന്യരായ മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ഇവിടെവച്ച് ആഗോള നിക്ഷേപകരുമായി നേരിട്ട് ചർച്ചനടത്തുകയും തത്ഫലമായി പല അന്താരാഷ്ട്ര കമ്പനികളും കേരളത്തിലെത്തുകയും ചെയ്തുവെന്നത് ഏറ്റവും ശ്രദ്ധേയവും മാതൃകാപരവുമായ കാര്യമാണെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. നിക്ഷേപകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിലൂടെ പലരുടെയും ശ്രദ്ധ കേരളത്തിലേയ്ക്കെത്തിയിട്ടുണ്ട്. സംരംഭകന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ടെക്നോളജി ക്ലിനിക്കുകളും ഏകീകൃത പരിശോധനാ സംവിധാനവും ഇവിടെ നടത്താൻ സാധിച്ചു. സംരംഭകരുടെ സംശയങ്ങൾക്ക് ടോൾഫ്രീ, ഹെൽപ്പ് ഡെസ്ക് എന്നിവ ആരംഭിച്ചതും ഈ

കൊച്ചു കേരളത്തിന്റെ വ്യാവസായിക മേഖലയ്ക്ക് ഒരു പുതുജീവൻ നൽകിയെന്നതും ശ്രദ്ധയാകർഷിക്കുന്ന ഒന്നാണ്. അതിനോടനുബന്ധിച്ചുള്ളതാണ് വൈദ്യുതി മേഖലയുടെ വികസനവും. കാർഷിക വ്യാവസായിക പുരോഗതിക്ക് ഏറ്റവും അത്യാന്താപേക്ഷിതമായ ഒന്നാണ് വൈദ്യുതിയെന്ന് നമുക്കെല്ലാവർക്കുമറിയാം. വൈദ്യുതി മേഖലയിൽ ഈ സർക്കാരിന്റെ കാലത്ത് വൻ കുതിച്ചുചാട്ടമാണ് നടത്തിയത്. വൈദ്യുതി ആവശ്യമുള്ളതിന്റെ ഭൂരിഭാഗവും ഊർജ്ജ സ്രോതസ്സുകളിൽനിന്നും കണ്ടെത്താനുള്ള നടപടി സ്വീകരിച്ചാൽ നന്നായിരിക്കും. സംസ്ഥാനത്തെ പൂർണ്ണ പുനരുപയോഗ ഊർജ്ജ വ്യവസ്ഥാ സംസ്ഥാനമാക്കി മാറ്റിയതും നല്ല കാര്യമാണ്. മറ്റു സംസ്ഥാനങ്ങളെപ്പോലെ നമ്മുടെ സംസ്ഥാനത്തും ചെറുകിട ജലസേചന പദ്ധതികൾ ആരംഭിക്കുകയാണെങ്കിൽ കൃഷിക്കും ദൈനംദിന ആവശ്യങ്ങൾക്കും ഉപകാരപ്രദമായിരിക്കും. വൈദ്യുതി ഉൽപ്പാദന രംഗത്ത് വൻ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കാൻ ഈ സർക്കാരിന്റെ ഭരണകാലത്ത് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെല്ലാം മറ്റു സംസ്ഥാനങ്ങളിൽ മനഃപൂർവ്വം പവർകട്ടുണ്ടായപ്പോൾ കേരളം അതിൽനിന്ന് വേറിട്ട് നിൽക്കുകയാണ് ചെയ്തത്. അതിന് സഹായകരമായത് കാര്യക്ഷമമായ

പദ്ധതി നടത്തിപ്പിന്റേതാണെന്ന് ആർക്കും ബോദ്ധ്യപ്പെടും. പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി നിരവധി വീടുകളിലും കെട്ടിടങ്ങളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചതുമൂലം വൈദ്യുതി മേഖലയുണ്ടാക്കിയ മാറ്റങ്ങൾ ശ്രദ്ധേയമാണെന്ന് പറയാൻ കഴിയും. സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി ധാരാളം മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധിച്ചു. നിരവധി പുനരുപയോഗ ഊർജ്ജ പദ്ധതികളുടെ ഫലമായുണ്ടായ സംരംഭങ്ങൾ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് സഹായകരമായിട്ടുണ്ട്. സംസ്ഥാനത്ത് കാർഷിക വ്യാവസായിക പുരോഗതി കൈവരിക്കണമെങ്കിലും അത് ഫലപ്രാപ്തിയിലെത്തണമെങ്കിലും വൈദ്യുതി സുലഭമായി കുറഞ്ഞ നിരക്കിലോ സൗജന്യമായോ കർഷകർക്ക് ലഭ്യമാക്കണം. ഒരു നല്ല കൃഷിക്കാരൻ കൂടിയായ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അതിനുവേണ്ടി മുൻകയ്യെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. മൂല്യവർദ്ധിത ഉല്പന്നങ്ങൾ ധാരാളമായി ഉത്പാദിപ്പിക്കുന്നതിനും അതുവഴി കർഷകർക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും വൈദ്യുതി ധാരാളം ആവശ്യമാണ്. അതുപോലെ ചെറുകിട വ്യവസായ സംരംഭകർക്കും ഇത്തരത്തിൽ വൈദ്യുതി

ലഭ്യമാക്കിയാൽ അതു ഗുണകരമായിരിക്കും. കാർഷിക-ചെറുകിട-വ്യാവസായിക മേഖലകൾ വളർച്ച പ്രാപിച്ചാൽ സംസ്ഥാനത്തെ ഗ്രാമീണ മേഖല സജീവമാകും. വൈദ്യുതി മേഖലയിൽ കാര്യമായ നഷ്ടം സംഭവിക്കുന്നതിന് പരിഹാരം കാണാൻ കഴിയുമെന്നത് വസ്തുതയാണ്. അതുകൊണ്ട് വൈദ്യുതി വിതരണം ഏതെങ്കിലും തരത്തിൽ തടസ്സപ്പെട്ടാൽ അത് ഉടൻതന്നെ പരിശോധിച്ച് തടസ്സങ്ങൾ നീക്കി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് സർക്കാർ വകുപ്പുതലത്തിൽ നല്ലരീതിയിലുള്ള ഇടപെടൽ നടത്തിവരുന്നുണ്ട്.

ആദിവാസി മേഖലയിൽ വൈദ്യുതി എത്തിക്കാനുള്ള നടപടികൾ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. വനപ്രദേശങ്ങളോട് ചേർന്ന് താമസിക്കുന്ന ജനസമൂഹത്തിന്റെ അടിസ്ഥാന വിഭാഗമായ ആദിവാസി ഊരുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുകവഴി വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂട്ടി മനസ്സിലാക്കാൻ കഴിയുന്നതിന് സഹായകരമാകുന്നതാണെന്ന കാര്യം ശ്രദ്ധേയമാണ്. പണ്ടുകാലത്ത് ഇരുട്ടിൽ ഇവയെ കാണാൻ സാധിച്ചിരുന്നില്ല. വൈദ്യുതി തൂണുകളിലെല്ലാം ഇലക്ട്രിക് ചാർജ്ജിംഗ് യന്ത്രങ്ങൾ സ്ഥാപിക്കുന്നതുവഴി മോട്ടോർ വാഹന ഉപയോഗത്തിൽനിന്നും ഇലക്ട്രിക്

വാഹനങ്ങൾ ഉപയോഗിക്കുന്ന പ്രവണത വർദ്ധിച്ചിട്ടുണ്ട്. ഇത് ഏറ്റവും സുരക്ഷിതവുമാണ്. അതുകൊണ്ട് ഗ്രാമങ്ങളിലും നഗരങ്ങളിലും ഇത്തരത്തിൽ വാഹന ചാർജ്ജിംഗ് യന്ത്രങ്ങൾ സ്ഥാപിക്കുന്നത് കൂടുതൽ വ്യാപിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തിക ബാധ്യതകൾ കുറയ്ക്കുന്ന തരത്തിലുള്ള വിവിധ പരിപാടികൾ മുന്നോട്ടുകൊണ്ടുപോകുന്ന വൈദ്യുതി മേഖലയിലും ഈ പ്രവർത്തനങ്ങളെല്ലാംതന്നെ ഏറ്റവും കാര്യക്ഷമമായി മുന്നോട്ടുപോകുന്നതിന് തീർച്ചയായും ഈ ബഡ്ജറ്റ് ഇവിടെ പാസ്സാക്കി എടുക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതും ഉചിതമാണെന്ന് പറഞ്ഞുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ ഞാൻ സമ്പൂർണ്ണമായി പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ നിർത്തുന്നു.

(നടുത്തളത്തിലിരുന്ന് സമാന്തരസഭ ചേർന്ന് പ്രതിഷേധിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി.)

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഇവിടെ പ്രതിപക്ഷം അനുദിനം അപഹാസ്യരും

പരിഹാസ്യമാകുന്ന സ്ഥിതി തുടർന്നുകൊണ്ടിരിക്കുകയാണ്. അതാണിപ്പോൾ നമ്മളിവിടെ കണ്ടതും. കേരളത്തിലെ വ്യവസായം വൈദ്യുതി എന്നീ വകുപ്പുകൾ ഏറ്റവും മികച്ച നിലയിൽ ഇതര വകുപ്പുകളോടൊപ്പംത്തന്നെ മുന്നോട്ടുപോകുകയാണ്. വ്യവസായ വകുപ്പ് കേരളത്തിലെ പുതിയ കാലത്തിനനുസരിച്ച് നൂതനസംരംഭങ്ങൾ ആരംഭിക്കുന്നതിന് ദീർഘ വീക്ഷണത്തോടുകൂടിയ സമഗ്രപദ്ധതികളുമായി മുന്നോട്ടുപോകുകയാണ്. പൊതുമേഖല സ്ഥാപനങ്ങളെ വിൽക്കാൻ തയ്യാറായി മുന്നോട്ടുവന്നിട്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ അവയെ നവീകരിക്കുന്നതടക്കമുള്ള ബദൽ നയങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായുള്ള നടപടികളുമായാണ് സംസ്ഥാനത്തെ വ്യവസായ വകുപ്പും മുന്നോട്ടുപോകുന്നത്. ഇതിന്റെ ഭാഗമായി നിരവധി ഉദാഹരണങ്ങൾ നമുക്ക് പറയാൻ സാധിക്കും. നേരത്തെ ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ കോട്ടയത്തെ വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ സ്ഥാനത്ത് ഇപ്പോൾ കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡെന്ന

കമ്പനി രൂപീകരിച്ച് ആയിരംകോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് അവിടെ നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. നാല് ഘട്ടങ്ങളിലായി പൂർത്തീകരിക്കേണ്ട പ്രവർത്തനങ്ങളുടെ രണ്ടുഘട്ടങ്ങൾ ഇതിനകം പൂർത്തീകരിച്ചുകഴിഞ്ഞു. വെള്ളൂരിൽത്തന്നെ കേരള റബ്ബർ ലിമിറ്റഡെന്ന ഒരു പ്രത്യേക റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സംരംഭം 1050 കോടിരൂപ ചെലവിൽ സ്ഥാപിക്കാൻ തീരുമാനിച്ച് മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചുകഴിഞ്ഞു. ഇതിലൂടെ റബ്ബർ കർഷകർക്കായി ഒരു പ്രത്യേക ഇടപെടൽ നടത്താൻ സർക്കാരിന് സാധിച്ചു. കേരളത്തിലെ തൊഴിലില്ലാത്ത ആയിരക്കണക്കിന് പേർക്ക് തൊഴിൽ ലഭ്യമാക്കുന്ന ഒരു സംരംഭമാണ് കേരള റബ്ബർ ലിമിറ്റഡ് -ന്റെ നേതൃത്വത്തിൽ അവിടെ ആരംഭിക്കാൻ പോകുന്നത്. റബ്ബറധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ അതായത് റബ്ബറിന്റെ ഭാഗമായി ഉൽപ്പാദിപ്പിക്കാൻ കഴിയാവുന്ന എല്ലാ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്ന ഒരു വലിയ സംരംഭത്തിന് അവിടെ പ്രാരംഭം കുറിക്കുകയാണ്. കാസർഗോഡ് ജില്ലയിലെ ഭാരത് ഹെവി ഇലക്ട്രിക്കൽസ്

ലിമിറ്റഡ് (BHEL) എന്ന സ്ഥാപനത്തെ കേന്ദ്ര ഗവൺമെന്റ് സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചപ്പോൾ അതിന്റെ 51 ശതമാനം ഷെയറും സംസ്ഥാനം വാങ്ങിയെടുത്ത് കേരളത്തിന്റെ പൊതുമേഖല സംരംഭമായി ആ സ്ഥാപനത്തെ ഉയർത്തിക്കൊണ്ടുവരികയാണ് ചെയ്തത്. 77 കോടിരൂപ ചെലവിലാണ് ആ സ്ഥാപനം ഏറ്റെടുത്തത്. 14 കോടി രൂപയോളം വരുന്ന തൊഴിലാളികളുടെ തൊഴിൽനഷ്ടത്തെ അടിസ്ഥാനപ്പെടുത്തി തൊഴിലും കൂലിയും നഷ്ടപ്പെട്ട സാഹചര്യത്തിൽ അവരുടെ നഷ്ടമുൾപ്പെടെ കൊടുത്തുകൊണ്ടാണ് ആ സ്ഥാപനം സംസ്ഥാന സർക്കാർ ഏറ്റെടുത്തത്. അങ്ങനെ മികച്ച പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. എല്ലാ തദ്ദേശസ്ഥാപനങ്ങളിലും സംരംഭക വർഷത്തിന്റെ ഭാഗമായി പ്രത്യേകമായ ഇടപെടലുകൾ നടത്തുന്നു. കൂടാതെ സംരംഭക വർഷത്തിന്റെ ഭാഗമായി 1153 സ്ഥാപനങ്ങളിൽ ശിൽപ്പശാലകൾ നടത്തുകയും അവിടെ ഇന്റേണുകളെ നിയമിക്കുകയും ചെയ്തു. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ തയ്യാറായി വരുന്നവർക്കുവേണ്ടിയുള്ള ശിൽപ്പശാലകളും പ്രത്യേകമായ ഹെൽപ്പ് ഡെസ്കുകളും സംഘടിപ്പിച്ച് മുന്നോട്ടുപൊയ്കൊണ്ടിരിക്കുകയാണ്. അങ്ങനെ എല്ലാ മേഖലകളിലും

നിരവധി ഇടപെടലുകൾ നടത്തി മുന്നോട്ടുപോകുന്ന വ്യവസായ വകുപ്പിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. 41 പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും 354 കോടി രൂപയുടെ ലാഭമാണ് കേരളത്തിനുണ്ടായിട്ടുള്ളത്. മുൻ വർഷത്തെ അപേക്ഷിച്ച് കഴിഞ്ഞവർഷം 245% ലാഭവർദ്ധനവാണ് വ്യവസായ വകുപ്പിന്റെ കീഴിൽ കേരളത്തിനുണ്ടായിട്ടുള്ളത്. നിക്ഷേപ സൗഹൃദ വ്യാവസായിക അന്തരീക്ഷം സ്ഥാപിച്ചെടുത്ത് കേരളത്തിൽ വലിയ മുന്നേറ്റങ്ങളാണ് സൃഷ്ടിക്കുന്നത്. വ്യവസായ വകുപ്പിന്റെ ഈ പ്രവർത്തനങ്ങളെ പ്രകീർത്തിക്കുന്നതോടൊപ്പം എന്റെ മണ്ഡലവുമായി ബന്ധപ്പെട്ടും സംസ്ഥാനത്തിന്റെ പൊതുവായ വിഷയങ്ങളെന്ന നിലയിലും ചില കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. നാഷണൽ ടെക്സ്റ്റയിൽസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷൻ ലിമിറ്റഡിന്റെയും സംസ്ഥാന സർക്കാരിന്റെയും ഭാഗമായിരുന്ന ഭൂമികൾ കൈവശപ്പെടുത്തി ടെക്സ്റ്റയിൽസിന്റെ പ്രവർത്തനം ഏറ്റെടുത്തു. ആ 5 സ്ഥാപനങ്ങളും വിശേഷിച്ച് പുതുക്കാട് അസംബ്ലി നിയോജകമണ്ഡലത്തിലെ അളഗപ്പ നഗർ ടെക്സ്റ്റയിൽസ് അടച്ചുപൂട്ടിയിരിക്കുകയാണ്. കുറച്ചുനാൾ കഴിയുമ്പോൾ അത്

വിൽക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകും. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ആ വിഷയത്തിൽ ഇടപെടുകയും കേന്ദ്രഗവൺമെന്റിന് കത്ത് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ വിൽക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ച് ശക്തമായ ഇടപെടലിലൂടെ നമുക്കത് തിരിച്ചുപിടിക്കാൻ സാധിക്കണം. ഖാദി ബോർഡ് സ്ഥാപിച്ച പല സ്ഥാപനങ്ങളും പിന്നീട് പല കാരണങ്ങളാൽ പ്രവർത്തന രഹിതമായെന്നാണ് പൊതുവിൽ പല പഞ്ചായത്തുകളിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. ആ സ്ഥാപനങ്ങളുടെ ഭാഗമായിട്ടുള്ള വസ്തുക്കളെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ഖാദി ബോർഡ് എന്നിവയുടെ സംയുക്ത സംരംഭങ്ങളായി മാറ്റുന്നതിന് പുതിയ കാലത്ത് ഈ ഗവൺമെന്റിന്റെ വ്യവസായ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളിൽ ഈ മേഖലയിലെ തൊഴിൽ ദാതാക്കൾക്കുകൂടി ഉപകാരപ്രദമാകുന്ന രീതിയിലുള്ള ഇടപെടൽ നടത്തണമെന്ന് പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്.

വൈദ്യുതി വകുപ്പിൽ വലിയ മുന്നേറ്റമാണുണ്ടാക്കിയിട്ടുള്ളത്. കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പവർകട്ടും ലോഡ്

ഷെഡിംഗുമുണ്ടായിരുന്നു. ഇന്ന് ഉത്തരേന്ത്യയിലെ പല സംസ്ഥാനങ്ങളിലും വൈദ്യുതിയില്ലാത്ത പ്രശ്നങ്ങളുയർന്നുവരുമ്പോൾ പവർക്കട്ടില്ലാത്ത/ ലോഡ്ഷെഡിംഗില്ലാത്ത പ്രകാശപൂരിതമായ കേരളം ഇന്ന് മുന്നോട്ടുപോകുകയാണ്. 'നിലാവ്' ഉൾപ്പെടെയുള്ള നിരവധി മികച്ച പദ്ധതികളുമായാണ് വൈദ്യുതി വകുപ്പ് മുന്നോട്ടുപോകുന്നത്. 2023 മേയ് മാസത്തിൽത്തന്നെ 106 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുന്ന 3 ജലവൈദ്യുത പദ്ധതികളുടെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പള്ളിവാസൽ, തോട്ടിയാർ എന്നീ രണ്ട് ജലവൈദ്യുത പദ്ധതികളിലൂടെ 100 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കപ്പെടുകയാണ്. 106 മെഗാവാട്ട് വൈദ്യുതിയാണ് മേയ് മാസത്തോടുകൂടി അധികമായി ഉൽപ്പാദിപ്പിക്കാൻ പോകുന്നത്. 22-ഓളം ജല വൈദ്യുത പദ്ധതികൾ ഇവിടെ ആരംഭിക്കാനുള്ള നടപടികൾ ആസൂത്രണം ചെയ്തുകഴിഞ്ഞു. 549 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന 5 വൻകിട പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി കഴിഞ്ഞിരിക്കുകയാണ്. അങ്ങനെ മികച്ച നേട്ടങ്ങളുമായാണ് വൈദ്യുതി വകുപ്പ് മുന്നോട്ടുപോകുന്നത്. എല്ലാ മണ്ഡലത്തിലും ബാറ്ററി ചാർജ്ജ് ചെയ്ത് ഉപയോഗിക്കാൻ കഴിയുന്ന

ഇലക്ട്രിക് വാഹനങ്ങൾക്ക് സംവിധാനമൊരുക്കുന്നു. ഫോർ വീലർ, ടൂ വീലർ, ഓട്ടോറിക്ഷകൾ എന്നീ വാഹനങ്ങൾക്ക് വൈദ്യുതി ചാർജ്ജ് ചെയ്ത് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ പ്രകൃതിസൗഹൃദമായ സംവിധാനങ്ങൾ ഒരുക്കുന്നു. എന്റെ മണ്ഡലത്തിൽ ഇതിന്റെ പ്രവൃത്തിയെല്ലാം പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഉദ്ഘാടനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പല മണ്ഡലങ്ങളിലും അതിന്റെ ഉദ്ഘാടനം നടന്നു കഴിഞ്ഞിട്ടുണ്ടെന്നുള്ളത് നല്ല കാര്യമാണ്. പുതുക്കാട് മണ്ഡലത്തിൽ ഇലക്ട്രിക് ചാർജ്ജ് സെന്ററുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെയും ഉദ്ഘാടനം നടത്താനുള്ള നടപടികളുണ്ടാകണം. കൊടും വരൾച്ചയുടെ പ്രത്യേക സ്ഥിതിയിലെത്തി നിൽക്കുന്ന ഘട്ടത്തിൽ വൈദ്യുതി വകുപ്പിനോടുള്ള അഭ്യർത്ഥന ഞാൻ മന്ത്രിക്ക് നിവേദനമായി നൽകിയിട്ടുണ്ട്. പുതുക്കാട്, ചാലക്കുടി മണ്ഡലങ്ങളിൽ ആതിരപ്പിള്ളി പുഴയുടെ നീരൊഴുക്ക് കുറഞ്ഞതിന്റെ ഭാഗമായി ജലലഭ്യതയുടെ പ്രശ്നമുയർന്നുവന്നിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് ഇന്നലെ ജനപ്രതിനിധികൾ ഇറിഗേഷൻ ഓഫീസിൽ പോകേണ്ട അവസ്ഥയുണ്ടായത് അവിടത്തെ ജില്ലാഭരണകൂടത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇടപെടൽ നടത്തിയിട്ടുണ്ട്. പീച്ചി ഉൾപ്പെടെയുള്ള

ജലസംഭരണികളിലെ വെള്ളം തുറന്നുകൊടുത്ത് കുറെയേറെ പ്രദേശങ്ങളിൽ പ്രശ്നം പരിഹരിച്ചിട്ടുണ്ടെങ്കിലും മറ്റത്തൂർ, കൊടകര, പറപ്പൂക്കര എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ വെള്ളം ലഭ്യമാകാത്ത പ്രശ്നമുണ്ട്. അവിടെ ജനറേറ്ററുകൾ കേടായ പ്രശ്നങ്ങൾ ചൂണ്ടികാണിക്കപ്പെടുന്നു. അടിയന്തര ഇടപെടലുകൾ നടത്തി വൈദ്യുതി ഉൽപ്പാദന യൂണിറ്റിന്റെ ഭാഗമായിട്ടുള്ള സംരംഭങ്ങൾക്ക് അത് ഉൽപ്പാദിപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സമോ കാലതാമസമോ ഉണ്ടെങ്കിൽ അത് അവിടെ നിൽക്കട്ടെ; പക്ഷേ ജലം തുറന്നുവിടണം. ജലമില്ലാതെ ബുദ്ധിമുട്ടുന്ന സ്ഥിതി അവിടെയുണ്ട്. ആ പ്രശ്നം പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്ട്രീറ്റ് ലൈറ്റുകൾക്കുവേണ്ടിയുള്ള വൈദ്യുതി തൂണുകൾ സ്ഥാപിക്കുന്നതിനായി മുമ്പ് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിക്കാൻ കഴിയുമായിരുന്നു. ഇപ്പോൾ ആ ഫണ്ട് ഉപയോഗിക്കാൻ കഴിയില്ല. കാരണം കെ.എസ്.ഇ.ബി.-ക്ക് അഡ്വാൻസ് കൊടുക്കണമെന്നാണ് പറയുന്നത്. ഗവൺമെന്റിന്റെ ഭാഗമായിട്ടുള്ള പദ്ധതികൾ അഡ്വാൻസില്ലാതെ ചെയ്യേണ്ടതാണ്. അക്കാര്യത്തിലൊരു

തീരുമാനമുണ്ടാക്കി ജനങ്ങൾ തിങ്ങിപ്പാർക്കുന്നിടങ്ങളിൽ ഒറ്റപ്പെട്ടുനിൽക്കുന്ന പാവപ്പെട്ടവരുടെ ഭവനങ്ങളിലേയ്ക്ക് വൈദ്യുതി എത്തിക്കാനുള്ള സൗകര്യമുണ്ടാക്കി തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

<u>ശ്രീ. വാഴൂർ സോമൻ:</u> സർ, ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേരളത്തിലെ വ്യവസായരംഗത്തും ഇലക്ട്രിസിറ്റി രംഗത്തും നല്ല ദിശാബോധത്തോടുകൂടി നേതൃത്വം നൽകുന്ന മന്ത്രിമാരെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കേന്ദ്ര സർക്കാർ ഈ വർഷം അവതരിപ്പിച്ച ബഡ്ജറ്റിൽ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ താൽപ്പര്യങ്ങൾക്കെതിരായി തൊഴിൽ, ഭക്ഷണം, കൃഷി, പെൻഷൻ തുടങ്ങിയ എല്ലാ മേഖലകൾക്കുമുള്ള വിഹിതം വെട്ടിക്കുറച്ചിരിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിവിഹിതവും കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതിവിഹിതവും ഭക്ഷ്യ സബ്സിഡിയും വെട്ടിക്കുറച്ചത് ദാരിദ്ര്യവും പട്ടിണിയും വർദ്ധിപ്പിക്കുന്ന സാഹചര്യമാണ് നിലവിലുണ്ടാക്കിയിട്ടുള്ളത്. തൊഴിൽമേഖലയെ പൂർണ്ണമായും അവഗണിച്ച കേന്ദ്ര ബഡ്ജറ്റിന്റെ പശ്ചാത്തലത്തിൽ

തൊഴിലാളികളോടും കൃഷിക്കാരോടും അനുഭാവപൂർവ്വമായ സമീപനം സ്വീകരിച്ച സംസ്ഥാന ബഡ്ജറ്റിനെ അങ്ങേയറ്റം സ്വാഗതം ചെയ്യുകയാണ്. വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന ജനതയ്ക്കുമേൽ തീരാദുരിതം അടിച്ചേൽപ്പിക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്. മൂന്ന് സംസ്ഥാന നിയമസഭകളിലേയ്ക്ക് നടന്ന വോട്ടെടുപ്പിന് പിന്നാലെയാണ് മോദി സർക്കാർ ഈ ദുരന്തം അടിച്ചേൽപ്പിച്ചത്. രണ്ടുവർഷത്തിനുള്ളിൽ ഗാർഹിക സിലിണ്ടറിന് 382 രൂപയും വാണിജ്യ സിലിണ്ടറിന് 556.5 രൂപയുമാണ് അധികരിച്ചിരിക്കുന്നത്. നിലവിൽ ഗാർഹിക സിലിണ്ടറിന് 1110 രൂപയും വാണിജ്യ സിലിണ്ടറിന് 2243 രൂപയും നൽകേണ്ട ഗതികേടിലാണ് പൊതുജനങ്ങൾ. 2020 ജൂണിൽ ഒരു മുന്നറിയിപ്പുപോലുമില്ലാതെയാണ് ബാങ്ക് അക്കൗണ്ടിൽ സബ്സിഡി നൽകുന്നത് അവസാനിപ്പിച്ചത്. ഈ വിഷയത്തിൽ ശക്തമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കാൻ കോൺഗ്രസിന് കഴിയാത്തതെന്താണ്? ഒരു കേന്ദ്രമന്ത്രിക്കെതിരെയെങ്കിലും കരിങ്കൊടി കാണിക്കാൻ ഇവർ ധൈര്യപ്പെടാത്തത് എന്തുകൊണ്ടാണ്? കേന്ദ്രസർക്കാർ 20% സെസ്സ് ഏർപ്പെടുത്തിയപ്പോൾ സംസ്ഥാന സർക്കാരിന്റെ രണ്ടുരൂപ സെസ്സാണ്

വലുതെന്ന് വരുത്തി മുഖ്യമന്ത്രിക്കെതിരെ കരിങ്കൊടി പ്രയോഗം നടത്തുന്ന കോൺഗ്രസിന്റെ ഇരട്ടത്താപ്പ് നയം ജനങ്ങൾ പരിഹസിച്ച് തള്ളുകയാണ് ചെയ്തിട്ടുള്ളത്. കേരളത്തിലെ ക്ഷേമപെൻഷനുകൾ മുടങ്ങാതിരിക്കാൻവേണ്ടി ബഡ്ജറ്റിൽ 2 രൂപ ഇന്ധനസെസ്സ് ഏർപ്പെടുത്തിയതിനെതിരെ കലാപം സൃഷ്ടിക്കാൻ ശ്രമിക്കുന്ന കോൺഗ്രസിന്റെ കാപട്യം ഒരിക്കൽക്കൂടി വ്യക്തമാകുന്ന സന്ദർഭമാണിത്. ജനങ്ങളെ കൊള്ളയടിക്കുന്ന ബി.ജെ.പി.-യെയും അതിന് കൂട്ടുനിൽക്കുന്ന കോൺഗ്രസിനെയും ജനമധ്യത്തിൽ തുറന്നുകാട്ടുവാനുള്ള വിഷയമായാണ് നാം ഇതിനെ കാണേണ്ടത്. വീണ്ടും ജനങ്ങളെ ദുരിതത്തിലാക്കി കുടുംബ ബഡ്ജറ്റ് താളംതെറ്റിക്കുന്ന, രൂക്ഷമായ വിലക്കയറ്റത്തിനിടയാക്കുന്ന കേന്ദ്ര സർക്കാരിന്റെ നടപടിക്കെതിരെ ശക്തമായി പ്രതിഷേധിക്കേണ്ടതാണ്. വ്യാജ വാർത്തകൾ സൃഷ്ടിച്ച് ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ പരത്തി ജനകീയ സർക്കാരിനെ അട്ടിമറിക്കാനുള്ള നടപടികളാണ് ചില മാധ്യമങ്ങൾ സ്വീകരിച്ചുവരുന്നത്. വ്യാജ വാർത്തകളുടെ ഇക്കാലത്ത് ഇരയാക്കപ്പെടുന്നത് 'സത്യ'മാണെന്ന് ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് കഴിഞ്ഞ ദിവസം പറഞ്ഞത് എല്ലാവരും മുഖവിലയ്ക്കെടുക്കേണ്ടതാണ്. 'ഈശ്വരൻ തെറ്റ് ചെയ്താലും ഞാൻ അത്

റിപ്പോർട്ട് ചെയ്യും' എന്നാണ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള പറഞ്ഞത്. വ്യാജ വാർത്തകൾ സൃഷ്ടിച്ച് ട്രന്റിംഗ് റേറ്റ് ഉയർത്താൻ പരിശ്രമിക്കുന്ന നിലവിലെ വാർത്താ ചാനലുകൾ നടത്തിപ്പുകാർക്ക് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ പേരുപോലും ഉച്ചരിക്കാൻ അവകാശമില്ല. സ്വതന്ത്രവും നിർഭയവുമായ മാധ്യമ പ്രവർത്തനത്തിന് എക്കാലത്തും മുന്നിൽനിൽക്കുന്ന സംസ്ഥാനമാണ് കേരളം. വ്യാജ വാർത്തകൾ സൃഷ്ടിച്ച് ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണയുണ്ടാക്കുന്നത് കർശനമായി ചെറുക്കണം. വാർത്തകളെ വളച്ചൊടിക്കുന്നതിലും തെറ്റിദ്ധാരണ പരത്തുന്നതിലും ഡോക്ടറേറ്റ് നേടിയിരിക്കുകയാണ് പല നവമാധ്യമങ്ങളും. കഴിഞ്ഞ ദിവസം എനിക്കെതിരെയും അത്തരത്തിലൊരു വാർത്ത സൃഷ്ടിച്ചു. തോട്ടം തൊഴിലാളികളുടെ ലയങ്ങൾ നവീകരിക്കുവാൻ ബഡ്ജറ്റിൽ സർക്കാർ അനുവദിച്ച തുകയുപയോഗിച്ച് സ്ഥിരമായി വീട് നിർമ്മിച്ച് നൽകുവാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം നിയമസഭയിൽ ഉന്നയിച്ചതിനെ ഒരു പ്രധാനപ്പെട്ട പത്രം വളച്ചൊടിച്ച് 'ലയങ്ങളുടെ നവീകരണത്തിന് തടസ്സം നിൽക്കുന്ന  വാഴൂർ സോമനെതിരെ പ്രതിഷേധം' എന്ന തലക്കെട്ടോടെയാണ് പിറ്റേദിവസം വാർത്ത വന്നത്. ഇതിൽനിന്നും ജനങ്ങൾക്കിടയിൽ

തെറ്റിദ്ധാരണയുണ്ടാക്കുന്ന രീതിയിലുള്ള വ്യാജ വാർത്തകൾ സൃഷ്ടിക്കാൻ ചില മാധ്യമങ്ങൾ ബോധപൂർവ്വം ശ്രമിച്ചുവരുന്നുവെന്ന് ഏതൊരു സാധാരണ പൗരനും മനസ്സിലാക്കുവാൻ സാധിക്കും. ഇക്കൂട്ടരാണ് സർക്കാരിനെതിരെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെയും വ്യാജ വാർത്തകൾ ചമച്ച് അപകീർത്തിപ്പെടുത്താൻ നിരന്തരമായി ശ്രമിച്ചുവരുന്നത്.

സംസ്ഥാനത്ത് വനിതാ സംരംഭകരുടെ വൻകുതിച്ചുചാട്ടമാണ് പിണറായി സർക്കാരിന്റെ കാലഘട്ടത്തുണ്ടായത്. കേരളത്തിലെ ഐ.ടി. പാർക്കുകളിൽ ജോലി ചെയ്യുന്ന വനിതകളുടെ എണ്ണം ദേശീയ ശരാശരിക്ക് മുകളിലാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കേരളത്തിലെ മൂന്ന് ഗവൺമെന്റ് ഐ.ടി. പാർക്കുകളിൽ ജോലി ചെയ്യുന്ന 37 ലക്ഷം ജീവനക്കാരിൽ 41.7%-വും വനിതകളാണ്. ഇത് ദേശീയ ശരാശരിയുടെ ഏകദേശം 38% ആയിരിക്കുന്നു. വനിതാ ജീവനക്കാരുടെ എണ്ണത്തിൽ ദേശീയ ശരാശരിക്ക് മുകളിലാണ് നമ്മുടെ സംസ്ഥാനം. സംരംഭങ്ങൾ ആരംഭിക്കുന്ന വനിതകളെ പ്രത്യേക വിഭാഗമായി കരുതി പദ്ധതി ചെലവിന്റെ 40% വരെ പരമാവധി 4,00,000/- രൂപ സബ്സിഡിയായി സംസ്ഥാന സർക്കാർ അനുവദിക്കുന്നു. ടെക്നോളജി ട്രാൻസ്ഫർ സ്കീം, സോഫ്റ്റ്

ലോൺ സ്കീം എന്നിവയാണ് വനിതാ സംരംഭകർക്ക് നൽകുന്ന പ്രധാന സാമ്പത്തിക പദ്ധതികൾ. കരകൗശല തൊഴിലാളികൾക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുന്നതാണ് 'ആഷ' പദ്ധതി (Assisted Scheme for Handicrafts Artisans-ASHA). വനിതകളെ പ്രത്യേക വിഭാഗമായി കണക്കാക്കി അവരുടെ സ്ഥിരനിക്ഷേപത്തിന്റെ 50% പരമാവധി 3,00,000/- രൂപ സർക്കാർ ഗ്രാന്റായി അനുവദിക്കുന്നു. വനിതാ സംരംഭകരെ സഹായിക്കുന്നതിനായി വനിതാ വികസന കോർപ്പറേഷൻ 6 മുതൽ 8% പലിശയ്ക്ക് സംരംഭക വായ്പകൾ അനുവദിച്ചുവരുന്നുണ്ട്. സംരംഭക വർഷ പദ്ധതിയിൽ 43200 വനിതാ സംരംഭങ്ങളാണ് സംസ്ഥാനത്ത് ആരംഭിച്ചത്. വനിതാ വികസന കോർപ്പറേഷൻ മുഖേന സ്ത്രീ സംരംഭകർക്ക് 25,00,000/- രൂപയാണ് വായ്പയായി നൽകിയിരുന്നത്. എന്നാലത് 2023 ഏപ്രിൽ മാസം മുതൽ 50,00,000/- രൂപയായി ഉയർത്താൻ തീരുമാനിച്ച സംസ്ഥാന സർക്കാരിന് അഭിനന്ദനങ്ങളും അഭിവാദ്യങ്ങളും അർപ്പിക്കുന്നു. കേരളത്തിലുടനീളമുള്ള വിദ്യാർത്ഥികളുൾപ്പെടെയുള്ള യുവസംരംഭകർക്ക് നൂതനവും വ്യാപാര യോഗ്യവുമായ സംരംഭം ആരംഭിക്കുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25,00,000/- രൂപയാണ്

പ്രാഥമിക മൂലധന സഹായമായി നൽകിവരുന്നത്. സ്ഥിരനിക്ഷേപങ്ങൾക്ക് ജനറൽ വിഭാഗത്തിന് 15 ശതമാനവും പരമാവധി 30,00,000/- രൂപയും വനിതാ എസ്.സി./എസ്.ടി. യുവസംരംഭകർ, എൻ.ആർ.കെ. വിഭാഗത്തിൽപ്പെട്ടവർക്ക് 25 ശതമാനവും പരമാവധി 40,00,000/- രൂപയും മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന വ്യവസായികൾക്ക് 10% പരമാവധി 10,00,000/- രൂപയും അധിക സഹായം നൽകുന്നു. പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ പിന്നാക്ക ജില്ലകളിലെ സംരംഭകർക്ക് 10% പരമാവധി 10,00,000/- രൂപ അധിക ധനസഹായവും നൽകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പീരുമേട് നിയോജകമണ്ഡലത്തിൽ 20-05-2021 മുതൽ 31-03-2022 വരെ 94 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളും 01-04-2022 മുതൽ 06-03-2023 വരെ 539 സൂക്ഷ്മ-ചെറുകിട-ഇടത്തരം-വാണിജ്യ മറ്റുസേവനങ്ങളിൽപ്പെട്ട സംരംഭങ്ങളും ഉൾപ്പെടെ ആകെ 639 സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ള വിവരം അറിയിക്കാൻ ആഗ്രഹിക്കുന്നു.

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിലൂടെ കേരളത്തെ സംസ്ഥാനങ്ങളിൽ മുൻപന്തിയിൽ എത്തിക്കുവാൻ സാധിച്ചു. അതുപോലെ, സംരംഭകർക്ക്

സംരംഭങ്ങൾ ആരംഭിക്കാൻ എല്ലാവിധ സഹായവും സർക്കാരിൽനിന്ന് നൽകിയതുകൊണ്ടാണ് കേരളത്തിലെ യുവജനങ്ങൾ സംരംഭങ്ങൾ ആരംഭിക്കുവാനും തൊഴിൽ സാധ്യതകൾ നേടുവാനും മുന്നോട്ടുവന്നതെന്ന കാര്യം എടുത്തുപറയേണ്ടതാണ്. നുണപ്രചരണങ്ങളിൽ മുങ്ങിപ്പോകുന്നതല്ല പിണറായി സർക്കാർ. ജനകീയ വിഷയങ്ങളിൽ ഇടപെട്ടുകൊണ്ട് ജനക്ഷേമ പദ്ധതികളുമായി മുന്നോട്ടുപോകുമെന്ന് അറിയിക്കുന്നു.

മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, പരമ്പരാഗത മേഖലയിലെ കശുവണ്ടി, കയർ തുടങ്ങിയ വ്യവസായങ്ങൾക്ക് കാര്യമായ സഹായം ചെയ്യാൻ സർക്കാർ മുന്നോട്ടുവന്നിട്ടുണ്ട്. അത് ആ വ്യവസായത്തെയും അതിൽ പണിയെടുക്കുന്ന തൊഴിലാളികളെയും സഹായിക്കും. എന്നാൽ തോട്ടം മേഖലയ്ക്ക് ഇക്കാര്യത്തിൽ ഗണ്യമായ ഒരു സഹായം ലഭ്യമാക്കിയാൽ മാത്രമേ 1990-കളിൽ കോൺഗ്രസിന്റെ കാലത്ത് ആരംഭിച്ച നടപടികൾമൂലം തകർന്നുകിടക്കുന്ന ആ വ്യവസായത്തെ മുന്നോട്ടുകൊണ്ടുവരാൻ സാധിക്കുകയുള്ളൂവെന്ന് ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്. അതുപോലെയാണ് ഇടുക്കി ജില്ലയിലെ നിർമ്മാണ മേഖലയിൽ ചില പരിസ്ഥിതിവാദികളുടെയും കോടതിയുടെയും ഇടപെടൽമൂലം പാറഖനനവും

മണൽ ഖനനവുമൊന്നും നടക്കുന്നില്ല. തമിഴ്നാട്ടിൽനിന്ന് മെറ്റലും പാറയുമെല്ലാം കൊണ്ടുവന്ന് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ട ഗതികേടിലാണ് അവിടത്തെ വ്യവസായ രംഗം നിലനിൽക്കുന്നതെന്ന കാര്യം എടുത്തുപറയുന്നു. അതിന് പരിഹാരം കാണുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വ്യവസായ രംഗത്ത് ചടുലമായ മാറ്റത്തിനുവേണ്ടി പരിശ്രമിക്കുന്ന വ്യവസായ വകുപ്പുമന്ത്രിയെയും വൈദ്യുതി വകുപ്പുമന്ത്രിയെയും ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നമസ്കാരം.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, വ്യവസായങ്ങൾ, വൈദ്യുത പദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കേരളത്തിൽ വ്യവസായ സൗഹൃദാന്തരീക്ഷമില്ല എന്നാണ് കേരളത്തിലെ പ്രതിപക്ഷവും ഒരുകൂട്ടം മാധ്യമങ്ങളും നിരന്തരമായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇത് വസ്തുതകൾക്ക് നിരക്കുന്നതല്ലെന്ന് കേരളത്തിലെ സാഹചര്യം പരിശോധിച്ചാൽ ഏത് കൊച്ചുകുട്ടിക്കും മനസ്സിലാകും. കോഴിക്കോട് ജില്ലയിലെ Peekay Steels Castings Pvt Ltd. 1,300 കോടിരൂപ ടേണോവറുള്ള സ്ഥാപനമാണ്. അത് ലോകത്തിലെ

അഞ്ച് പ്രമുഖ കമ്പനികളിൽ ഒന്നാണെന്ന് കാണാൻ സാധിക്കും. വ്യവസായ സൗഹൃദം ഇല്ലെങ്കിൽ എങ്ങനെ Peekay Steels Castings Pvt Ltd. കോഴിക്കോട് ജില്ലയിൽ വളർന്ന് പന്തലിച്ചു. കോഴിക്കോട്ടുതന്നെയുള്ള VKC ഗ്രൂപ്പ് പതിനായിരം തൊഴിലാളികൾക്ക് ജോലി നൽകുന്ന 1,250 കോടിരൂപ വിറ്റുവരവുള്ള ഒരു സ്ഥാപനമാണ്. ഇരിങ്ങാലക്കുടയിലെ വജ്രാ റബ്ബർ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, ചന്ദ്രയാൻ, മംഗൾയാൻ ദൗത്യങ്ങൾക്ക് critical component സപ്ലൈ ചെയ്ത ലോകോത്തരമായ സ്ഥാപനമാണെന്ന് കാണാൻ സാധിക്കും. 1972-ൽ കോലഞ്ചേരിയിൽ ആരംഭിച്ച Synthite Industires Private Limited 3,300 കോടിരൂപ വിറ്റുവരവുള്ള ആഗോള ഭീമനായി വളർന്നിരിക്കുന്ന കാഴ്ചയും മൂവാറ്റുപുഴയിലെ ദന്ത് കെയർ ഏഷ്യയിലെ ഏറ്റവും വലിയ കൃത്രിമ പല്ല് നിർമ്മിക്കുന്ന കമ്പനിയായി അഭിമാനപൂർവ്വം തലയുർത്തി നിൽക്കുന്ന കാഴ്ചയും നാം കാണുകയാണ്. അടിമാലിയിലെ Eastern Condiments Private Limited 1,700 കോടിരൂപ വിറ്റുവരവുള്ള സ്ഥാപനമായി വളർന്നിട്ടുണ്ട്. കേരളത്തിൽ വ്യവസായ സൗഹൃദാന്തരീക്ഷം ഇല്ലെങ്കിൽ എങ്ങനെയാണ് ഇതെല്ലാം വളർന്നുവന്നത്. Agappe Diagnostics കോവിഡ് കാലത്ത് ഒന്നേകാൽ കോടി D-Dimer

test നടത്തിയ സ്ഥാപനമായി നമ്മുടെ മുമ്പിലുണ്ട്. ഇന്ത്യയിലെ ആദ്യത്തെ ഗ്രഫീൻ ഉല്പാദിപ്പിക്കുന്ന മുരുഗപ്പാ ഗ്രൂപ്പ് കൊച്ചിയിലാണ് പ്രവർത്തിക്കുന്നതെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തിരുവനന്തപുരത്തെ Terumo Penpol Private Limited ദിവസം ഒന്നര ലക്ഷം ബ്ലഡ് ബാഗ് നിർമ്മിക്കുന്ന സ്ഥാപനമായി വളർന്നുവന്നിട്ടുണ്ട്. ഇതുപോലെ എത്രയെത്ര സ്ഥാപനങ്ങളാണ് കേരളത്തിൽ പ്രവർത്തിച്ച് മുന്നോട്ടുപോകുന്നത്. ഈയിടെ വ്യവസായ രംഗത്തെ ഒരു വിദഗ്ദ്ധൻ പറഞ്ഞത് 50 സ്ഥാപനങ്ങളെയെങ്കിലും ഇതുപോലെ ലിസ്റ്റ് ഔട്ട് ചെയ്യാൻ നമുക്ക് കഴിയുമെന്നാണ്. അതിനർത്ഥം കേരളം സംരംഭകരുടെ സംസ്ഥാനമാണെന്നാണ്. ലോകത്തെ ഏറ്റവും മികച്ച അഞ്ച് സ്റ്റാർട്ട് അപ്പ് എക്കോ സിസ്റ്റത്തിൽ ഒന്ന് കേരളമാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ കഴിഞ്ഞ തവണ 28-ാം സ്ഥാനമായിരുന്ന കേരളം ഇത്തവണ 15-ാം സ്ഥാനത്തേയ്ക്ക് ഉയർന്നതായി കാണാൻ സാധിക്കും. വ്യാവസായിക വളർച്ച 17.3% ആണ്. അതിൽത്തന്നെ മാനുഫാക്ച്ചറിംഗ് ഏരിയയിലെ വളർച്ച 18.3% ആയി ഉയർന്നു. ഇത് എക്കാലത്തെയും കേരള ചരിത്രത്തിലെ എറ്റവും ഉയർന്ന നിരക്കാണെന്ന് നാം

കാണേണ്ടതാണ്. ഒരു വർഷം ഒരു ലക്ഷം സംരംഭം എന്നത് ഒന്നര ലക്ഷത്തിനടുത്ത് എത്തിനിൽക്കുന്ന കാഴ്ച നാം കാണുകയാണ്. മിഷൻ 1000 പ്രകാരം, 1000 എസ്.എം.ഇ.-കളെ കണ്ടെത്തി 100 കോടിരൂപ വിറ്റുവരവുള്ള കമ്പനികളാക്കി മാറ്റുന്നതിനുള്ള കർമ്മപരിപാടികൾ ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നൂറുദിവസംകൊണ്ട് ആവിഷ്കരിച്ച് മുന്നോട്ടുപോകാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. യു.ഡി.എഫ്. ഭരണകാലത്ത് 131.6 കോടിരൂപ നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ഈ വർഷത്തെ പ്രവർത്തന ലാഭം 386.05 കോടിരൂപയായി ഉയർന്നു. കേന്ദ്ര സർക്കാർ വിൽപ്പനയ്ക്കുവച്ച കോട്ടയം എച്ച്.എൻ.എൽ. (ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്) ഈ കാലയളവിൽ സംസ്ഥാനം ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ചു. ദി ഹിന്ദു, ദേശാഭിമാനി തുടങ്ങിയ പത്തിലേറെ പത്രങ്ങൾ ഇവിടത്തെ പേപ്പർ ഉപയോഗിക്കാൻ തുടങ്ങി. കേന്ദ്ര സർക്കാർ വിൽപ്പനയ്ക്കുവച്ച കാസർഗോഡ് KEL Electrical Machines Limited (Formerly BHEL Electrical Machines Limited) എന്ന സ്ഥാപനം

സംസ്ഥാന സർക്കാർ ഏറ്റെടുത്തു. ഇപ്പോൾ അമേരിക്ക, യു.എ.ഇ. തുടങ്ങിയ വിദേശ രാജ്യങ്ങളിൽനിന്നെല്ലാം ജനറേറ്റർ നിർമ്മിക്കുന്നതിനുള്ള ഓർഡർ പ്രസ്തുത കമ്പനിക്ക് ലഭിച്ചിരിക്കുകയാണ്. കേരളം ഏറ്റവും മികച്ച സംരംഭക സംസ്ഥാനമാണെന്ന് കാണിക്കാൻ ഇതുവഴി കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിനെയും വ്യവസായ വകുപ്പിനെയും പ്രത്യേകം അഭിനന്ദിക്കുകയാണ്. വ്യവസായം എന്ന വാക്കിന്റെ അർത്ഥംതന്നെ വലിയതോതിൽ മാറ്റത്തിന് വിധേയമാകുന്ന ഒരു കാലത്തിലൂടെയാണ് നാം മുന്നോട്ടുപോകുന്നത്. വലിയ മാനുഫാക്ചറിംഗ് സംവിധാനം, ആയിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്ന കൂറ്റൻ ഫാക്ടറികൾ, പ്രകൃതി സമ്പത്തിന്റെ അളവറ്റ പ്രയോഗം, ഹെക്ടർ കണക്കിന് ഭൂമി തുടങ്ങിയവയൊക്കെയാണ് പഴയ വ്യവസായ സങ്കൽപം. ഇതെല്ലാമിപ്പോൾ മാറ്റത്തിന് വിധേയമായിരിക്കുകയാണെന്ന് നാം കാണേണ്ടതാണ്. നാലാം വ്യാവസായിക വിപ്ലവം (ഫോർത്ത് ഇൻഡസ്ട്രിയൽ റെവല്യൂഷൻ) എന്ന് വിളിക്കപ്പെടുന്ന ദിശയിലൂടെയാണ് നാം കടന്നുപോകുന്നത്. സുസ്ഥിര വികസനവും വിഭവങ്ങളുടെ സന്തുലിത പ്രയോഗവും ഉറപ്പുവരുത്തുന്ന

പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾക്ക് മാത്രമേ ഇനി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ഫിസിക്കൽ, ഡിജിറ്റൽ, ബയോളജിക്കൽ എന്നീ ഘടകങ്ങളുടെ സംയോജനമാണ് നാലാം വ്യാവസായിക വിപ്ലവത്തിന്റെ സവിശേഷത. ആവി എഞ്ചിൻ കണ്ടുപിടിച്ച് വലിയതോതിൽ ഉൽപാദനം നടത്തിയ ഒന്നാംഘട്ടവും വൈദ്യുതിയുടെ ആവിർഭാവത്തോടെ വന്ന രണ്ടാംഘട്ടവും കമ്പ്യൂട്ടറും ഓട്ടോമേഷനും കൊണ്ടുവന്ന മൂന്നാംഘട്ടവും കഴിഞ്ഞ്, നിർമ്മിത ബുദ്ധിയുടെയും ബയോളജിക്കൽ ടെക്നോളജിയുടെയും നാലാംഘട്ടത്തിലൂടെയാണ് നാം ഇപ്പോൾ കടന്നുപോകുന്നത്. ഈ പശ്ചാത്തലത്തിലാണ് കേരളത്തിന്റെ വർത്തമാന, ഭാവി വ്യവസായവൽക്കരണ ശ്രമങ്ങളെ രൂപപ്പെടുത്താനും ആസൂത്രണം ചെയ്യാനുമുള്ള ശ്രമങ്ങൾ വേണ്ടത്. നാലാം വ്യവസായ വിപ്ലവത്തിന്റെ അടിസ്ഥാനശിലയായ ഉയർന്ന നിലവാരമുള്ള മനുഷ്യ വിഭവശേഷി വലിയ രീതിയിൽ കൈവരിച്ച ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളമെന്നത് അഭിമാനകരമാണ്. ഈ നിലയിൽ വ്യവസായത്തിന് ഏറ്റവും പാകപ്പെട്ട മണ്ണായി കേരളം മാറിയിരിക്കുകയാണ്. ഏറ്റവും ഗുണനിലവാരമുള്ള മാനുഷിക വിഭവശേഷി എന്ന അടിസ്ഥാനപരമായ ശക്തിയിൽ ഊന്നിനിന്ന്

നാം ആർജ്ജിച്ച ഉയർന്ന ജീവിതനിലവാരം നിലനിർത്തിക്കൊണ്ട് ഉയർന്ന മൂല്യമുള്ള വ്യവസായങ്ങൾ എന്ന ദിശയിലേയ്ക്കുള്ള കേരളത്തിന്റെ വ്യാവസായിക വികസനത്തെ നയിക്കാനുള്ള ശ്രമങ്ങൾ ഇടതുപക്ഷ സർക്കാർ നടത്തുന്നുവെന്നത് സ്വാഗതാർഹമാണ്. തൊഴിലാളികൾക്ക് ഉയർന്ന വേതനവും ജീവിത നിലവാരവും ഉറപ്പുവരുത്താൻ കഴിയാത്ത, കുറഞ്ഞ മൂല്യമുള്ള വ്യവസായങ്ങൾക്ക് നിലനിൽക്കാൻ കഴിയില്ല എന്ന വസ്തുതകൂടി നാം ഉൾക്കൊള്ളേണ്ടതുണ്ട്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടാകണം കൈത്തറി, ഖാദി, കയർ, കശുവണ്ടി മുതലായ വ്യവസായ മേഖലകളെ കാണേണ്ടത്. ഈ മേഖലകളെ ആധുനികവൽക്കരിക്കണം, അല്ല, അത്യന്താധുനികവൽക്കരിക്കണം. എങ്കിൽ മാത്രമേ ഈ മേഖലയെ നമുക്ക് സംരക്ഷിക്കാൻ കഴിയുകയുള്ളൂ. ആധുനിക വ്യവസായത്തിനും സംരംഭകർക്കും അനുയോജ്യമായ niche മാർക്കറ്റാണ് കേരളമെന്ന് ബ്രാൻഡ് ചെയ്യാൻ കഴിയണം. ലോകത്തിലെ വിവിധ മേളകളിൽ പങ്കെടുത്തുകൊണ്ട് ടൂറിസം വകുപ്പ് കേരളത്തെ ബ്രാൻഡ് ചെയ്യുന്നത് നാം കാണുന്നുണ്ട്. ഇന്ത്യയിലെ ഏറ്റവും മികച്ച മാനവ വിഭവശേഷിയുള്ള സംസ്ഥാനമാണ് കേരളമെന്ന് അവതരിപ്പിക്കാൻ നമുക്ക്

കഴിയണം. പ്ലസ് ടു മുതലുള്ള പാഠ്യപദ്ധതിയിൽ സംരംഭകത്വം ഒരു വിഷയമായി പഠിപ്പിക്കാൻ കഴിയണം. വർഷാവർഷം കോടിക്കണക്കിന് രൂപയുടെ ചരക്ക് ഇറക്കുമതി ചെയ്യുന്ന ഒരു സംസ്ഥാനമാണ് കേരളം. കേരളത്തിനാവശ്യമായ നൂറ് വ്യവസായങ്ങൾ കണ്ടെത്തി അതിന്റെ മാർക്കറ്റിംഗ് സ്റ്റഡിയും കോംപിറ്റേറ്റീവ് സ്റ്റഡിയും നടത്തി പ്രോജക്ട് തയ്യാറാക്കി സംരംഭകരെ നമ്മുടെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ കഴിയണം. ഇന്ത്യയുടെ 1.1 ശതമാനം ഭൂവിസ്തൃതിയുള്ള കേരളത്തിൽ വലിയ തീരമേഖലയാണുള്ളത്. സാങ്കേതിക സഹായത്തോടെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെക്കൂടി സംഘടിപ്പിച്ച് പി.പി.പി. (പബ്ലിക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പ്) മാതൃകയിൽ മറൈൻ ഇൻഡസ്ട്രി തുടങ്ങാൻ കഴിയുമോ എന്ന കാര്യം ഗൗരവമായി പരിശോധിക്കേണ്ടതാണ്. വ്യാവസായിക വിപ്ലവത്തെ വരവേൽക്കാൻ ഏറ്റവും പാകപ്പെട്ട മണ്ണായി കേരളം മാറുമ്പോൾ നാം എങ്ങനെ ഇതുവരെയെത്തി എന്നതുകൂടി പരിശോധിക്കേണ്ടതാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി എപ്പോഴൊക്കെ കേരളത്തിൽ അധികാരത്തിൽ വന്നിട്ടുണ്ടോ അപ്പോഴെല്ലാമെടുത്ത ഭരണ നടപടികളും ഭരണ നയങ്ങളുമാണ് ഇന്നത്തെ കേരളത്തെ രൂപപ്പെടുത്തിയത് എന്ന വസ്തുത നാം

കാണേണ്ടതുണ്ട്. 1957-ൽ മഹാനായ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ആദ്യ മന്ത്രിസഭ അധികാരത്തിൽ വന്നപ്പോൾ ജനകീയ വിദ്യാഭ്യാസ നയം, ജനകീയ ആരോഗ്യ നയം എന്നിവ ആവിഷ്കരിച്ചു. ജന്മിത്വത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന ഏറ്റവും മാരകമായ നിയമം അന്ന് പാസ്സാക്കി. 1967-ലെ സപ്തകക്ഷി മുന്നണി ഭരണകാലത്ത് സമഗ്രമായ ഭൂപരിഷ്കരണ ഭേദഗതി നിയമം പാസ്സാക്കുകയുണ്ടായി. നൂറ്റാണ്ടുകളായി ഗ്രാമീണ മേഖലയിൽ അടിച്ചമർത്തപ്പെട്ടിരുന്ന അടിയാളന്മാരുടെയും തൊഴിലാളികളുടെയും കൈവശക്കാരുടെയും സ്വാതന്ത്ര്യ പ്രഖ്യാപനം കൂടിയായിരുന്നു അതെന്ന് നാം കാണേണ്ടതാണ്. 27 ലക്ഷം കൈവശക്കാർക്ക് സ്ഥിരാവകാശവും 6 ലക്ഷം പേർക്ക് കുടികിടപ്പവകാശവും എന്നത് മാത്രമല്ല, നാട്ടിൻ പ്രദേശത്തെ ജന്മികളുടെ സാമ്പത്തികവും സാമൂഹികവുമായ ചൂഷണം എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കാനുള്ള നടപടികൾകൂടിയായിരുന്നു ഇതെന്ന് കാണാം. ഇങ്ങനെ കേരളത്തിൽ പല കാലഘട്ടങ്ങളിലും കൊണ്ടുവന്ന പരിഷ്കരണ/ഭരണ നടപടികളാണ് ഇന്ന് മനുഷ്യ വിഭവശേഷിയിൽ ലോകത്തിന്റെ മുന്നിൽ തലയുയർത്തി നിൽക്കുന്നതിനുള്ള പ്രാപ്തി കേരളത്തിനുണ്ടാക്കിയത് എന്ന് നാം

കാണേണ്ടതാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കോഴിക്കോടിനെ സംബന്ധിച്ച് ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. കോക്കനട്ട് സോണായി നേരത്തെതന്നെ വ്യവസായ വകുപ്പ് പ്രഖ്യാപിച്ച ജില്ലയാണ് കോഴിക്കോട്. കുറ്റ്യാടി നാളികേര ഇൻഡസ്ട്രിയൽ പാർക്ക് ഉൾപ്പെടെയുള്ള വിവിധ വ്യവസായ പാർക്കുകൾക്ക് ഏകദേശം 31 കോടി രൂപയിലധികം ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ആവശ്യമായ പണം കുറ്റ്യാടി കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്കിന് നീക്കിവയ്ക്കുകയും 2026 ഡിസംബറിൽ നിർമ്മാണം പൂർത്തീകരിക്കുമെന്ന് പാർക്കിന് തറക്കല്ലിടുന്ന ഘട്ടത്തിൽ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സമയബന്ധിതമായി പൂർത്തീകരിക്കാൻ അദ്ദേഹം പ്രത്യേകം താൽപര്യം കാണിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായത്തെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥനകളിൽ എല്ലാവരും

പങ്കെടുത്ത് ചർച്ച ചെയ്യണമെന്നാണ് യഥാർത്ഥത്തിൽ കേരളീയ സമൂഹം പ്രതീക്ഷിക്കുന്നത്. കേരളത്തിന്റെ ഭാവിക്ക് വ്യവസായ മേഖലയിലുള്ള സമഗ്ര പുരോഗതിയും കുതിച്ചുചാട്ടവും അനിവാര്യമാണെന്ന കാര്യത്തിൽ നാടിനെ സ്നേഹിക്കുന്ന ആർക്കും തർക്കമുണ്ടാകില്ല. അതിന് എല്ലാവരും യോജിച്ചാണ് നിൽക്കേണ്ടത്. തർക്കിക്കേണ്ട പ്രശ്നങ്ങളുണ്ടാകാം, രാഷ്ട്രീയമായ വിയോജിപ്പുകളുടെ പ്രശ്നങ്ങളുണ്ടാകാം. എന്നാൽ നാടാകെ ഒന്നിച്ച് നിൽക്കേണ്ട സന്ദർഭങ്ങളിൽ സങ്കുചിത ചിന്താഗതികളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ പ്രതിപക്ഷം സ്വീകരിക്കുന്ന നിലപാടിന് കേരളം ഒരിക്കലും മാപ്പുനൽകില്ല എന്നാണ് എനിക്ക് ആമുഖമായി സൂചിപ്പിക്കാനുള്ളത്. ഇന്ന് അത്ഭുതകരവും അസാധാരണവുമായ രീതിയാണ് പ്രതിപക്ഷം സ്വീകരിച്ചത്. തീ അണഞ്ഞത് അവരെ വല്ലാതെ ദുഃഖിപ്പിക്കുകയോ അലോസരപ്പെടുത്തുകയോ ചെയ്യുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ സംസ്ഥാനത്തെ ഫയർ ഫോഴ്സ്, പോലീസ്, ആരോഗ്യം തുടങ്ങിയ വിവിധ വിഭാഗങ്ങളുടെയും സന്നദ്ധ പ്രവർത്തകരുടെയും സിവിൽ ഫോഴ്സിന്റെയുമെല്ലാം സമർപ്പണത്തോടെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിലെ തീ അണയ്ക്കാൻ

കഴിഞ്ഞുവെന്നുള്ളത് അഭിമാനകരമായ നേട്ടംതന്നെയാണ്. അമേരിക്കയിൽ അലബാമയിൽ മാലിന്യമലയ്ക്ക് തീപിടിച്ചതുസംബന്ധിച്ച് ഇന്നലെ ബഹുമാന്യനായ തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇപ്പോഴും ഇന്റർനെറ്റിൽ നോക്കിയാൽ അതിനെപ്പറ്റി അറിയാൻ കഴിയും. അവിടെ പതിമൂന്ന് ഏക്കറിലെ മാലിന്യമലയ്ക്ക് നവംബറിൽ തീ പിടിച്ചത് ഇപ്പോഴും അണയ്ക്കാൻ കഴിഞ്ഞിട്ടില്ലെന്നും വീണ്ടും അവിടെ തീ വരുന്നുവെന്നും കഴിഞ്ഞ ദിവസം അമേരിക്കൻ മീഡിയ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 75 ഏക്കറിൽ 73 മീറ്റർ ഉയരത്തിലുള്ളതാണ് ഡൽഹിയിലെ മാലിന്യമല. ഇന്ത്യയിൽ ഇതുപോലുള്ള മാലിന്യ മലകളെക്കുറിച്ച് നിരവധി റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ഡൽഹി ബേസ്ഡ് ആയിട്ടുള്ള സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റ് (സി.എസ്.ഇ.)-ന്റെ റിപ്പോർട്ട് പ്രകാരം ഇത്തരത്തിൽ 3159 മാലിന്യ മലകളാണ് നമ്മുടെ രാജ്യത്തുള്ളത്. അതിൽ 800 മില്യൺ അതായത് ഏകദേശം 80 കോടി ടൺ മാലിന്യമുണ്ടെന്നാണ് കണക്കാക്കുന്നത്. മാലിന്യമലയ്ക്ക് തീ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യുകയും തീ അണയ്ക്കുന്ന

സന്ദർഭത്തിൽ അതിൽ പങ്കെടുത്ത ആളുകളെ അഭിനന്ദിക്കുകയും ചെയ്യുന്ന നിലപാടായിരുന്നു ഇന്ന് പ്രതിപക്ഷം സ്വീകരിക്കേണ്ടിയിരുന്നത്. അതിനുപകരം ഇത്തരത്തിലുള്ള ഒരു രീതി സ്വീകരിച്ചത് അങ്ങേയറ്റം തെറ്റാണ്. പ്രതിപക്ഷത്തിന്റെ അടിയന്തരപ്രമേയ നോട്ടീസ് വായിച്ചാൽത്തന്നെ അതിന്റെ പൊള്ളത്തരം മനസ്സിലാകുമെന്ന് തുടക്കത്തിൽത്തന്നെ ഞാൻ സൂചിപ്പിക്കുകയുണ്ടായി. കൊച്ചി കോർപ്പറേഷൻ കൗൺസിലിൽ പങ്കെടുക്കാനെത്തിയ കൗൺസിലർമാരെ തടഞ്ഞ പ്രശ്നമാണ് നോട്ടീസിലുള്ളത്. ഞാൻ നേരത്തെ അതിവിടെ സൂചിപ്പിക്കുകയുണ്ടായി. 'ഇന്ന് ചേരാനിരിക്കുന്ന കൗൺസിലിൽ മേയർ അദ്ധ്യക്ഷത വഹിക്കുന്നു, തങ്ങൾ അതിൽ പങ്കെടുക്കില്ല' എന്ന് എഴുതി പ്രതിപക്ഷ കൗൺസിലർമാർ എല്ലാവരും ഒപ്പിട്ട് നൽകിയതിനുശേഷം കൗൺസിലിൽ പങ്കെടുക്കാൻ പോയി എന്നുപറയുന്ന ആളുകളെ പോലീസ് മർദ്ദിച്ചു എന്നുപറഞ്ഞ് ഒരു നോട്ടീസുമായി വന്ന് ഈ രൂപത്തിൽ നിയമസഭയെ തടസ്സപ്പെടുത്തുന്ന പ്രതിപക്ഷത്തിന്റെ സമീപനം അങ്ങേയറ്റം ലജ്ജാകരമാണ്. എന്തായാലും അവർ മറുപടിക്ക് നിൽക്കാതെ സഭവിട്ട് പുറത്തുപോയി. മറുപടി പറയുന്ന മന്ത്രിയെ തെരഞ്ഞെടുക്കുന്നതിൽ എന്തോ തർക്കമുണ്ടായി എന്നാണ് ഞാൻ

മനസ്സിലാക്കിയത്. അങ്ങനെ തർക്കവും ബഹളവുമായി അവസാനം അവർ ഇറങ്ങിപ്പോയതായാണ് തോന്നുന്നത്, അതാണവരുടെ രീതി. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. കേരളം പോലെയുള്ള സംസ്ഥാനത്ത് ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ഒന്നിച്ച് പ്രവർത്തിക്കാനാണ് നമ്മുടെ നാട് ആവശ്യപ്പെടുന്നത്. രണ്ട് കാര്യങ്ങൾ യു.ഡി.എഫ്.-നെ അലോസരപ്പെടുത്തിയിട്ടുണ്ടാകും. ഒന്ന്, ഏഴ് വർഷമായിട്ടുള്ള മാലിന്യം സംബന്ധിച്ച മുഴുവൻ കണക്കുകളും രേഖകളും ലഭ്യമാക്കാൻ ഇന്നലെ കോടതി ആവശ്യപ്പെട്ടത് സഭയ്ക്കകത്തും പുറത്തുമുള്ള ചില കോൺഗ്രസിന്റെ ആളുകളുടെ ഉറക്കം കെടുത്തിയിട്ടുണ്ടെന്നുള്ള കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. രണ്ട്, ഇന്നലെ കോടതി മറ്റൊരു കാര്യംകൂടി പറഞ്ഞു. കൊച്ചി നഗരസഭയ്ക്കെതിരായ ഉത്തരവുകളുടെ സ്റ്റേ നീക്കി അതായത് ഗ്രീൻ ട്രിബ്യൂണൽ എടുത്ത ഉത്തരവിന് ഹൈക്കോടതി സ്റ്റേ നൽകിയിരുന്നു. ആറുമാസത്തിനുള്ളിൽ ബ്രഹ്മപുരത്ത് പുതിയ സംസ്കരണ പ്ലാന്റ് സ്ഥാപിക്കണമെന്ന് 2018 ഒക്ടോബർ 23-ന് ട്രിബ്യൂണൽ ഉത്തരവിട്ടിരുന്നു. അന്നത്തെ കോർപ്പറേഷൻ ഭരണസമിതി അതിന് കോടതിയിൽനിന്നും സ്റ്റേ വാങ്ങി. ആ ഭരണസമിതിയെ നയിച്ചത്

യു.ഡി.എഫ്. ആണ്. അന്നവർ നൽകിയ ഉറപ്പുകൾ 30 ശതമാനമെങ്കിലും നടപ്പാക്കിയിരുന്നെങ്കിൽ ഇപ്പോഴുണ്ടായ ദുരിതമുണ്ടാകുമായിരുന്നില്ലെന്നാണ് കോടതി പറഞ്ഞത്. മാതൃഭൂമി ഉൾപ്പെടെയുള്ള എല്ലാ ദിനപത്രങ്ങളിലും ഈ വാർത്ത റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിന്റെ പാപഭാരം ഇപ്പോൾ പുറത്തേയ്ക്ക് വരുമോ എന്ന ഭയമുള്ളതുകൊണ്ട് ഇത്തരം കാര്യങ്ങൾ തെറ്റായ രൂപത്തിൽ ചർച്ചയിലേയ്ക്ക് വലിച്ചിഴയ്ക്കാനുള്ള നീക്കം ഇതിനുപുറകിലുണ്ടെന്നാണ് സംശയിക്കുന്നത്. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ബ്രഹ്മപുരത്ത് അഭിമാനകരമായ പ്രവർത്തനമാണ് ഫയർഫോഴ്സ് നടത്തിയത്. ഈ സഭയിലെ ഒരു ജനപ്രതിനിധി അവിടെ സന്ദർശിച്ചിട്ട്...., അവിടെ നിൽക്കുന്ന അന്തരീക്ഷമറിയാം. ദുരന്ത സന്ദർഭത്തിൽ നമ്മളെല്ലാവരും അവിടെ ഓടിപ്പോയി, നമ്മുടെ പിറകിൽ ഇവരെല്ലാവരും വന്നു. ദുരന്തഘട്ടങ്ങളിൽ ചെയ്യേണ്ടത് അതല്ലെന്ന് കേരളം പല ഘട്ടങ്ങളിലും തെളിയിച്ചിട്ടുള്ളതാണ്. യു.ഡി.എഫ്. എം.എൽ.എ.-മാർ അവിടെ സന്ദർശനം നടത്തിയിട്ട് ഒരു ജനപ്രതിനിധിയുടെ വീഡിയോ വൈറലായി വരുന്നുണ്ട്. ആ ഫയർ ഫോഴ്സിനെ അധിക്ഷേപിക്കുകയാണ്; 'നിങ്ങളെക്കൊണ്ട് തീ അണയ്ക്കാൻ പറ്റില്ല, നിങ്ങൾ അതാണ് റിപ്പോർട്ട്

ചെയ്യേണ്ടത്, നിങ്ങളവിടെ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്; തീ കത്താൻ തുടങ്ങിയിട്ട് എത്ര ദിവസമായി; ആദ്യത്തെ ദിവസം നിങ്ങൾ തീ അണച്ചോ' തുടങ്ങിയ ചോദ്യങ്ങളാണ് ഉന്നയിക്കുന്നത്. "എന്നാൽ ഞങ്ങൾ അങ്ങയെ ഏൽപ്പിക്കാം, ഒരു മാസംകൊണ്ടെങ്കിലും അണച്ചുതരു" എന്ന് ഗതികെട്ട് ഒരാൾ ചെറിയ ശബ്ദത്തിൽ പറയുന്നത് കേൾക്കാൻ കഴിയും. ജീവനുപോലും ഭീഷണിയുണ്ടാകുന്ന ഈ പ്രത്യേക സാഹചര്യത്തിൽ രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ സമർപ്പണത്തോടെ ജോലിചെയ്യുന്ന ഫയർ ഫോഴ്സിന്റെ ആത്മധൈര്യം കെടുത്താൻ ശ്രമിച്ചിരുന്ന ആളുകൾ, ഇപ്പോൾ തീ അണഞ്ഞപ്പോഴുണ്ടായ ദുഃഖമാണ് ഇത്തരത്തിലുള്ള അപഹാസ്യമായ പ്രവൃത്തികളിലേയ്ക്ക് അവരെ എത്തിക്കുന്നത്. ഞങ്ങൾ ആദ്യത്തെ ദിവസം ചർച്ച ചെയ്തപ്പോൾ അവിടത്തെ മുൻ ഡെപ്യൂട്ടി മേയർ ശ്രീ. ടി. ജെ. വിനോദ് പറഞ്ഞത്, കാർബൺഡൈ ഓക്സൈഡ് ഉപയോഗിക്കാം, വെള്ളം ആയാൽ പുക വരും എന്നാണ്. ആയിക്കോട്ടെ നോക്കാം. 110 ഏക്കറിലാണ് ഇത് സ്ഥിതിചെയ്യുന്നത്. 2020-ലെ റിപ്പോർട്ട് പ്രകാരം യു.ഡി.എഫ്.-ന്റെ കാലത്ത് 43 ഏക്കറിലാണ് മാലിന്യമലയുണ്ടായിരുന്നത്. അവിടെ തുറന്ന സ്ഥലമായതുകൊണ്ട് കാർബൺഡൈ ഓക്സൈഡ് ഉപയോഗിക്കുന്നത്

പ്രായോഗികമല്ല. കൃത്രിമ മഴ പെയ്യിച്ചുകൂടെ എന്നാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് രണ്ടാമതായി ചോദിച്ചത്? ഞങ്ങൾ അതിനുമുമ്പുതന്നെ അത് ചർച്ച ചെയ്തിരുന്നു. ഞാൻ കഴിഞ്ഞ സഭയിലുണ്ടായിരുന്ന ആളല്ല, ഈ സഭയിലെ പുതിയ ആളാണ്. കൃത്രിമ മഴ സംബന്ധിച്ച വിഷയം 2017-ൽ നിയമസഭ ചർച്ച ചെയ്തപ്പോൾ കൃത്രിമ മഴ പെയ്യിക്കാൻ നോക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ടായിരുന്നു. അന്ന് കേന്ദ്രത്തിന് കൊടുത്തപ്പോൾ, ഇന്ത്യയിൽ പല സംസ്ഥാനത്തും അത്തരത്തിൽ ശ്രമിച്ചിട്ടും വിജയിച്ചിട്ടില്ലെന്നാണ് യൂണിയൻ ഗവൺമെന്റ് പറഞ്ഞത്. ഇത്രയും ചെലവ് വരുന്നതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കണ്ടെന്നാണ് പറഞ്ഞത്. വരൾച്ച രൂക്ഷമായ ഘട്ടത്തിൽ ഈ നിയമസഭ ചർച്ച ചെയ്ത് തീരുമാനിച്ചതാണ്. എന്നാലും ഞങ്ങൾ വിദഗ്ദ്ധരുമായി ചർച്ച ചെയ്തപ്പോൾ ചില രാജ്യങ്ങളിൽ കൃത്രിമ മഴ പെയ്യിക്കുന്നുണ്ടെന്നാണ് അവർ പറഞ്ഞത്. പക്ഷേ ഈ നടുത്തളത്തിലോ ഹാളിലോ അത് പെയ്യിക്കണമെന്ന് വിചാരിച്ചാൽ സാധിക്കില്ല, കാറ്റിനനുസരിച്ച് പെയ്യിച്ച സ്ഥലങ്ങളിൽത്തന്നെ പ്രശ്നമുണ്ട്. ബ്രഹ്മപുരത്തെ പ്രശ്നം, 5-6 മീറ്റർ അടിയിലേയ്ക്കാണ് തീ നിൽക്കുന്നത്. അത്രയും താഴ്ചയിലേയ്ക്ക് ഇളക്കി മറിച്ച് അതിലേയ്ക്ക് വെള്ളം പമ്പ് ചെയ്താൽ

മാത്രമേ തീ അണയ്ക്കാൻ സാധിക്കുകയുള്ളൂ. ഏകദേശം തീ അണഞ്ഞുവെന്ന് ഞങ്ങൾ നടത്തിയ പത്രസമ്മേളനങ്ങളിലും പറഞ്ഞിട്ടുണ്ട്. തീ അണഞ്ഞുവെന്ന് കരുതി പോകുമ്പോൾ വീണ്ടും തീയുണ്ടാകുന്ന സ്ഥിതിയാണുള്ളത്. അങ്ങനെയാണ് Pro crane, JCB തുടങ്ങിയവ കൊണ്ടുവരികയും അവ ഉപയോഗിച്ച് ഇളക്കിമറിക്കുകയും ചെയ്തത്. ആലപ്പുഴയിൽനിന്ന് പമ്പ് കൊണ്ടുവന്ന് ലഭ്യമാകുന്ന സ്ഥലങ്ങളിൽനിന്നെല്ലാം വെള്ളം ചീറ്റാനുള്ള സംവിധാനങ്ങളുണ്ടാക്കുകയും ചെയ്തു. എല്ലാ രീതികളും പ്രയോഗിച്ചശേഷമാണ് ഈ രീതി പ്രയോഗിച്ച് തീ അണയ്ക്കാൻ സാധിച്ചത്. ഏറ്റവും ശരിയായ രീതിതന്നെയാണ് ഫയർ ഫോഴ്സ് സ്വീകരിച്ചത്. അതുപോലെ, air compressed foam ഉപയോഗിച്ച് തീയണയ്ക്കാം. കാരണം, പ്ലാസ്റ്റിക് കത്തുമ്പോൾ foam മുകളിലിട്ടാൽ ഓക്സിജനുമായുള്ള സമ്പർക്കം കുറയുകയും തീ അണയുകയും ചെയ്യും. അങ്ങനെയുള്ള രീതി സ്വീകരിക്കാറുണ്ട്. അത് രണ്ട് ഏക്കറിൽ കുറവുള്ള സ്ഥലങ്ങളിൽ മാത്രമേ പ്രായോഗികമാകുകയുള്ളൂ. എന്നാൽ ഈ foam പൊട്ടിയാൽ അതിനേക്കാളേറെ പ്രശ്നമുണ്ടാകുകയും ചെയ്യും. ഇത്തരം കാര്യങ്ങൾ വിദേശത്തുപോലും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ

സ്വീകരിച്ച ഈ രീതി ശാസ്ത്രീയമാണെന്ന് വിലയിരുത്തിയതിന്റെ ഭാഗമായാണ് നമുക്ക് വിജയിക്കാൻ കഴിഞ്ഞത്. എന്നാലും 48 മണിക്കൂർ ജാഗ്രത വേണമെന്ന് തീരുമാനിച്ചിട്ടുണ്ട്. landfill ചെയ്ത ചില സ്ഥലങ്ങളിൽ ഇപ്പോഴും മാലിന്യമുണ്ടാകില്ല. പെട്ടെന്ന് തീ പിടിക്കുന്ന സ്ഥലങ്ങളുണ്ട്. കുറേക്കാലമായി മണ്ണിനടിയിൽ കിടക്കുന്ന പ്ലാസ്റ്റിക് വേസ്റ്റുകളുടെ പ്രതിപ്രവർത്തനത്തിന്റെ ഭാഗമായുണ്ടാകുന്ന മീഥെൻ പോലുള്ള വാതകങ്ങൾ തീപിടിത്തത്തിനുകാരണമാകുന്നുണ്ട്. ആ ജാഗ്രതകൂടി കണക്കിലെടുത്ത് ഈ ഫേസ് 48 മണിക്കൂർകൂടി അവിടെ നിൽക്കുകയാണ്. ഇത്തരം കാര്യങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്ന് ചർച്ചചെയ്ത് യോജിച്ചുപോകുന്നതിനും മാലിന്യ സംസ്കരണത്തിന്റെ ശാസ്ത്രീയമായ കർമ്മപദ്ധതി ചർച്ച ചെയ്യുന്നതിനുംവേണ്ടിയാണ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം ഇന്നലെ കൗൺസിൽ വിളിച്ചത്. എന്നാൽ ആ കൗൺസിലിൽ പങ്കെടുക്കാതിരിക്കുന്ന സമീപനമാണ് ഇന്നലെ യു.ഡി.എഫ്. സ്വീകരിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ ഇന്നിവിടെ ബഹിഷ്കരണം നടത്തിയത് അങ്ങേയറ്റം തെറ്റായിപ്പോയി. ഇന്നത്തെ കാലഘട്ടത്തെ ശരിയായി

നോക്കുന്നയാളുകളെല്ലാം പ്രത്യേകിച്ചും പുതിയ തലമുറ ഇത്തരം സമീപനങ്ങളോട് യോജിക്കില്ല. അവർക്കൊപ്പം നിൽക്കുന്ന ആളുകളും ഇതിനെ തള്ളിപ്പറയുമെന്നുതന്നെയാണ് കരുതുന്നത്. നേരത്തെ സംരംഭക സംഗമം എറണാകുളത്ത് സംഘടിപ്പിച്ചപ്പോൾ തലേദിവസംവരെ വരുമെന്ന് പറഞ്ഞയാളുകൾ അന്ന് വന്നില്ല. പ്രതിപക്ഷനേതാവിനെ ഞാൻ രാവിലെ വിളിക്കുന്നുണ്ടായിരുന്നു, പങ്കെടുക്കാൻ പാടില്ലെന്നുപറഞ്ഞ് ഞങ്ങൾക്കൊരു വിപ്പ് വന്നിട്ടുണ്ടെന്ന് എം.എൽ.എ.-മാർ പറഞ്ഞു. വരുന്നവരിൽ നല്ലൊരു പങ്കും നിങ്ങളുടെ രാഷ്ട്രീയമുള്ള ആളുകളായിരിക്കുമെന്നും ഞങ്ങളുടെ രാഷ്ട്രീയമുള്ള സംരംഭകരൊന്നും അധികമുണ്ടാകില്ലെന്നും ഞാൻ അവരോട് പറഞ്ഞു. നിങ്ങളുടെ ആളുകളോട് നിങ്ങൾക്ക് പറയാമല്ലോ, അല്ലെങ്കിൽ നിങ്ങളുടെ മണ്ഡലത്തിലുള്ള ആളുകളായിരിക്കുമല്ലോ വരുന്നത്, നിങ്ങൾക്ക് അവരെ അഭിസംബോധന ചെയ്യാൻ കിട്ടുന്ന അവസരമല്ലേ എന്ന് പറഞ്ഞപ്പോൾ അവരിൽ നല്ലൊരു പങ്ക് ആളുകളും പറഞ്ഞത്, ഞങ്ങൾക്കൊക്കെ താൽപര്യമുണ്ട്, പക്ഷേ ഇങ്ങനെയായിപ്പോയി തീരുമാനം എന്നാണ്. ആ സമീപനം കേരളത്തിന് ഗുണം ചെയ്യുന്നതല്ല, വ്യവസായത്തിന്റെ കാര്യത്തിൽ നല്ലൊരു അന്തരീക്ഷം രൂപംകൊള്ളുന്നുണ്ട്.

അതിൽ ജനപ്രതിനിധികൾ, പഞ്ചായത്ത് ഭരണസമിതികൾ, മുനിസിപ്പൽ ഭരണസമിതികൾ, കോർപ്പറേഷൻ ഭരണസമിതികൾ, എം.എൽ.എ.-മാർ, എം.പി.-മാർ എല്ലാവരും പൊതുവേ കക്ഷി രാഷ്ട്രീയത്തിനതീതമായ നിലപാട് സ്വീകരിക്കുന്നുണ്ട്. അത് ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോയാൽ മാത്രമേ ഉൽപാദന രംഗത്ത് നമ്മുടെ നാടിന് പുരോഗതിയുണ്ടാകുകയുള്ളൂ. ജി.എസ്.ടി. വന്നതിനുശേഷം സാമ്പത്തിക വിഭവസമാഹരണത്തിന് പരിമിതികളുണ്ട്. ആ പരിമിതികൾ മറികടക്കണമെങ്കിൽ ഉൽപാദനം വർദ്ധിക്കണം. ഉൽപാദനം വർദ്ധിച്ചാൽ അതിന്റെ ഭാഗമായി വ്യത്യസ്ത സ്വഭാവങ്ങളിലുള്ള നികുതിയുടെ വർദ്ധനവുണ്ടാകും. അതായിരിക്കും നമ്മുടെ ആഭ്യന്തര വിഭവസമാഹരണത്തിനും സമ്പദ്ഘടനയുടെ ചലനാത്മകതയ്ക്കും സഹായകമാകുന്നത്. അതിനെല്ലാവരും ചേർന്നുനിൽക്കണം. അതിനുള്ള നല്ല സൂചകങ്ങളാണ് ഇപ്പോൾ കണ്ടിട്ടുള്ളത്. കുറേകാലങ്ങൾക്കുശേഷം വ്യവസായ മേഖലയ്ക്ക് 17.3 ശതമാനം വളർച്ചയുണ്ടാക്കാൻ കഴിഞ്ഞുവെന്നത് എടുത്തുപറയേണ്ട കാര്യമാണ്. അതിൽത്തന്നെ ശ്രദ്ധേയമായത്, ആഭ്യന്തര ഉൽപാദനത്തിന്റെ അതായത് സ്റ്റേറ്റ് ജി.ഡി.പി.-യുടെ വളർച്ചാ നിരക്ക് 12

ശതമാനമാകുമ്പോൾ 17.3 ശതമാനത്തേക്കാളും വളരെ ഉയർന്ന രീതിയിലേയ്ക്ക് വ്യവസായ മേഖലയ്ക്ക് വളർച്ചയുണ്ടായി. അതിന്റെ ലളിതമായ അർത്ഥം, വ്യവസായ മേഖലയിലുണ്ടായ ഈ കുതിച്ചുചാട്ടത്തോടുകൂടിയാണ് 12 ശതമാനമെന്നുള്ള സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് സഹായിച്ചിട്ടുള്ള ഏറ്റവും പ്രധാനഘടകം. കേരളത്തിന്റെ വ്യവസായ മേഖലയിൽ എപ്പോഴും കാണുന്ന പരിമിതി പ്രത്യേകിച്ച് സേവനമേഖലയിലാണ് കൂടുതലും കേന്ദ്രീകരിക്കുന്നത്. എന്നാൽ പൊതുവേ മാനുഫാക്ച്ചറിംഗ് സെക്ടറിന്റെ കോൺട്രിബ്യൂഷൻ കുറവാണ്. കേരള ചരിത്രത്തിൽ സമാനതകളില്ലാത്തൊരു പുരോഗതി (18.9 ശതമാനം) മാനുഫാക്ച്ചറിംഗ് സെക്ടറിലുണ്ടായി എന്നുള്ളത് എടുത്തുപറയേണ്ട നേട്ടമായിട്ടാണ് ഞാൻ കാണുന്നത്. ഇവിടെ ബഹുമാന്യരായ അംഗങ്ങളിൽ പലരും അതിന്റെ ഉദാഹരണങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അതിലേയ്ക്കൊന്നും ഞാനിപ്പോൾ പോകുന്നില്ല. ഞങ്ങളിപ്പോൾ ഒരു ഡാറ്റാബേസ് ശക്തിപ്പെടുത്തുന്നുണ്ട്. അതിൽ നമുക്ക് കുറച്ച് കുറവുകളുണ്ട്. ഇത്തരം വിവരങ്ങളൊന്നും വേണ്ടത്ര രീതിയിൽ സമൂഹത്തിലേയ്ക്കെത്തുന്നില്ല. കഴിഞ്ഞ ദിവസം ഞാൻ പങ്കെടുത്ത പരിപാടിയിൽ ഒരു കമ്പനിയുടെ ടേൺ ഓവർ 3,300 കോടി രൂപയാണ്.

കേരളത്തിലെ മാനുഫാക്ച്ചറിംഗ് രംഗത്ത് അത്രയും ടേൺ ഓവറുള്ള കമ്പനിയുണ്ടെന്ന കാര്യം മഹാഭൂരിപക്ഷത്തിനും അത്ഭുതകരമാണ്. ഇത്തരം കാര്യങ്ങളെക്കുറിച്ച് നല്ല ധാരണയുണ്ടെന്ന് കരുതുന്നവർക്കുപോലും ഇന്ന കമ്പനിയെക്കുറിച്ച് കേട്ടിട്ടുണ്ടോ, 2,000 കോടി രൂപ ടേൺ ഓവറുള്ള ഏഷ്യയിലെതന്നെ പ്രധാനപ്പെട്ട കമ്പനിയാണെന്നൊക്കെ പറയുമ്പോൾ അവയെക്കുറിച്ച് ആദ്യമായി കേൾക്കുന്ന ആളുകളുമുണ്ട്. അത് അവരുടെ കുറ്റമല്ല, നിർമ്മിക്കപ്പെടുന്ന പൊതുബോധം അതാണ്. ചെറിയ പ്രശ്നങ്ങളുണ്ടാകുമ്പോൾ അതിനെ വല്ലാതെ പർവ്വതീകരിക്കുന്നതിനുപകരം അതിലെ പോസിറ്റീവായ കാര്യങ്ങൾ നന്നായി അവതരിപ്പിക്കാൻ കഴിയണം. ഇവിടെ ബഹുമാന്യരായ അംഗങ്ങൾ ചൂണ്ടിക്കാട്ടിയത് വളരെ ശരിയാണ്. കേന്ദ്ര നയം സ്വകാര്യവൽക്കരണമാണ്. കേന്ദ്ര നയം പൂർണ്ണമായും ഭരണസംവിധാനങ്ങൾ പിൻവലിയുകയെന്നതാണ്. അതിൽനിന്ന് വ്യത്യസ്തമായ സമീപനമാണ് കേരളം സ്വീകരിക്കുന്നത്. ബഹുമാന്യരായ നിരവധി അംഗങ്ങൾ കെ.പി.പി.എൽ. (കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡ്) ചൂണ്ടിക്കാണിക്കുകയുണ്ടായി. മൂന്നരവർഷത്തോളം പൂട്ടിക്കിടന്നിരുന്ന ഒരു പേപ്പർ കമ്പനിയെ, ഗവൺമെന്റെന്നല്ല ഏതെങ്കിലും

ഒരു സ്ഥാപനം വീണ്ടെടുത്ത് ഉൽപാദനം ആരംഭിച്ച് വിജയം കണ്ടത് ഒരുപക്ഷെ ലോകചരിത്രത്തിൽതന്നെ ആദ്യമായിട്ടായിരിക്കുമെന്നത് എനിക്ക് ഈ സഭയിൽ അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. ഈ സർക്കാർ അഭിമാനത്തോടുകൂടി മറ്റൊരു കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇവിടെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് പൂട്ടിയ സന്ദർഭത്തിൽതന്നെ ആസാമിൽ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ രണ്ട് ഫാക്ടറികൾ പൂട്ടി. 'Death toll in assam paper mill' എന്ന് മാത്രം ഗൂഗിളിൽ സെർച്ച് ചെയ്താൽ മതി, അപ്പോൾ മറുപടി കിട്ടും. 105 തൊഴിലാളികളാണ് ആസാമിൽ പേപ്പർ മിൽ അടച്ചുപൂട്ടിയതിന്റെ പേരിൽ മരണപ്പെട്ടതെങ്കിൽ കേരളത്തിലെ പേപ്പർ കമ്പനിയെ ഏറ്റെടുത്ത് പുതിയ കമ്പനി രൂപീകരിച്ച് എല്ലാ തൊഴിലാളികളെയും സംരക്ഷിക്കുന്ന സമീപനമാണ് കേരളം ഇന്ത്യയ്ക്ക് നൽകുന്ന ബദൽ. അവിടെ 105 പേർ മരണപ്പെട്ടുയെന്നുള്ളത് ടൈംസ് ഓഫ് ഇന്ത്യയുടെ റിപ്പോർട്ടാണ്. ആസാമീസ് പത്രങ്ങളിലും അത് കാണാം. ഇപ്പോൾ ആ സ്ഥാപനം സർക്കാർ ഏറ്റെടുത്ത് എല്ലാ തൊഴിലാളികൾക്കും ആനുകൂല്യം കൊടുത്തുവിട്ടശേഷം റിയൽ എസ്റ്റേറ്റ് താൽപര്യങ്ങൾക്ക് വിനിയോഗിക്കുകയാണ്. എന്നാൽ കേരളത്തിൽ കമ്പനി ഏറ്റെടുത്ത് പുതിയ

കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു. ഇപ്പോൾ ഇന്ത്യയിലെ വിവിധ ഭാഷകളിലുള്ള 22 പത്രങ്ങൾ അച്ചടിക്കുന്നത് കെ.പി.പി.എൽ.-നിന്നും പുറത്തിറങ്ങുന്ന പേപ്പറിലാണ്. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട പത്ര പ്രസാധന ഗ്രൂപ്പാണ് Dainik Bhaskar. അവരുടെ 5000 ടൺ ഓർഡറാണ് കഴിഞ്ഞ ദിവസം കെ.പി.പി.എൽ.-ന് ലഭിച്ചത്. ഇതുവരെ 11 കോടി രൂപയുടെ വിറ്റുവരവുണ്ടായി. ഈ സാമ്പത്തിക വർഷാവസാനത്തോടുകൂടി 40 കോടി രൂപയുടെ വിറ്റുവരവും പ്രവർത്തന ലാഭവും കൈവരിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതൊരു ബ്രേക്ക് ഈവനിലേയ്ക്കായിക്കഴിഞ്ഞാൽ തൊഴിലാളികളെ സ്ഥിരം സ്വഭാവത്തിലേയ്ക്ക് മാറ്റാനുള്ള തീരുമാനം നടപ്പിലാക്കുമെന്ന കാര്യം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്നാൽ ന്യൂസ് പ്രിന്റിന് ഒരു ശതമാനം മാത്രമേ വളർച്ചാ നിരക്കുള്ളൂ. അതിനകത്ത് മാത്രം കേന്ദ്രീകരിക്കാനല്ല കമ്പനി ഉദ്ദേശിക്കുന്നത്. ടിഷ്യൂ പേപ്പർ പോലെയുള്ള പ്രീമിയം പ്രോഡക്ടുകൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഗ്രോത്ത് റേറ്റ് വരുന്നത് പാക്ക് ചെയ്യാൻ ഉപയോഗിക്കുന്ന ബോക്സുകൾക്കാണ്. ഇപ്പോൾ എല്ലാം ഇ-കൊമേഴ്സാണ്.

വീടുകളിലേയ്ക്ക് സാധനമെത്തുന്നത് ചെറിയ പെട്ടികളിലാണ്. ആ പെട്ടികൾക്ക് 15 ശതമാനമാണ് ഗ്രോത്ത് റേറ്റ് വരുന്നത്. അതിലേയ്ക്ക് കേന്ദ്രീകരിക്കാനുള്ള പദ്ധതിയുൾപ്പെടെ 3,000 കോടി രൂപയുടെ ടേൺ ഓവറുള്ള ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട പേപ്പർ മില്ലായി കെ.പി.പി.എൽ.-നെ ഉയർത്താനുള്ള പദ്ധതി സർക്കാർ നടപ്പിലാക്കുമെന്ന കാര്യംകൂടി ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. ഇതാണ് കേരളം നൽകുന്ന ബദൽ.

ഇവിടെ ടെക്സ്റ്റൈൽ മില്ലുകളെ സംബന്ധിച്ച് സൂചിപ്പിച്ചു. കേന്ദ്ര ഗവൺമെന്റ് നമുക്ക് എഴുതിനൽകുകയാണെങ്കിൽ അത് പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന നിലപാട് സ്വീകരിച്ചു. പക്ഷെ കേന്ദ്രം അനുകൂലമല്ല. ഇപ്പോൾ പൊതുവേ കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകൾ പ്രതിസന്ധി നേരിടുന്നുണ്ട്. കാരണം, കോട്ടണിന്റെ വില കൂടുകയും നൂലിന്റെ വില കുറയുകയും ചെയ്തു. അതായത് അസംസ്കൃത വസ്തുവിന്റെ വില കൂടുകയും ഉൽപന്നത്തിന്റെ വില കുറയുകയും ചെയ്തു. ഈ പ്രതിസന്ധി കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾ ഇപ്പോൾ നേരിടുന്നുണ്ട്. അത് മറികടക്കാൻ ഞങ്ങളിപ്പോൾ കണ്ടിട്ടുള്ളത് 'കോട്ടൺ ബാങ്ക് ' എന്ന ആശയമാണ്. അത് കുറേക്കാലമായി ചർച്ച

ചെയ്യുന്നതാണ്. കോട്ടൺ ബാങ്ക് രൂപീകരിച്ചുവെന്ന കാര്യം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കോട്ടണിന്റെ സീസണിൽ ക്വാളിറ്റിയുള്ള കോട്ടൺ കുറഞ്ഞ വിലയ്ക്ക് ഒന്നിച്ച് സംഭരിച്ച് ഓരോ മില്ലുകൾക്കും ആവശ്യമായ രൂപത്തിൽ നൽകാവുന്ന രീതിയിലുള്ള ഒരു ക്രമീകരണം പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിച്ച് കഴിഞ്ഞിട്ടുണ്ട്. അത് നിലവിലുള്ള സ്പിന്നിംഗ് മില്ലുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സഹായകരമായിരിക്കും. ടി.സി.സി.-യുടെ ഇപ്പോഴുള്ള ഹൈഡ്രജന്റെ ക്വാളിറ്റി കൂട്ടിയാൽ വാഹനങ്ങൾക്ക് അത് വിനിയോഗിക്കാൻ കഴിയും. അതിന്റെ റേറ്റ് കൂട്ടുന്നതിനായി ഡി.പി.ആർ.-നുള്ള തീരുമാനമായിട്ടുണ്ട്. മിഷനുമായി ചേർന്നിട്ടാണ് അത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നത്.

ഇടുക്കിയിൽ നിലനിൽക്കുന്ന ഭൂപ്രശ്നത്തിന് പരിഹാരം കാണാനുള്ള ശ്രമങ്ങൾ ഗവൺമെന്റ് എടുക്കുന്നുണ്ട്. അധികം വൈകാതെതന്നെ അത്തരം കാര്യങ്ങളിൽ വ്യക്തത വരുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കുറ്റ്യാടി നാളികേര പാർക്കിനെ സംബന്ധിച്ചും ഇവിടെ പറഞ്ഞു. അതിനെ 2006-11 കാലഘട്ടത്തിൽ ഏറ്റെടുത്തതാണ്. കോഴിക്കോട് ജില്ലയിലെ

കുറ്റ്യാടി, രാമനാട്ടുകര ഇതെല്ലാം പത്ത് വർഷത്തിനുമുമ്പ് ഏറ്റെടുത്ത് വെറുതേ കിടന്ന സ്ഥലങ്ങളാണ്. ഇന്ത്യയിൽ ഏറ്റവും നല്ല നാളികേരം കിട്ടുന്ന സ്ഥലമാണ് കുറ്റ്യാടി. നാളികേരത്തിൽനിന്നും ഏറ്റവും കൂടുതൽ വെളിച്ചെണ്ണ ലഭിക്കുന്ന സ്ഥലങ്ങളിലൊന്നാണ് കുറ്റ്യാടി. ആ സാധ്യത വിനിയോഗിച്ച് നാളികേരത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് മറ്റ് ഫുഡിന്റെ പ്രോസസ്സിംഗ് ഇൻഡസ്ട്രികൂടി അവിടെ ശക്തിപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാനിപ്പോൾ പോകാൻ ഉദ്ദേശിക്കുന്നില്ല. സ്ഥലം ഉപയോഗിക്കുന്നത് സംബന്ധിച്ച് ബഹുമാന്യനായ സേവ്യർ ചിറ്റിലപ്പിള്ളി സൂചിപ്പിക്കുകയുണ്ടായി. വടക്കാഞ്ചേരിയിൽ നൂറ് ഏക്കറോളം സ്ഥലം ഉപയോഗിക്കാതെ കിടക്കുന്നുണ്ട്. അത് കഴിഞ്ഞ ദിവസം ഞാൻ സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം മാപ്പ് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. അതിൽ ആദ്യത്തേതാണ് കൊല്ലത്തെ മീറ്റർ കമ്പനി. അവിടെ ഒരു പുതിയ എസ്.ഡി.എഫ്. (സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി) നിർമ്മിക്കുകയാണ്. ബാക്കിയെല്ലായിടത്തും ഇത്തരത്തിലുള്ള സ്ഥലം വിനിയോഗിക്കണമെന്നുതന്നെയാണ് കാണുന്നത്. അതുപോലെ

ഡി.ഐ.സി.-യുടെയും സിഡ്കോയുടെയും കീഴിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ (പാർക്കുകൾ) പ്രാകൃത രൂപത്തിലുള്ളതാണ്. അത് ആധുനികവൽക്കരിക്കുന്നതിനായി SIDBI-യുമായി ചർച്ച ചെയ്ത് 250 കോടി രൂപയുടെ ലോണിന് അംഗീകാരം കിട്ടിയിട്ടുണ്ട്. അവയെ ആധുനിക effluent treatment plant-ഉം CFC (Common Facility Center)-കളുമൊക്കെയുള്ള പാർക്കുകളാക്കി മാറ്റുന്നതിനുള്ള ശ്രമം നടത്തുന്നുണ്ട്. മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കേന്ദ്ര ഗവൺമെന്റ് നയങ്ങൾമൂലം കോട്ടയം ജില്ലയിലെ റബ്ബർ കാർഷിക മേഖല വളരെയേറെ പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണ്. കോട്ടയം ജില്ലയിൽ റബ്ബർ പാർക്ക് ആരംഭിക്കാനുള്ള നടപടികൾ ഇപ്പോൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായത് ഏറ്റവും ശ്ലാഘനീയമാണ്. എന്നാലും കൂടുതൽ റബ്ബർ വ്യവസായങ്ങൾ അവിടെ ആരംഭിക്കേണ്ടതുണ്ട്. കാഞ്ഞിരപ്പള്ളി പോലെയുള്ള മേഖലകളിലെ കൃഷിക്കാർ വളരെ ബുദ്ധിമുട്ടുന്ന സാഹചര്യമാണുള്ളത്. കിൻഫ്രയുടെ നേതൃത്വത്തിൽ അവിടെയൊരു പ്രോജക്ട് ആരംഭിക്കുന്നതിനെക്കുറിച്ച് മുമ്പ് ചർച്ച ചെയ്തിരുന്നു. അതിന്

സർക്കാരിൽനിന്നും അനുകൂലമായ തീരുമാനമുണ്ടാകുമോ?

ശ്രീ. പി. രാജീവ്: സർ, അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. റബ്ബറിന് വാല്യൂ അഡീഷൻ വന്നാൽ മാത്രമാണ് കർഷകന് ഗുണമുണ്ടാകുന്നത്. റബ്ബറിന് മാത്രമല്ല ഏത് കാർഷിക ഉൽപന്നങ്ങൾക്കും അങ്ങനെയാണ്. ഇപ്പോൾ അതിനൊരു മിഷൻ രൂപീകരിച്ച് സർക്കാർ പ്രവർത്തിക്കുന്നുണ്ട്. വെള്ളൂർ ന്യൂസ് പ്രിന്റിന്റെ സ്ഥലം ഉപയോഗിച്ചുകൊണ്ടാണ് റബ്ബർ കമ്പനി രൂപീകരിച്ചിട്ടുള്ളത്. അതിന്റെ പശ്ചാത്തല സൗകര്യങ്ങളുടെ വികസനം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷംതന്നെ അതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്. അദ്ദേഹം പറഞ്ഞതുപോലെ പുതിയ റബ്ബർ പാർക്കുകളും വ്യവസായ പാർക്കുകളും കോട്ടയം ജില്ലയിലും ആരംഭിക്കാം. അതിന് ഏറ്റവും സൗകര്യപ്രദമായത്, കിൻഫ്രയുടെ നേതൃത്വത്തിൽ പ്രോജക്ട് ഏറ്റെടുക്കുന്നതിന് പോസിറ്റീവായ റിപ്പോർട്ട് വന്നിട്ടുണ്ട്. പക്ഷെ ഇപ്പോഴത്തെ സ്ഥിതിവച്ച് സർക്കാർ ഫോക്കസ് ചെയ്യുന്നത് സ്വകാര്യ വ്യവസായ പാർക്കുകളെയാണ്. ഒരു ഓഫീസും കയറിയിറങ്ങാതെ ഓൺലൈനായി അപേക്ഷിച്ചാൽ മുപ്പതാമത്തെ ദിവസം സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കാൻ

സാധിക്കും. അങ്ങനെ നയം പ്രഖ്യാപിച്ച് ഏറ്റവും ചുരുങ്ങിയ സമയംകൊണ്ട് എട്ട് പാർക്കുകൾക്ക് ഡെവലപ്പർ പെർമിറ്റ് കൊടുത്തു. അതിലൊന്നിൽ കല്ലിടുകയും ചെയ്തു. അതിനായി ഞാനും ബഹുമാന്യനായ അംഗം ജോബ് മൈക്കിളും അവിടെയുണ്ടായിരുന്നു. ബാക്കിയെല്ലായിടത്തും അതിന്റെ പശ്ചാത്തല സൗകര്യ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. അടുത്ത വർഷം 30 പാർക്കുകൾക്കുകൂടി അനുമതി നൽകാമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. കിൻഫ്ര നമുക്ക് പരിഗണിക്കാം, അതിന്റെയൊപ്പംതന്നെ അങ്ങ് മുൻകയ്യെടുത്ത് കർഷകരുടെ കൂട്ടായ്മ രൂപീകരിച്ച് 10 ഏക്കറിൽ കൂടുതൽ സ്ഥലം കണ്ടെത്തിയാൽ അതിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനായി മൂന്ന് കോടി രൂപ സർക്കാർ അങ്ങോട്ടുനൽകും. ഒരു ഏക്കറിന് 30 ലക്ഷം രൂപ ക്യാപ്പുണ്ട്, മാനദണ്ഡവുമുണ്ട്. മൂന്ന് കോടി രൂപ ക്യാപ്പ് വച്ച് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ് ചെയ്യാം. 5-10 ഏക്കറിനിടയിലാണെങ്കിൽ എസ്.ഡി.എഫ്. നിർമ്മിക്കുന്നതിനും സഹായം നൽകും. അതിന് ചില എം.എൽ.എ.-മാർ നല്ല രീതിയിൽ മുൻകയ്യെടുക്കുന്നുണ്ട്. അതുപോലെ എല്ലാവരും നന്നായി മുൻകയ്യെടുക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, മാവൂർ ഗ്വാളിയോർ റയോൺസിന്റെ 400 ഏക്കർ സ്ഥലം വളരെക്കാലമായി വെറുതെ കിടക്കുകയാണ്. ഈ പറഞ്ഞതുപോലെ ഏതെങ്കിലും ഒരു കാര്യം അവിടെ തുടങ്ങാൻ സാധിക്കുമോയെന്നുള്ളത് പരിശോധിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, മാവൂർ കുറച്ച് സങ്കീർണ്ണതയുള്ളതാണ്. നേരത്തെ സർക്കാർ ഉത്തരവ് വന്നു, കോടതി ചലഞ്ച് ചെയ്തു. പിന്നെ സർക്കാർ പുതിയ ഉത്തരവിറക്കി അത് വീണ്ടും കോടതിയിൽ ചലഞ്ച് ചെയ്യാൻ നിൽക്കുകയാണ്. അതിൽ നിയമപരമായി ചില പ്രശ്നങ്ങൾ കൂടിയുണ്ട്. എന്നാലും ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാട്ടിയത് വളരെ ഗൗരവമായ സ്ഥലമാണ്. കാരണം കോഴിക്കോട് നഗരഹൃദയത്തിൽ ഇത്രയും സ്ഥലം പുതിയ കാലത്തിൽ പാരിസ്ഥിതിക ആഘാതങ്ങളൊന്നുമില്ലാത്ത വ്യവസായങ്ങൾക്കുവേണ്ടി വിനിയോഗിക്കാൻ കഴിയേണ്ടതാണ്. നിയമ സങ്കീർണ്ണതകൾകൂടി നോക്കി സർക്കാർ അതിൽ ഇടപെടുന്നുണ്ട്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ആലപ്പുഴ നിയോജകമണ്ഡലത്തിലെ ഓട്ടോകാസ്റ്റ്, സിൽക്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ നൂറുകണക്കിന് ഏക്കർ

ഭൂമി വെറുതെ കിടക്കുകയാണ്. അത് കിൻഫ്ര ഏറ്റെടുത്ത് ഏതെങ്കിലും വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. വി. ശ്രീനിജിൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ Kerala Electrical and Allied Engineering Company (KEL)-ൽ കുറേ സ്ഥലങ്ങൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. അവിടെ ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ കൊണ്ടുവരാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. രാജീവ്: സർ, പ്രവർത്തനമാരംഭിച്ചതിനുശേഷം ഇതുവരെയും ലാഭമുണ്ടാക്കാത്ത കേരളത്തിലെ പൊതുമേഖലാ സ്ഥാപനമെന്ന പേരാണ് ശ്രീ. പി. പി. ചിത്തരഞ്ജൻ ചൂണ്ടിക്കാണിച്ച ഓട്ടോകാസ്റ്റ് ലിമിറ്റഡിനുള്ളത്. എന്നാലിപ്പോൾ ഓട്ടോകാസ്റ്റ് ലിമിറ്റഡിൽ വളരെ പോസിറ്റീവായ മാറ്റങ്ങൾ കാണുന്നുണ്ട്. റെയിൽവേയിൽ, പ്രത്യേകിച്ച് നോർത്ത്-ഈസ്റ്റിലെല്ലാം വലിയ തുണുകളുടെ ഓർഡറുകൾ ഓട്ടോകാസ്റ്റിന് ലഭിച്ചിട്ടുണ്ട്. സെൻട്രൽ പി.എസ്.യു.-വുമായി ചേർന്ന് ഞങ്ങളൊരു Business-to-Business (B2B) നടത്തിയിരുന്നു. പബ്ലിക് സെക്ടറിനെ സഹായിക്കാൻ സെൻട്രൽ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സും (CPSUs) സ്റ്റേറ്റ് പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സുമായി ചേർന്ന് B2B നടത്തിയതിന്റെ ഭാഗമായി നിരവധി

ഓർഡറുകൾ വരുന്നുണ്ട്. ബഹുമാന്യനായ കുന്നത്തുനാട് അംഗം ചൂണ്ടിക്കാണിച്ചതുപോലെ, KEL-ഉം ഡിഫൻസ് ഷിപ്പ്‌യാർഡും തമ്മിലിപ്പോൾ MoU-ൽ ഒപ്പുവച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രികൂടി പങ്കെടുത്ത് ഒരു യോഗംചേർന്നിരുന്നു. മറ്റുചില സംസ്ഥാനങ്ങളിൽ ടെണ്ടറില്ലാതെതന്നെ നോമിനേഷൻ സംവിധാനത്തിൽ (KEL-നും TRACO-യ്ക്കും) സ്റ്റേറ്റ് പി.എസ്.യു-വിന് ഓർഡർ നൽകുന്നുണ്ട്. ചിലതിന് അമ്പത് ശതമാനവും മറ്റുചിലതിന് നൂറ് ശതമാനവും ഓർഡർ നൽകുന്നുണ്ട്. കർണ്ണാടകയിലാണെങ്കിൽ 50 ശതമാനം അവിടത്തെ പി.എസ്.യു.-വിനും 45 ശതമാനം കേരളത്തിനും 5 ശതമാനം ബംഗാളിലെ പി.എസ്.യു.-വിനും എന്ന രൂപത്തിലാണ് നൽകുന്നത്. ഞങ്ങളത് സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. ഇത്തരം സ്ഥാപനങ്ങൾക്ക് സഹായകരമായ ഒരു സമീപനം വൈദ്യുതി ബോർഡ് എടുക്കുമെന്നാണ് കണ്ടിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. ഇന്നലെ കെൽട്രോണുമായി പുതിയൊരു MoU ഒപ്പുവച്ചതിന്റെയടിസ്ഥാനത്തിൽ റഷ്യൻ ഡിഫൻസ്, റഷ്യൻ

കമ്പനികൾ എന്നിവയുമായി ബന്ധപ്പെട്ട റഷ്യൻസംഘം സംസ്ഥാനത്ത് വരികയുണ്ടായി. അതിന്റെ ദൗത്യത്തിലേയ്ക്ക് പോകുന്നതിനുമുമ്പുള്ള ഘട്ടമാണിത്. അവരുമായി ബന്ധപ്പെട്ട എഴുപതോളം പേരാണ് ഐ.എൻ.എസ്. വിക്രാന്തിൽ ഇപ്പോഴും വർക്ക് ചെയ്തുകൊണ്ടിരിക്കുന്നത്. 'ഐ.എൻ.എസ്. വിക്രാന്ത്' കേരളം ഇറക്കിയതാണ്. നമ്മുടെ Indigenious Aircraft Carrier; Make in India, Made in Kerala-എന്ന് നമുക്കഭിമാനത്തോടെ പറയാവുന്ന ആ പദ്ധതിയിൽ പങ്കെടുക്കുന്ന സ്ഥാപനം കെൽട്രോണുമായി ചേർന്നുകൊണ്ടുള്ള പുതിയ പദ്ധതിക്കായി മുന്നോട്ടുവരികയാണ്. ആയിരംകോടി രൂപയുടെ ടേൺ ഓവറുള്ള ഒരു സ്ഥാപനമായി കെൽട്രോണിനെ അടുത്ത സാമ്പത്തികവർഷം മാറ്റുന്നതിനുള്ള കർമ്മപദ്ധതിയിപ്പോൾ നടപ്പിലാക്കി ക്കൊണ്ടിരിക്കുകയാണെന്ന കാര്യംകൂടി സൂചിപ്പിക്കുകയാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, നല്ലരീതിയിൽ പ്രവർത്തിച്ചിരുന്ന കുന്നത്തറ ടെക്സ്റ്റൈൽസ് കുറെ വർഷങ്ങളായി പൂട്ടിക്കിടക്കുകയാണ്. നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ Comtrust നിയമം പ്രാബല്യത്തിലുണ്ടെങ്കിലും ഇക്കാര്യത്തിൽ ഇതുവരെയും പരിഹാരം കാണാൻ

കഴിഞ്ഞിട്ടില്ല. സംസ്ഥാനം വ്യവസായ പുരോഗതിയിലേയ്ക്ക് കടക്കുമ്പോൾ കുന്നത്തറ ടെക്സ്റ്റൈൽസ് കോഴിക്കോട് നഗരത്തിലെ ഒരു ചരിത്രസ്മാരകമെന്ന നിലയിൽ നിൽക്കുകയാണ്. രാജഭരണകാലത്ത് ലണ്ടനിലെ രാജാവും രാജ്ഞിയുമൊക്കെ അവിടെനിന്നുള്ള വസ്ത്രങ്ങളാണ് ഉപയോഗിച്ചിരുന്നത്. കൂടാതെ ലോകത്ത് വിവിധ മാർക്കറ്റുകൾ ലഭിച്ചതുമാണ്. ഒരു പദ്ധതിയാവിഷ്കരിച്ച് കുന്നത്തറ ടെക്സ്റ്റൈൽസിനെ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന് പറയാൻ സാധിക്കുമോ?

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, വ്യവസായ പാർക്കുകളെ പ്രോത്സാഹിപ്പിക്കുമെന്ന് അങ്ങ് സൂചിപ്പിച്ചത് സ്വാഗതാർഹമാണ്. ഭൂപരിഷ്കരണ നിയമപ്രകാരം എക്സംപ്റ്റഡ് ലാൻഡായതിനാൽ മറ്റ് ആക്റ്റിവിറ്റികളൊന്നും നടത്താൻ കഴിയാത്ത സ്ഥിതിയുണ്ട്. ഞങ്ങളുടെ പ്രദേശത്തെ ഗൗരവമായ ഒരു വിഷയമാണിത്. വ്യവസായവത്കരണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സ്പോൺസർ/സപ്പോർട്ട് ചെയ്യുന്ന വ്യവസായ പാർക്കുകൾക്കുവേണ്ടി ആ ഭൂമി ഉപയോഗിക്കുന്നതിന് എന്തെങ്കിലും ഇളവ് അനുവദിക്കാൻ കഴിയുമോയെന്ന് സൂചിപ്പിച്ചാൽ നന്നായിരുന്നു.

ശ്രീ. പി. രാജീവ്: സർ, മാവൂർ ഗ്വാളിയോർ റയോൺസിനെക്കുറിച്ച്

പറഞ്ഞതുപോലെ കുന്നത്തറ ടെക്സ്റ്റൈൽസും കോടതി വ്യവഹാരങ്ങളിൽപ്പെട്ട് നിൽക്കുകയാണ്. അക്കാര്യത്തിൽ സർക്കാർ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഭൂമി ഏറ്റെടുത്ത് വിജയകരമായി സംരംഭം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന സാഹചര്യംകൂടി വേണം. സർക്കാർ പൊതുജനങ്ങളുടെ പണമാണല്ലോ വിനിയോഗിക്കുന്നത്. അതുപോലെ Comtrust ബിൽ പാസ്സാക്കിയത് ശരിയാണ്. പക്ഷേ ബില്ലിന് അംഗീകാരം ലഭിക്കാൻ ഒരു ദശകത്തോളം സമയമെടുത്തു. അതിനിടയിൽ ആ സ്ഥലം മുഴുവനും മുറിച്ചുവിൽക്കുകയുണ്ടായി. അതുസംബന്ധിച്ച കേസ് കോടതിയിൽ നടക്കുകയാണ്. ഇപ്പോഴുള്ള സ്ഥലം മാത്രം ഈ നിയമപ്രകാരമെടുക്കുകയാണെങ്കിൽ സർക്കാർ വലിയ വില കൊടുക്കേണ്ടിവരും. മാത്രമല്ല, ആ ബിൽതന്നെ അസാധാരണവുമാണ്. അത് ഏറ്റെടുക്കുമ്പോൾ അവിടെയുള്ള തൊഴിലാളികൾ കെ.എസ്.ഐ.ഡി.സി. ജീവനക്കാരായി കൺസിഡർ ചെയ്യുന്നൊരു വ്യവസ്ഥകൂടി നിയമസഭ പാസ്സാക്കിയ നിയമത്തിലുണ്ട്. അന്നത്തെ ലെജിസ്ലേറ്റീവ് ഇൻഡന്റ് അതായിരിക്കാം. ചില അസാധാരണമായ വ്യവസ്ഥകൾ കൂടിയുള്ളതാണ് ഈ ബിൽ. കെ.എസ്.ഐ.ഡി.സി.-ക്ക് ഇപ്പോൾ ഓഡിറ്റ് ഒബ്ജക്ഷനാണ്.

അവർ വേറൊരു സ്ഥാപനം ഏറ്റെടുത്ത് അവിടത്തെ ശമ്പളം മാസംതോറും ഇത്രരൂപവച്ച് കൊടുക്കാമെന്ന അസാധാരണ വ്യവസ്ഥയോടുകൂടി ബിൽ പാസ്സാക്കപ്പെടുകയാണ് ചെയ്തത്. എന്തായാലും അവസാനം പ്രസിഡന്റ് നിയമത്തിന് അംഗീകാരം നൽകി. ഇപ്പോഴത് കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. ഇതുരണ്ടും കോടതി വ്യവഹാരങ്ങളുടേതാണ്.

ബഹുമാനപ്പെട്ട അംഗം ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ സൂചിപ്പിച്ചതുപോലെ ഭൂപരിഷ്കരണ നിയമത്തിൽ ഇളവുകൾ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഭൂപരിഷ്കരണ നിയമത്തെ അടിസ്ഥാനപ്പെടുത്തി ഇളവുകൾ നൽകാവുന്ന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള പ്രക്രിയകൾ ലളിതവൽക്കരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയും ഞാനും പലഘട്ടങ്ങളിലും യോഗം ചേർന്നിരുന്നു. 15 ഏക്കറിൽ കൂടുതലുള്ള ഭൂമിക്ക് ഭൂപരിഷ്കരണ നിയമപ്രകാരം എക്സംപ്ഷനുണ്ട്. ഉദാഹരണത്തിന്, ഒരു സംരംഭകൻ വലിയതോതിൽ മുതൽ മുടക്കാൻ വരുന്നുവെന്നിരിക്കട്ടെ. അദ്ദേഹം ഒരാളിൽനിന്നും 5 ഏക്കറും അടുത്തയാളിൽ നിന്ന് 5 ഏക്കറും വേറൊരാളിൽ നിന്നും പത്തേക്കറും ഭൂമി വാങ്ങി. ഇതൊന്നും മിച്ചഭൂമിയേ അല്ല. അഞ്ചും അഞ്ചും പത്തും കൂടി

ഒന്നിച്ചുവാങ്ങുമ്പോൾ 20 ഏക്കർ ഭൂമിയായി. അത് ഈ നിയമത്തിന്റെ പരിധിക്ക് പുറത്തായതിനാൽ അയാൾക്ക് ആ ഭൂമി കൈവശം വയ്ക്കാൻ കഴിയില്ല. അതിന്റെ ഭാഗമായി സംരംഭകരിൽ ചിലർ രണ്ടുമൂന്ന് കമ്പനിയുടെ പേര് രജിസ്റ്റർ ചെയ്യും. അതിനുശേഷം വാങ്ങി ഒരു സ്ഥാപനം നടത്തും. അതിൽ എക്സംപ്ഷൻ കുറേക്കൂടി ലളിതമാക്കാൻ കഴിയും. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും ആരംഭിക്കുന്നത് വ്യവസായ സ്ഥാപനമാണെങ്കിൽ വ്യവസായ വകുപ്പുമന്ത്രിയും യൂണിവേഴ്സിറ്റിയാണെങ്കിൽ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയും മെഡിക്കൽ കോളേജുകളാണെങ്കിൽ ആരോഗ്യ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട സെക്രട്ടറിമാരും അടങ്ങുന്ന ഒരു കമ്മിറ്റിക്ക് അധികാരം നൽകുന്ന വ്യവസ്ഥകൾ തയ്യാറായിട്ടുണ്ട്. നേരത്തെ അത് ക്യാബിനറ്റ് അംഗീകരിച്ചതാണ്. മാനദണ്ഡങ്ങളിൽ ചില വ്യത്യസ്ഥതകൾ വന്നതുകൊണ്ട് മാറ്റിവച്ചതാണ്. അത് വൈകാതെ അംഗീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടുകൂടി അതിൽ മാറ്റമുണ്ടാകും.

പ്ലാന്റേഷൻ ഭൂമിയാണ് മറ്റൊരു പ്രശ്നം. ഇന്ത്യയുടെ 42 ശതമാനം പ്ലാന്റേഷനും കേരളത്തിലാണ്. ഇന്ത്യയുടെ ആകെ 1.1 ശതമാനം ഭൂപ്രദേശമാണ് കേരളത്തിലുള്ളത്. അതിൽ ഒരുവശം മുഴുവനും

വെസ്റ്റേൺഘട്ട് റെഗുലേഷനും അടുത്ത സൈഡ് മുഴുവനും CRZ (Coastal Regulation Zone) റെഗുലേഷനും മധ്യത്തിൽ മുഴുവനും വെറ്റ് ലാൻഡ് റെഗുലേഷനമാണ്. ഇന്ത്യയുടെ ഭൂവിസ്തൃതിയുമായി താരതമ്യം ചെയ്യുമ്പോൾ വനപ്രദേശം ഏറ്റവും കൂടുതലുള്ള പ്രദേശങ്ങളിലൊന്നാണ് കേരളം. അവശേഷിക്കുന്ന സ്ഥലത്തുമാത്രമേ മനുഷ്യർക്ക് താമസിക്കാനും ഹോട്ടൽ, കോളേജ്, സ്കൂൾ, ആശുപത്രി, വ്യവസായം എന്നിവ നടത്താനും സാധിക്കുകയുള്ളൂ. പ്ലാന്റേഷനിൽ മാറ്റമൊന്നും വരുത്താനും കഴിയില്ല. എഴുപതുകളിൽ പ്ലാന്റേഷനുവേണ്ടി ഭൂമി കൊടുത്തപ്പോൾ ഒരാൾക്ക് 100 ഏക്കറോ 50 ഏക്കറോ ഭൂമി കിട്ടിയെന്ന് കരുതുക. പിന്നീടത് വീതം വച്ചുകൊടുക്കാനോ ട്രാൻസ്ഫർ ചെയ്യാനോ നിയമതടസ്സമില്ല. ചിലർക്ക് അഞ്ചേക്കർ ഭൂമിയേയുണ്ടാകൂ, എങ്കിലും രേഖയിൽ അത് പ്ലാന്റേഷനായിരിക്കും. അന്ന് പ്ലാന്റേഷന് എക്സംപ്റ്റഡായി കിട്ടിയതാണെങ്കിൽ, ഇപ്പോൾ കയ്യിൽ അഞ്ചേക്കർ ഭൂമി മാത്രമേയുണ്ടെങ്കിൽപ്പോലും പ്ലാന്റേഷനുമാത്രമേ അത് വിനിയോഗിക്കാൻ കഴിയൂ. ഇങ്ങനെ ചില പ്രായോഗികമായ തടസ്സങ്ങൾ സർക്കാർ നേരിടുന്നുണ്ട്. എന്നാൽ ഭൂപരിഷ്കരണനിയമത്തിന്റെ

അന്തഃസത്തയ്ക്കകത്തുനിന്നുകൊണ്ട് സാധ്യമായ രീതിയിൽ മുന്നോട്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, വ്യവസായത്തിനുവേണ്ടി ഏറ്റെടുത്തിട്ടുള്ള ഭൂമി ദശകങ്ങളായി ഒന്നിനും ഉപയോഗിക്കാതെയിരിക്കുകയാണ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഐ.ടി. പാർക്കിനുവേണ്ടി ഏറ്റെടുത്തിട്ടുള്ള ഇരുപത്തിയഞ്ചും അമ്പതും ഏക്കർ ഭൂമി വെറുതെ കിടക്കുകയാണ്. ഇതുസംബന്ധിച്ച് നിരവധി തവണ ചർച്ചചെയ്തിരുന്നതാണ്. സംരംഭകരുണ്ടെങ്കിലും ഭൂമിയില്ലാത്തതാണ് വടക്കൻ കേരളത്തിലെ പൊതുസ്ഥിതി. ഇതിന് ഏതെങ്കിലും നിലയ്ക്ക് ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിന് സംവിധാനമുണ്ടാക്കുമോ;

ശ്രീ. പി. രാജീവ്: സർ, പയ്യന്നൂരിൽ സ്ഥിതി ചെയ്യുന്ന ഐ.ടി. പാർക്കുകളെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. അതുപോലെ കയ്യൂരിലെ ഐ.ടി. പാർക്കിനെക്കുറിച്ച് ബന്ധപ്പെട്ട എം.എൽ.എ. എപ്പോഴും ഉന്നയിക്കുന്നതാണ്. ഇതുരണ്ടും ഐ.ടി. വകുപ്പിന്റെ കീഴിലുള്ള പാർക്കുകളാണ്. ബഹുമാന്യരായ അംഗങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് അക്കാര്യം ചർച്ചചെയ്യുകയും ആയത് വ്യവസായ വകുപ്പ് ഏറ്റെടുക്കാൻ

തയ്യാറാണെന്നുള്ളത് ഐ.ടി. വകുപ്പിനെ അറിയിച്ചിട്ടുമുണ്ട്. ഐ.ടി. സെക്രട്ടറി തലത്തിൽ ഇതുസംബന്ധിച്ച യോഗം ചേർന്നിട്ട് ഏകദേശം ഒരു വർഷത്തോളമായി. അവർ മുതൽമുടക്കിയ തുക ഇക്വിറ്റിയാക്കി മാറ്റാമെന്ന നിർദ്ദേശമുൾപ്പെടെ വ്യവസായ വകുപ്പ് നൽകിയിട്ടുണ്ട്. ഒടുവിൽ ഫയൽ സർക്കുലേറ്റ് ചെയ്ത് ഫിനാൻസ് ഡിപ്പാർട്ട്മെന്റ് വരെയെത്തി. സ്ഥലം വിട്ടുതരുന്ന സന്ദർഭത്തിൽ ആ പാർക്കുകൾ വ്യവസായ പാർക്കുകളായി മാറ്റാം. വടക്കൻ കേരളത്തിൽ വലിയ സാധ്യതയുണ്ട്. മട്ടന്നൂരിൽ എയർപോർട്ടുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കുന്ന വിഷയം ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യമാണ്. അവിടെ കുറച്ച് കാലതാമസമുണ്ടായിട്ടുണ്ട്. ഭൂമിയേറ്റെടുക്കലിനുള്ള പണം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ പ്രക്രിയ ഇഴഞ്ഞുനീങ്ങുകയാണ്. കഴിഞ്ഞദിവസം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ, വ്യവസായം ഉൾപ്പെടെ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം ചേരുകയുണ്ടായി. ഭൂമിയേറ്റെടുക്കലിന്റെ ടൈംടേബിൾ തയ്യാറാക്കിയിട്ടുണ്ട്. ആയത് സമയബന്ധിതമായി ഏറ്റെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാന്യനായ കൂത്തുപറമ്പ് അംഗം ഇപ്പോൾ സഭയിലില്ല. അദ്ദേഹവും

ശ്രദ്ധയിൽപ്പെടുത്തുന്ന ഒരു കാര്യമാണിത്. കണക്ടിവിറ്റിയുടെ കാര്യത്തിൽ ഇപ്പുറത്ത് കണ്ണൂർ എയർപോർട്ടും അപ്പുറത്ത് മംഗലാപുരം എയർപോർട്ടും മംഗലാപുരം പോർട്ടുമുണ്ട് എന്നതാണ് വടക്കൻ കേരളത്തിന്റെ പ്രത്യേകത. ദേശീയപാത വീതികൂട്ടുന്നതോടുകൂടി വടക്കൻ കേരളത്തിൽ ഭൂമിയുടെ ലഭ്യതയുണ്ട്. അതുകൊണ്ട് വടക്കൻ കേരളത്തെ വ്യവസായ കേന്ദ്രമായി മാറ്റാനുള്ള സാധ്യത പരമാവധി വിനിയോഗിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, വൈവിദ്ധ്യങ്ങളും ആകർഷണത്വവുംകൊണ്ട് കണ്ണൂർ കൈത്തറിയുടെ ശ്രദ്ധാകേന്ദ്രമാണ്. ഒരുകാലത്ത് ക്രേപ്പ് തുണി പാശ്ചാത്യരാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്ന ഒരു ജില്ല കൂടിയായിരുന്നു. പക്ഷേ ഇന്ന് പഞ്ഞിയുടെയും നൂലിന്റെയും ലഭ്യത കുറവുമൂലം ആ നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ലെന്ന സ്ഥിതിയാണ്. അതുപോലെ കണ്ണൂർ സ്പിന്നിംഗ് മില്ലിന്റെ കാര്യവുമുണ്ട്. ഈ രണ്ട് കാര്യങ്ങൾ അങ്ങയുടെ പ്രത്യേകമായ ശ്രദ്ധയിലുണ്ടാകണം. കൂടാതെ കാഞ്ഞിരോട് കൈത്തറി ഗ്രാമത്തിന്റെ നിർദ്ദേശവുമുണ്ടായിട്ടുണ്ട്. അക്കാര്യംകൂടി പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഡോ. സുജിത് വിജയൻ പിള്ള: സർ, ചവറ കെ.എം.എം.എൽ.-ൽ Titanium Sponge Plant-ന്റെ ഒരു സെക്കന്റ് യൂണിറ്റിന്റെ സാധ്യതയെക്കുറിച്ച് അങ്ങ് പരിശോധിക്കുകയുണ്ടായി. അക്കാര്യത്തിൽ മിദാനി കമ്പനിയുമായി അങ്ങ് ചർച്ച നടത്തിയതായും അറിയുന്നു. അങ്ങനെയൊരു കമ്പനി മുന്നോട്ടുവരികയാണെങ്കിൽ അതിനുവേണ്ടി ചിറ്റൂരിലെ എത്രത്തോളം ഭൂമി ഏറ്റെടുക്കാൻ സാധിക്കും?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ച സ്പിന്നിംഗ് മില്ലിന്റെയും മറ്റും കാര്യങ്ങൾ ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. നാട്ടുകാണിയിലെ ഡൈയിംഗ് യൂണിറ്റിനെക്കുറിച്ചാകും അങ്ങ് ചോദിക്കാൻ പോകുന്നതെന്നാണ് ഞാൻ ഉദ്ദേശിച്ചത്. അവിടെ ഞങ്ങൾ പ്രത്യേകം പരിശോധിച്ചിരുന്നു. നിലവിലുള്ള സംവിധാനമുപയോഗിച്ച് ഉദ്ദേശിക്കുന്ന ലക്ഷ്യം നിർവ്വഹിക്കുന്നതിന് ചില പരിമിതികളുണ്ട്. അവിടെയുള്ള സ്റ്റേക്ക് ഹോൾഡേഴ്സിന്റെയെല്ലാം അഭിപ്രായങ്ങൾ കേട്ടിട്ടുണ്ട്. അങ്ങയുടെ ആഗ്രഹം അധികം വൈകാതെ സാക്ഷാത്കരിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കൈത്തറി, കശുവണ്ടി, കയർ എന്നിവ നമ്മുടെ പരമ്പരാഗത മേഖലയാണ്.

ആധുനികകാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിന്റെ ഭാഗമായി ഈ മേഖല പ്രതിസന്ധി നേരിടുന്നുണ്ട്. ഈ മൂന്ന് മേഖലകളുമായി ബന്ധപ്പെട്ട് രൂപീകരിച്ച വിദഗ്ദ്ധ കമ്മിറ്റികളുടെ റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് എല്ലാപേരുമായി ചർച്ച ചെയ്തുകൊണ്ട് മാറ്റങ്ങൾ വരുത്താൻ സാധിക്കും.

കൈത്തറി മേഖലയെക്കുറിച്ച് പറയുകയാണെങ്കിൽ, അടുത്ത അധ്യയന വർഷത്തേയ്ക്കുള്ള സ്കൂൾ കുട്ടികൾക്കുള്ള യൂണിഫോം ഏകദേശം പൂർണ്ണമായും തയ്യാറായിക്കഴിഞ്ഞിരിക്കുകയാണ്. ഈ മാർച്ച് മാസത്തിൽത്തന്നെ അടുത്ത അധ്യയന വർഷത്തേയ്ക്കുള്ള സ്കൂൾ യൂണിഫോം നൽകാൻ കഴിയുമെന്നുള്ള കാര്യം ഞാൻ സഭയെ അറിയിക്കുകയാണ്. ബഹുമാന്യനായ ആലപ്പുഴ അംഗം കയർ മേഖലയിലെ പ്രതിസന്ധി എപ്പോഴും ചൂണ്ടിക്കാണിക്കുന്നതാണ്. ആഴത്തിലുള്ള പ്രതിസന്ധിയാണ് ആ മേഖല അഭിമുഖീകരിക്കുന്നത്. കയർ ഭൂവസ്ത്രത്തിന്റെ വിപണി ഉറപ്പുവരുത്താനായി നോർത്ത് ഈസ്റ്റ്, ഡിഫൻസ്, എൻ.എച്ച്. തുടങ്ങി എല്ലാ മേഖലകളിലുള്ളവരുമായും ചർച്ച ചെയ്തു. നമ്മൾ 70 രൂപയ്ക്കാണ് കയർ ഭൂവസ്ത്രം കൊടുക്കുന്നത്. കേരളത്തിൽനിന്നുതന്നെ കയർ ഭൂവസ്ത്രം വാങ്ങണമെന്ന് കോൺട്രാക്ട് വർക്കെടുത്തിട്ടുള്ളവരോട് പറഞ്ഞിട്ടുണ്ട്.

ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തു. സർട്ടിഫൈ ചെയ്ത കയർ ഭൂവസ്ത്രം ഉപയോഗിക്കണമെന്ന് അദ്ദേഹവും നിർദ്ദേശം നൽകിയത് കൂടുതൽ സൗകര്യപ്രദമായി. കയർ ഭൂവസ്ത്രം പുറത്തുനിന്നും കൊണ്ടുവരരുതെന്ന് കോൺട്രാക്ടർമാരോട് പറഞ്ഞപ്പോൾ, കേരളത്തിലെ സൊസൈറ്റികളിൽനിന്നുതന്നെ 53 രൂപയ്ക്ക് കയർ ഭൂവസ്ത്രം വാങ്ങുന്നുണ്ടെന്നാണ് അവർ പറയുന്നത്. അതുസംബന്ധിച്ച് വീണ്ടും പരിശോധന നടത്തിയിരുന്നു. കയർ ഭൂവസ്ത്രത്തിന്റെ ഒരു സ്ക്വയർ മീറ്റർ പായ നെയ്യുന്നതിന് നമ്മൾ കൊടുക്കുന്ന കൂലി ഒരു ദിവസം 40 സ്ക്വയർ മീറ്റർ നെയ്യുമെന്ന് കണക്കാക്കിയാണ്. എന്നാൽ 120 സ്ക്വയർ മീറ്റർ വരെ നെയ്യുന്നവരുണ്ട്. അതുകൊണ്ട് 53 രൂപയ്ക്ക് കൊടുത്താലും അവർക്ക് ലാഭമാണ്. പക്ഷെ നമുക്കത് നൽകുന്നത് 60 രൂപയ്ക്കാണ്. അതിനുപുറമെ ഇൻസെന്റീവും കൊടുക്കണം. ഇങ്ങനെയുള്ള പ്രശ്നങ്ങളും തെറ്റായ രീതികളും ആ മേഖലയിലുണ്ട്. കയർ ബോർഡ് കോർപ്പറേഷന്റെയും കയർ ഫെഡിന്റെയും കണക്കുകൾ പരിശോധിച്ചപ്പോൾ ഗോഡൗണുകളുടെ ചെലവ് വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. ആവശ്യത്തിനനുസരിച്ച് എല്ലാം സംഭരിക്കും. അപ്പോൾ പുതിയൊരു ഗോഡൗൺ വാടയ്ക്കെടുക്കുന്നതാണ്.

എന്നാൽ സംഭരിക്കുന്നത് മുഴുവൻ വിൽക്കാൻ കഴിയുന്നില്ല. അതിനുവേണ്ടിയൊരു സ്കീം നടപ്പിലാക്കിയിട്ടുണ്ട്. എന്നാലും കടുത്ത ചില നിലപാടുകൾ കശുവണ്ടി-കയർ മേഖലയിൽ ആവശ്യമായി വരുമെന്നാണ് കാണുന്നത്. വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായത് ചെയ്യാം.

ടൈറ്റാനിയം സ്പോഞ്ച് യൂണിറ്റിനെക്കുറിച്ച് ബഹുമാനപ്പെട്ട ചവറ അംഗം ഇവിടെ സൂചിപ്പിച്ചു. വി.എസ്.എസ്.സി.-യുമായി ചേർന്നാണ് ടൈറ്റാനിയം സ്പോഞ്ച് യൂണിറ്റ് വരുന്നത്. കെ.എം.എം.എൽ.-ന്റെ നഷ്ടത്തിലുള്ള ഒരു മേഖല ടൈറ്റാനിയം സ്പോഞ്ചാണ്. ഓക്സിജൻ കണ്ടെന്റുമായി ബന്ധപ്പെട്ട് ഒരു കാറ്റഗറി കഴിഞ്ഞാൽ അത് സെക്കന്റ് ഗ്രേഡായി മാറും. അതിന്റെ ഒന്നാമത്തെ പ്രോഡക്ട് മാത്രമാണ് വി.എസ്.എസ്.സി. ഏറ്റെടുക്കുന്നത്. ബാക്കി പൊതുവിപണയിൽ വിൽക്കണം. ഇപ്പോഴത്തെ ടെക്നോളജിയും അവിടത്തെ റിയാക്ടറുകളുടെ കാലപ്പഴക്കവുംമൂലം ഗുണനിലവാരമുള്ള പ്രോഡക്ടുകളുടെ അളവ് കുറവാണ്. അക്കാര്യത്തിലിപ്പോൾ ചെറിയ പ്രതിസന്ധി നേരിടുന്നുണ്ട്. മിദാനിയുടെ സി.എം.ഡി. ഉൾപ്പെടെയുള്ളവരുമായി അതിനെക്കുറിച്ച് ചർച്ച ചെയ്തു. മിദാനി,

വി.എസ്.എസ്.സി., ഡിഫൻസ് മേഖലയുമായി ബന്ധപ്പെട്ട മറ്റ് കേന്ദ്ര കമ്പനികൾ കെ.എം.എം.എൽ.-മായി ചേർന്ന് ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ആ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അടിയന്തരമായി ടൈറ്റാനിയം സ്പോഞ്ചിന്റെ പ്രൊഡക്ഷനിലേയ്ക്ക് പോകാൻ കഴിയുന്ന പദ്ധതി നിലവിൽവരും. പദ്ധതി നിലവിൽ വരുന്ന ഘട്ടത്തിൽമാത്രമേ ഭൂമി ഏറ്റെടുക്കലിലേയ്ക്ക് പോകാൻ സാധിക്കുകയുള്ളൂ. കോവിൽതോട്ടത്തിൽ ഖനനം നടത്താൻ സാധിച്ചിരുന്നില്ലായെന്നും അവിടെ ആളുകൾക്ക് ജോലിയുടെ പ്രശ്നമുണ്ടെന്നും ബഹുമാന്യനായ അംഗം ഏറെക്കാലമായി പറയുന്നതാണ്. അത്തരം പ്രശ്നങ്ങളെല്ലാം പരിഹരിച്ചുകൊണ്ട് അവിടെ ഖനനം ആരംഭിക്കാനും ആളുകൾക്ക് തൊഴിൽ ഉറപ്പുവരുത്താനും കഴിഞ്ഞുവെന്നുള്ള കാര്യവും ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഖാദി മേഖലയിൽ കഴിഞ്ഞ രണ്ടുവർഷമായി നല്ല രീതിയിൽ വിൽപ്പന ശക്തിപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഡെബ്റ്റ് റിക്കവറി ട്രിബ്യൂണൽ റിക്കവറി ചെയ്ത് മറ്റൊരു വ്യവസായ സ്ഥാപനത്തിനുവേണ്ടി നൽകിയ

സ്ഥാപനത്തെക്കുറിച്ചുള്ള വിഷയമാണ് പറയാനുള്ളത്. ഡി.ആർ.ടി. കൊടുത്തുകഴിഞ്ഞാൽ വളരെവേഗത്തിൽത്തന്നെ പുതിയൊരാൾക്ക് അവിടെയൊരു വ്യവസായം ആരംഭിക്കാൻ കഴിയുന്ന സാഹചര്യം നേരത്തെയുണ്ടായിരുന്നു. പാലക്കാടുള്ള ഛായ ഇൻഡസ്ട്രീസ് എന്നൊരു സ്ഥാപനം ഈ രീതിയിൽ കൈമാറ്റം ചെയ്തിട്ടും നടപടിക്രമങ്ങളുടെ പേരിൽ നീണ്ടുപോവുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. മുൻകാലങ്ങളിലുണ്ടായിരുന്നപോലെ ഡി.ആർ.ടി. കൈമാറി കൊടുത്തുകഴിഞ്ഞാൽ വളരെ വേഗത്തിൽ വലിയ തടസ്സമില്ലാതെ നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, തൃശ്ശൂരിലെ വൈരക്കല്ല് മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്.

<u>ശ്രീ. പി. രാജീവ്</u>: സർ, വളരെക്കാലമായി ശ്രമിച്ചിട്ടും പൂർണ്ണതയിൽ എത്താൻ കഴിയാത്ത ഒരു പ്രശ്നമാണ് ബഹുമാന്യനായ പട്ടാമ്പി അംഗം ചൂണ്ടിക്കാണിച്ചത്. അക്കാര്യത്തിൽ ഒരു മാസത്തിനുള്ളിൽത്തന്നെ മാറ്റം വരുമെന്നാണ് എനിക്ക് തോന്നുന്നത്. ലാൻഡ് അലോട്ട്മെന്റിൽ റവന്യൂ

വകുപ്പ് കൊടുക്കുന്ന പട്ടയം ഒരാളുടെ പേരിലാണെങ്കിൽ അടുത്ത ആളുടെ പേരിലേയ്ക്ക് മാറ്റേണ്ടി വരും. അങ്ങനെ പട്ടയം മാറ്റുന്ന പ്രക്രിയയ്ക്ക് നാലഞ്ച് വർഷമെടുക്കും. മാത്രമല്ല, പ്ലാസ്റ്റിക് ഗ്ലാസ് ഇൻഡസ്ട്രിക്ക് വേണ്ടിയുള്ള ഭൂമിയുടെ പട്ടയമാണെങ്കിൽ പ്ലാസ്റ്റിക് ഗ്ലാസ്സുണ്ടാക്കുന്ന ഇൻഡസ്ട്രിയെന്ന് പട്ടയത്തിൽത്തന്നെ എഴുതും. അതെഴുതിയ പട്ടയം വാങ്ങി വ്യവസായം ആരംഭിക്കാൻ വരുമ്പോഴേയ്ക്കും പ്ലാസ്റ്റിക് നിരോധിച്ചിട്ടുണ്ടാകും. എന്നാൽ പേപ്പർ കപ്പ് വ്യവസായം ആരംഭിക്കാമെന്ന് വിചാരിച്ചാൽ അതിന് വീണ്ടും 3 വർഷത്തോളം സമയമെടുക്കും. ഇതാണ് ഗുരുതരമായ പ്രശ്നം. യൂണിഫൈഡ് ലാൻഡ് അലോട്ട്മെന്റ് പോളിസിയിൽ കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നിവയെല്ലാം ഇക്കാര്യം ക്ലിയറായി വച്ചിരിക്കുകയാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട മറ്റൊരു കാര്യം ഉടമസ്ഥാവകാശം സംബന്ധിച്ചാണ്. ഉദാഹരണത്തിന് ഒരാൾ മരിച്ചാൽ അയാളുടെ മകന്റെ പേരിലേയ്ക്ക് പട്ടയം മാറ്റാൻതന്നെ വർഷങ്ങളെടുക്കുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പ്രത്യേകം താൽപ്പര്യം കാണിച്ചതിനെത്തുടർന്ന് ഞങ്ങൾ രണ്ടുമൂന്ന് യോഗം ചേർന്നിരുന്നു. അതിന്റെ ഫലമായി ഈ വിഷയത്തിൽ ഏകദേശം

രൂപമായിട്ടുണ്ട്. ചെറിയ ഫീസ് നൽകി വളരെ എളുപ്പത്തിൽത്തന്നെ ഓൺലൈനായി ഇത് മാറ്റാൻ കഴിയുമെന്നാണ് പ്രതിക്ഷീക്കുന്നത്. 'ഇൻഡസ്ട്രിയൽ പർപ്പസ്' എന്ന് പട്ടയത്തിൽ എഴുതിയാൽമതി. ആ മേഖലയിൽ നിയമപ്രകാരം നടത്തുന്ന വ്യവസായം മാത്രമേ അവിടെ നടത്താൻ സാധിക്കുകയുള്ളൂ. പട്ടയത്തിൽ എന്ത് എഴുതിയാലും റെഡ് കാറ്റഗറിയിൽ ഉൾപ്പെട്ടതാണെങ്കിൽ നടത്താൻ കഴിയില്ല. അതുകൊണ്ട് 'ഇൻഡസ്ട്രിയൽ പർപ്പസ്' എന്നെഴുതിയാൽ മതി. അത് പേപ്പർ കപ്പാണോ സ്റ്റീലാണോ സിമന്റാണോയെന്നൊന്നും ഓരോ പട്ടയത്തിലും എഴുതേണ്ടതില്ലായെന്ന പൊതുധാരണയിൽ എത്തിയിട്ടുണ്ട്. അധികംവൈകാതെ, രണ്ട് മാസത്തിനുള്ളിൽത്തന്നെ അത് പ്രഖ്യാപിക്കാൻ കഴിയും. ഡ്രാഫ്റ്റ് പോളിസി റവന്യൂ വകുപ്പ് അംഗീകരിച്ചാൽ അപ്പോൾത്തന്നെ അത് നടപ്പിലാക്കാൻ കഴിയും.

തൃശ്ശൂരിലെ വൈരക്കല്ല് മേഖലയെ സംരക്ഷിക്കുന്ന കാര്യം ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ഇവിടെ സൂചിപ്പിച്ചു. തൃശ്ശൂരിലെ നഗര ഹൃദയത്തിൽ പുഴയ്ക്കൽ പാടത്ത് കിൻഫ്രയ്ക്ക് ലാൻഡ് എടുത്തിട്ടുണ്ട്. അതിനപ്പുറമുള്ള എല്ലാ ഗ്രൂപ്പുകാർക്കും ഭൂമി തരംമാറ്റുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

ബഹുമാന്യനായ ചെയറിനും അക്കാര്യം അറിയാവുന്നതായിരിക്കും. എന്നാൽ കിൻഫ്രയ്ക്കുമാത്രം ഭൂമി തരംമാറ്റുന്നതിനുള്ള അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. അനുമതി ലഭിക്കുകയാണെങ്കിൽ അവിടെ ജെം ആൻഡ് ജ്വല്ലറി പാർക്ക് സ്ഥാപിക്കാനാണ് ആലോചിക്കുന്നത്. വൈരക്കല്ല് വ്യവസായത്തിനായി എല്ലാവരും ചേർന്ന് ഒരു സൊസൈറ്റിയായി വരികയാണെങ്കിൽ അവർക്കും അടിസ്ഥാന സൗകര്യ വികസനത്തിനായി 3 കോടി രൂപ വരെ സർക്കാർ കൊടുക്കുകയും അതിനുവേണ്ടി ഈ സ്ഥലം വിനിയോഗിക്കുകയും ചെയ്യാം.

ശ്രീമതി ദെലീമ: സർ, അരൂർ മണ്ഡലത്തിൽ കെൽട്രോണിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; അവിടത്തെ ഉദ്യോഗസ്ഥർക്ക് ശമ്പളത്തിന്റെ ലഭ്യത കുറവാണെന്ന് പറഞ്ഞിരുന്നു. അക്കാര്യത്തിൽ മാറ്റമുണ്ടാക്കാൻ സാധ്യതയുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, 1000 കോടി രൂപയുടെ ടേൺഓവറിലേയ്ക്ക് കെൽട്രോണിനെ മാറ്റുന്നതിനുള്ള താൽപ്പര്യത്തോടുകൂടിയ പ്രവർത്തനങ്ങൾ നടക്കുകയാണ്. തൊഴിലാളികളും വളരെ താൽപ്പര്യത്തോടുകൂടി അക്കാര്യത്തിലുള്ള അങ്ങയുടെ നീക്കത്തെ കാണുന്നുണ്ട്. വളരെക്കാലത്തിനുശേഷം അവർക്കൊരു ശമ്പളപരിഷ്കരണം

നടപ്പിലാക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടായിരുന്നു. ഇടക്കാലാശ്വാസമെന്ന നിലയിൽ ഗവൺമെന്റ് സഹായം നൽകിയിട്ടുണ്ട്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്കതിൽ കൃതജ്ഞതയുണ്ട്. പക്ഷെ ദീർഘകാലത്തെ ശമ്പള പരിഷ്ക്കരണം മുടങ്ങികിടക്കുന്നൊരു പശ്ചാത്തലമാണവിടെയുള്ളത്. പ്രസ്തുത ഫയൽ ധനകാര്യവകുപ്പ് അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കളിക്കുന്നതായാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ഒരുമിച്ച് ഒരു മീറ്റിംഗ് നടത്തി കെൽട്രോണിലെ തൊഴിലാളികളുടെ ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതിനായി നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ഒറ്റപ്പാലം മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവസായ സ്ഥാപനമാണ് സിൽക്ക്-ന്റെ യൂണിറ്റ്. നഗര ഹൃദയത്തിലുള്ള കണ്ണായ സ്ഥലത്താണ് നിലവിൽ സിൽക്കിന്റെ യൂണിറ്റ് സ്ഥിതി ചെയ്യുന്നത്. അതിനെ ആധുനികവൽക്കരിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന നിലയിൽ മാറ്റിയെടുക്കാനും ആവശ്യമായിട്ടുള്ള ഒരു കർമ്മപദ്ധതി അനിവാര്യമാണ്. അക്കാര്യം പരിഗണിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ടതാണ് ആദ്യചോദ്യം. ജീവിതച്ചെലവിന്റെ വർദ്ധനവ് പരിഗണിക്കുന്നതിനോടൊപ്പം ശമ്പള പരിഷ്കരണം താങ്ങാനുള്ള ശേഷി സ്ഥാപനങ്ങൾക്കുണ്ടോയെന്നുകൂടി പരിശോധിക്കേണ്ടതുണ്ടെന്നതാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്. ശമ്പളപരിഷ്കരണം നടത്തുന്നതോടുകൂടി കമ്പനി അടച്ചുപൂട്ടുന്ന സാഹചര്യമുണ്ടാകാൻ പാടില്ലായെന്നതാണ് ഗവൺമെന്റിന്റെ പൊതുവായ സമീപനം. ബഹുമാനപ്പെട്ട അംഗം ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചൂണ്ടിക്കാണിച്ച വിഷയത്തെക്കുറിച്ച് പറയാം. ഇപ്പോഴത്തെ രീതിയിൽ ഒരു എൽ.റ്റി.എ.എസ്. ഒപ്പുവയ്ക്കുകയാണ്. ചിലപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിലായിരിക്കും അത് ഒപ്പുവയ്ക്കുന്നത്. നമ്മുടെ രാജ്യത്തെ ലേബർ ആക്ട് പ്രകാരം ട്രൈപാർട്ടി (മാനേജ്മെന്റ്, തൊഴിലാളി യൂണിയൻ, ലേബർ ഡിപ്പാർട്ടുമെന്റ്) എഗ്രിമെന്റാണ്. തൊഴിൽ നിയമങ്ങളിൽ പബ്ലിക് സെക്ടർ, പ്രൈവറ്റ് സെക്ടർ എന്നിങ്ങനെ പ്രത്യേകം എക്സംപ്ഷനില്ല. മൂന്നംഗ എഗ്രിമെന്റ് ഒപ്പുവച്ചുകഴിഞ്ഞാൽ അത് ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കുകയാണ് ചെയ്യുന്നത്. ഗവൺമെന്റിന് സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമോയെന്നതാണ് ധനകാര്യ വകുപ്പ് സാധാരണ

പരിശോധിക്കേണ്ടത്. എന്നാൽ അണ്ടർ സെക്രട്ടറിയേക്കാൾ കൂടുതൽ ശമ്പളം എങ്ങനെ ജനറൽ മാനേജർക്ക് വാങ്ങിക്കാൻ കഴിയുമെന്നതാണ് അവിടെ ചിലർ നോക്കുന്നത്. കമ്പനിയും സെക്രട്ടേറിയറ്റും തമ്മിൽ യാതൊരു ബന്ധവുമില്ല. എന്നാലും ഇങ്ങനെ ക്വറികൾ എഴുതിക്കൊണ്ടേയിരിക്കും. ട്രൈപാർട്ടി എഗ്രിമെന്റിനെക്കുറിച്ച് കോടതിയും പറഞ്ഞിട്ടുണ്ട്. 'എച്ച്.ആർ.എ. എന്തിനാണ് കൂട്ടിയത്; ഡി.എ. ഇത്ര മെർജ് ചെയ്യാൻ പാടുണ്ടോ?' എന്നിങ്ങനെയാണ് ക്വറികൾ. യഥാർത്ഥത്തിൽ അങ്ങനെയുള്ള അവകാശങ്ങൾ നിയമപ്രകാരം ഇല്ലാത്തതാണ്. രാജ്യത്തെ നിയമത്തിനനുസരിച്ചാണല്ലോ എല്ലാവരും പ്രവർത്തിക്കുന്നത്. സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമോ; അതെങ്ങനെയാണ് എന്നെല്ലാം ധനകാര്യ വകുപ്പ് പരിശോധിക്കണം. അല്ലാതെ വകുപ്പുമന്ത്രിയുൾപ്പെടെയിരുന്ന് ചർച്ച ചെയ്ത ട്രൈപാർട്ടി എഗ്രിമെന്റിനെകുറിച്ചല്ല. ബഹുമാനപ്പെട്ട അംഗം ശ്രീ. എ. സി. മൊയ്തീൻ മന്ത്രിയും ഞാൻ ട്രേഡ് യൂണിയൻ നേതാവുമായിരുന്ന കാലത്ത് ഒപ്പുവച്ച ട്രൈപാർട്ടി എഗ്രിമെന്റിന് അംഗീകാരം ലഭിക്കാൻ മൂന്ന് വർഷമെടുത്തു. 'ഈ സ്കെയിൽ ഇങ്ങനെപാടില്ല' എന്നെല്ലാമാണ് പറയുന്നത്. ഇത് സെക്രട്ടേറിയറ്റിനകത്തിരിക്കുന്ന ഉദ്യോഗസ്ഥർക്ക് തീരുമാനിക്കാൻ

കഴിയുന്നതല്ല. ഒരു നിയമത്തിന്റെ പരിധിക്കകത്തുനിന്ന് ചെയ്യേണ്ട കാര്യമാണ്. ഇപ്പോൾ കോടതിയും പറഞ്ഞിട്ടുണ്ട്. സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമോ, ഗവൺമെന്റിന് ഡയറക്ടായോ ഇൻഡയറക്ടായോ ലയബിലിറ്റിയുണ്ടാകുമോ എന്നിവയെല്ലാം ധനകാര്യ വകുപ്പ് കൃത്യമായി പരിശോധിക്കേണ്ടതാണ്. പോൾ ആന്റണി കമ്മിറ്റി ശിപാർശ സമർപ്പിച്ചിട്ടുണ്ട്. നേരിട്ട് യാതൊരു ബാദ്ധ്യതയുമില്ലെങ്കിൽ എത്രമാത്രം ഫിനാൻഷ്യൽ, ഫങ്ഷണൽ ഓട്ടോണമി നൽകാം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ശിപാർശ വന്നിട്ടുണ്ട്. അതുകൂടി വരുമ്പോൾ ഫയൽ മൂവ്മെന്റുകളുടെ സങ്കീർണ്ണത കുറയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുവിൽ ഉദ്യോഗസ്ഥരുടെ സമീപനത്തിൽ മാറ്റം വന്നിട്ടുണ്ട്. അത് പ്രതിഫലിക്കുന്നുമുണ്ട്. ട്രേഡ് യൂണിയനുകളുടെ സമീപനത്തിലും നല്ല മാറ്റം വന്നിട്ടുണ്ട്. ചില മേഖലകളിൽ വളരെ അപൂർവ്വമായി തർക്കങ്ങൾ വരുന്നുണ്ട്. അത്തരം തർക്കങ്ങളിലും ഇടപെടുന്നുണ്ട്. അത് ചിലപ്പോൾ ചുമടുമായി ബന്ധപ്പെട്ടായിരിക്കാം. ഒരു സമൂഹം മുന്നോട്ടുപോകുമ്പോൾ, പഴയകാലത്തേതുപോലെ മുഴുവൻ ഭാരവും തലയിൽ കയറ്റിവയ്ക്കണമെന്നില്ല. അത് ആധുനിക സമൂഹത്തിന് സാധിക്കുന്നതായിരിക്കില്ല. തൊഴിൽ

സംരക്ഷിച്ചുകൊണ്ട് എങ്ങനെ ചുമട്ടുഭാരം കുറയ്ക്കാൻ സാധിക്കുമെന്ന രീതിയാണുണ്ടാകേണ്ടത്. ഞാൻ കഴിഞ്ഞദിവസം ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുമായി സംസാരിച്ചു. ഇത്തരം കാര്യങ്ങളിൽ മാറ്റം വരുത്താൻ കഴിയുമോയെന്നതു സംബന്ധിച്ച് ചുമട്ടുതൊഴിലാളി ബോർഡുതന്നെ ചർച്ച ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. അതിലൊരു മാറ്റമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കെൽട്രോണിന്റെ കാര്യത്തിലും പൊതുസമീപനത്തിനകത്ത് നിന്നുകൊണ്ടുള്ള നടപടികളാണ് നമുക്ക് സ്വീകരിക്കാൻ കഴിയുക. പൊതുമേഖലാ സ്ഥാപനത്തെക്കുറിച്ചുള്ള കാര്യം ഞാൻ നേരത്തേ സൂചിപ്പിച്ചു. മാസ്റ്റർ പ്ലാനുകൾ നടപ്പിലാക്കുന്നുണ്ട്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മിനിസ്റ്റർ, സമയം....

ശ്രീ. പി. രാജീവ്: സർ, ഞാൻ ചില കാര്യങ്ങൾകൂടി സൂചിപ്പിച്ച് പെട്ടെന്ന് അവസാനിപ്പിക്കാം. സംരംഭകരെ ആകർഷിക്കാനായി 'മീറ്റ് ദ ഇൻവെസ്റ്റർ' പദ്ധതി ആരംഭിച്ചതിന്റെ ഭാഗമായി 11,000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് വന്നിട്ടുള്ളത്. അതിൽ രണ്ട് കമ്പനികൾ നിലവിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 29 കമ്പനികൾ നിക്ഷേപത്തിന് തയ്യാറായിട്ടുണ്ട്. നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ്

പ്രതീക്ഷിക്കുന്നത്. ചർച്ചയിൽ ഉയർന്നുവന്ന കാര്യങ്ങൾക്കെല്ലാമുള്ള മറുപടി നേരത്തേ വ്യക്തമാക്കിയിട്ടുണ്ട്.

സംരംഭകത്വ വർഷത്തിന്റെ ഭാഗമായി ആരംഭിച്ചൊരു സ്ഥാപനം കാണാൻ അങ്ങ് ക്ഷണിച്ചതുപ്രകാരം ഞാൻകൂടി വന്ന് നമ്മൾ ഒരുമിച്ച് സന്ദർശിച്ചതാണ്. അതൊരു വലിയ മാതൃകയാണ്. കമ്പ്യൂട്ടറിൽ ഫീഡ് ചെയ്തുകൊടുത്താൽ അതിനനുസരിച്ച് മരം കട്ട് ചെയ്ത്, എവിടെയൊക്കെയാണ് ഹോൾ ഇടേണ്ടത്, എവിടെയാണ് റെയിൽ ഇടേണ്ടത്, ഒരു പൊടിപോലും പുറത്തേയ്ക്ക് വരാത്ത രീതിയിൽ എല്ലാകാര്യങ്ങളും ചെയ്യുന്ന അത്യാധുനിക സംവിധാനമാണ് ആ സ്ഥാപനത്തിൽ നമ്മൾ കണ്ടത്. അത്രയും ആധുനികമായതെല്ലാം ഈ സംരംഭകത്വ വർഷത്തിന്റെ ഭാഗമായി വന്നിട്ടുണ്ട്. അതിൽ നല്ലൊരു പങ്ക് സ്ത്രീ സംരംഭകരാണ്. ആദ്യമായി വ്യവസായ വകുപ്പ് വനിതാദിനം ആചരിക്കുകയുണ്ടായി. അതിന്റെ ഭാഗമായി പ്രഖ്യാപനങ്ങളും നടത്തി. സ്ത്രീ സംരംഭകരിൽ നല്ല ആത്മവിശ്വാസം വരുന്നുണ്ട്. സ്ത്രീ സംരംഭകർ കൂടുന്നതോടുകൂടി സ്ത്രീകൾ സാമ്പത്തികമായി കൂടുതൽ കരുത്ത് നേടും. അതോടുകൂടി ശാക്തീകരണം മുന്നോട്ടുപോകും. അതുകൊണ്ട് ഇത്തരം

സ്ഥാപനങ്ങളെ നിലനിർത്തുന്നതിനുള്ള പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. ഒരു അക്കൗണ്ട് അഗ്രഗേറ്റർ സംവിധാനം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കുവേണ്ടി കൊണ്ടുവരുന്നുണ്ട്. ചാർട്ടേഡ് അക്കൗണ്ടന്റുകളുടെ സംഘടനയായ ഐ.സി.എ.ഐ.-യുമായി സംരംഭകത്വ വർഷത്തിന്റെ ആലോചനായോഗം ചേർന്നിരുന്നു. കഴിഞ്ഞദിവസം വീണ്ടും യോഗം നടത്തി. എല്ലാ ജില്ലയിലും പുതിയ സംരംഭങ്ങൾ വരികയാണ്. എങ്ങനെയാണ് ജി.എസ്.ടി. റിട്ടേൺ കൊടുക്കുക; എങ്ങനെയാണ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സംരംഭകർക്ക് വേണ്ടത്ര പരിജ്ഞാനമുണ്ടാകില്ല. ഒരു സംരംഭം തുടങ്ങാനുള്ള ആവേശത്തിൽ ആരംഭിച്ചതായിരിക്കും. കേരളത്തിലെ ചാർട്ടേഡ് അക്കൗണ്ടന്റുകളുടെ സംഘടനയായ ഐ.സി.എ.ഐ. എല്ലാ ജില്ലയിലും ഒരു വർഷത്തേയ്ക്ക് സൗജന്യമായി സേവനം നൽകാമെന്ന് അറിയിച്ചിട്ടുള്ളകാര്യം സൂചിപ്പിക്കുകയാണ്. ഇതുകൂടാതെ സഹകരണവകുപ്പുമായി ചേർന്ന് കൺസ്യൂമർ ഫെഡിലും സഹകരണ ബാങ്കുകളുടെ സൂപ്പർമാർക്കറ്റുകൾക്കകത്തും കേരള മെയ്ഡ് ഉൽപ്പന്നങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക സംവിധാനമുണ്ടാക്കാം. റേഷൻകടകളുടെ സ്വഭാവം

മാറുന്നതിനനുസരിച്ച് അതത് പ്രദേശങ്ങളിലെ ഉൽപ്പന്നങ്ങൾക്ക് പ്രത്യേകം സ്ഥലം കണ്ടെത്താനും ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനിച്ചിട്ടുണ്ട്.

ഇപ്പോൾ ആരംഭിച്ചിട്ടുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കൊരു ഇൻഷ്വറൻസ് പദ്ധതി ഗവൺമെന്റ് പ്രഖ്യാപിക്കുന്നുണ്ട്. അതവർക്ക് ആത്മവിശ്വാസം പകരുന്നതിന് സഹായകരമായിരിക്കും. സംരംഭക മേഖലയിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനമുൾപ്പെടെയുള്ളവർക്ക് ഈ സാമ്പത്തിക വർഷം എം.എസ്.എം.ഇ. അവാർഡ് നൽകുന്നുണ്ട്. കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട 1000 എം.എസ്.എം.ഇ.-കളുണ്ട്. എം.എസ്.എം.ഇ.-യ്ക്ക് ശരാശരി 100 കോടി രൂപ ടേൺ ഓവറുണ്ട്. ഒരു ലക്ഷം കോടി ടേൺ ഓവറുള്ള 1000 എം.എസ്.എം.ഇ.-കൾ ആരംഭിക്കുന്നതിനുള്ള സ്കെയിലിംഗ് അപ് പദ്ധതി അടുത്ത സാമ്പത്തികവർഷം തുടക്കം മുതൽ കേരളത്തിൽ ആരംഭിക്കുമെന്ന കാര്യം സൂചിപ്പിക്കുന്നു. ഫെസിലിറ്റേഷൻ സെന്ററുകൾ 3 എണ്ണമായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനമാരംഭിച്ചു. അവിടെയൊരു സിംഗിൾ വിൻഡോ സംവിധാനം

ആരംഭിക്കണമെന്നാണ് കാണുന്നത്. പ്ലാന്റേഷൻ മേഖലയിൽ മറ്റ് പഴവർഗ്ഗങ്ങൾ, വാനില, മെഡിസിനൽ പ്ലാന്റ്സ്, മറ്റ് അലൈഡ് ആക്ടിവിറ്റീസ് എന്നിവ ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. കോമേഴ്സ് മിഷൻ- സെക്രട്ടേറിയറ്റിലെ വ്യവസായ വകുപ്പിനെ ഇൻഡസ്ട്രിയൽ ആൻഡ് കോമേഴ്സ് ഡയറക്ടറേറ്റ് എന്നാണ് പറയുന്നതെങ്കിലും പ്രത്യേകം സംവിധാനമില്ല. കോമേഴ്സിനുവേണ്ടി മാത്രം പ്രത്യേക സംവിധാനം വകുപ്പിൽ രൂപപ്പെടുത്തും. ജി.ഐ. ഉൽപ്പന്നങ്ങൾക്കുവേണ്ടി അവരുടെ പ്രത്യേക മീറ്റിംഗ് കൂടിയിരുന്നു. പ്രത്യേക വിപണന സംവിധാനം കൊണ്ടുവരുന്നുണ്ട്. സമാനസ്വഭാവമുള്ള ചെറുകിട സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ.) കോമൺ ഫെസിലിറ്റി സെന്ററും ടെക്നോളജി അപ്ഗ്രഡേഷനുള്ള സൗകര്യങ്ങളെല്ലാം വരുന്ന ക്ലസ്റ്റർ സംവിധാനം ശക്തിപ്പെടുത്താനായി ഉദ്ദേശിക്കുന്നു.

നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളിലും ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും പഴയകാലത്തെ നിബന്ധനകൾക്കനുസരിച്ചുള്ള സ്ഥലമുണ്ടാകും. എന്നാലിപ്പോൾ കുറച്ചു സ്ഥലം മതിയാകും. ബാക്കി സ്ഥലം വെറുതെ കിടക്കുകയാണ്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളുമായി ചേർന്ന് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കാൻ സർക്കാർ

ഉദ്ദേശിക്കുന്നുണ്ട്. ആദ്യംതന്നെ എം.ജി. യൂണിവേഴ്സിറ്റിയുടെ പ്രൊപ്പോസൽ വന്നിട്ടുണ്ട്. അതുവച്ച് ഒരു പാർക്ക് ആരംഭിക്കുന്നു. ആ പാർക്കിൽ ആ ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിലോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ വരുന്ന ഗവേഷണ ഫലങ്ങളുടെ വ്യവസായ ഉൽപ്പാദനത്തിന് പ്രത്യേക പരിഗണന നൽകും. ബാക്കിയുള്ളതിലും ചെയ്യാം. അവിടെയുള്ള കുട്ടികൾക്ക് പഠിക്കുമ്പോൾതന്നെ ഇവിടെ വർക്ക് ചെയ്യാനും സാധിക്കുമെന്നതാണ് ഒരു അഡീഷണൽ അഡ്വാന്റേജ്. കൂടാതെ അവർക്കതൊരു വരുമാനവുമായി മാറും. കേരളത്തിന്റെ സ്വഭാവത്തെ മാറ്റുന്ന പ്രൈവറ്റ് പാർക്കുകളെപ്പോലെതന്നെ സഹായകരമായിരിക്കും അക്കാഡമിക് ഇൻസ്റ്റിറ്റ്യൂഷനോട് ചേർന്നുള്ള ഇൻഡസ്ട്രിയൽ പാർക്കുകൾ. 7 മൾട്ടി സ്റ്റോറീഡ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കാനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇൻഡസ്ട്രി-അക്കാഡമിക് ബന്ധം ശക്തിപ്പെടുത്തും.

കഴിഞ്ഞ ദിവസം 20 കോടി രൂപയ്ക്കാണ് കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ സിന്തറ്റിക് ബയോളജിയുടെ സെന്റർ ഓഫ് എക്സലൻസ് രൂപീകരിച്ചത്. ഇന്ത്യയിലാദ്യമായാണ് സിന്തറ്റിക് ബയോളജിയിൽ സെന്റർ ഓഫ് എക്സലൻസ് വരുന്നത്. കഴിഞ്ഞ 30 വർഷം ഐ.ടി. ആണ് ലോകത്തെ

ഭരിച്ചതെങ്കിൽ അടുത്ത 30 വർഷം ബയോളജിയും ബയോടെക്നോളജിയുമായിരിക്കും ലോകത്തെ ഭരിക്കാൻ പോകുന്നത്. ബയോളജിയും ബയോടെക്നോളജിയും ലോകത്തെ ഭരിക്കാൻ പോകുമ്പോൾ കേരളം പോലെ ഈ ജൈവ വൈവിധ്യത്തിൽ സമ്പന്നതയുള്ള പ്രദേശത്തിനുള്ള സാധ്യത വളരെ ഉയർന്നതായിരിക്കും. ആ സാധ്യത വിനിയോഗിക്കാനുള്ള സംവിധാനമായിട്ടാണ് ഇതിനെ കാണുന്നത്. മെയ്ഡ് ഇൻ കേരള ബ്രാൻഡ് പദ്ധതിയുടെ സംവിധാനമുണ്ട്. കിൻഫ്രയുടെ ഒരു എക്സിബിഷൻ സെന്റർ അടുത്ത കേരളപിറവി ദിനത്തിൽ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2011-16 യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കിൻഫ്രയിൽ 263 യൂണിറ്റുകളിൽ 4488 തൊഴിലും 786 കോടി രൂപ നിക്ഷേപവുമുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഗവൺമെന്റിന്റെ ഭരണകാലത്ത് 485 യൂണിറ്റുകളിൽ 17264 തൊഴിലും 1511 കോടി രൂപയുടെ നിക്ഷേപവുമുണ്ടായി. ഈ രണ്ടുവർഷത്തിനുള്ളിൽ കിൻഫ്ര പാർക്കുകളിലെ 286 യൂണിറ്റുകളിലൂടെ 24003 തൊഴിൽ സൃഷ്ടിച്ചു. ഇത് കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന തൊഴിൽ സൃഷ്ടിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത്

ആകെ 17264 ആയിരുന്നു. അതിനുമുമ്പുള്ള ഗവൺമെന്റിന്റെ മൂന്നിരട്ടിയാണത്. അതിനേക്കാൾ കൂടുതൽ നമുക്ക് ഈ രണ്ടുവർഷംകൊണ്ട് നേടാൻ കഴിഞ്ഞു. 1862.66 കോടി രൂപയുടെ നിക്ഷേപം വന്നു. മറ്റ് കാര്യങ്ങളിലേയ്ക്ക് കടന്നുപോകുന്നില്ല. ഇപ്പോൾതന്നെ കുറച്ചധികം സമയമെടുത്തിട്ടുണ്ട്. വ്യവസായ മേഖലയിൽ നിലനിൽക്കുന്ന നിയമങ്ങളുടെ പരിഷ്കരണത്തിന് കമ്മിറ്റി രൂപീകരിച്ചിരുന്നു. ആ കമ്മിറ്റിയുടെ ശിപാർശകൾ ചർച്ച ചെയ്യാൻ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചു. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളോടൊപ്പം ആ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ നിലവിലുള്ള വിവിധ വകുപ്പുകളിലെ 35 നിയമങ്ങൾ ഭേദഗതി ചെയ്യുന്ന ബിൽ നിയമപരിഷ്കരണ കമ്മീഷൻ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. ആ വകുപ്പുകളുമായി ചർച്ച നടത്തി, ആ ബില്ലുകളും പാസാക്കി നിയമം നിലവിൽവന്നാൽ കേരളം കുറേക്കൂടി മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് പോകും. നമുക്ക് ഒന്നിച്ചുനിന്നാൽ കേരളം ഏറ്റവും നല്ല വ്യവസായ അന്തരീക്ഷമുള്ള നാടാക്കി മാറ്റാം. അതിന് എല്ലാവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാ ബഹുമാനപ്പെട്ട മെമ്പർമാരോടും പ്രത്യേകം നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. വൈദ്യുതി വകുപ്പിനെ സംബന്ധിച്ച് ചില അംഗങ്ങൾ നിർദ്ദേശങ്ങൾ പറഞ്ഞുകഴിഞ്ഞതിനാൽ ഡിമാന്റിനെ കുറിച്ച് പറയാം. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ഒന്നുരണ്ട് കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. ഒന്നാമതായി, മുണ്ടൂരിൽ നിലവിലുള്ള 33 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി സബ്സ്റ്റേഷനായി ഉയർത്തുന്നതിനുള്ള സ്കീമിന് അപ്രൂവൽ നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭരണാനുമതിക്കുള്ള നടപടികൾ നടന്നുവരുന്നു. രണ്ട് വർഷത്തിനുള്ളിൽ മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തീകരിക്കുന്നതാണ്. രണ്ടാമതായി, വടക്കാഞ്ചേരി ചാലുശ്ശേരി പോൾ കാസ്റ്റിംഗ് യൂണിറ്റ് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ 7-3-2021-ൽ ആരംഭിച്ചു. അഞ്ച് മാസത്തിനകം ഇത് പൂർത്തിയാകുന്നതാണ്. മൂന്നാമതായി, വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ തടസ്സരഹിതവും ഗുണമേന്മയുള്ളതുമായ വൈദ്യുതി വിതരണം ഉറപ്പുവരുത്തുന്നതിനായി ദ്യുതി, ആർ.ഡി.എസ്.എസ്. (Revamped Distribution Sector Scheme) എന്നീ

പദ്ധതികളിൽ പന്ത്രണ്ട് കിലോമീറ്റർ HT ABC കേബിളുകൾ, 36.1 കിലോമീറ്റർ LT ABC കേബിളുകൾ, 200 മീറ്റർ HT ഭൂഗർഭ കേബിളുകൾ, 870 മീറ്റർ കവചിത ചാലകങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

മറ്റൊന്ന് മെഡിക്കൽ കോളേജിലെ 33 കെ.വി. സബ്സ്റ്റേഷന്റെ കാര്യമാണ്. അത് ആലോചിച്ച് അടിയന്തര നടപടികൾ പൂർത്തിയാക്കാനുള്ള ശ്രമം നടത്തുന്നതാണ്. ബഹുമാനപ്പെട്ട കെ. എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ. സൂചിപ്പിച്ചതുപോലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് കൊച്ചിയിലും വിഴിഞ്ഞത്തും കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഹൈഡ്രജൻ ഹബ്ബ് വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽ ലിമിറ്റഡിൽ ഉല്പാദന പ്രക്രിയയുടെ ഭാഗമായി ഉൽപാദിപ്പിക്കുന്ന ഹൈഡ്രജൻ, വ്യാവസായിക ആവശ്യങ്ങൾക്ക് ഇന്ധനമായി ഉപയോഗിക്കുന്നതോടൊപ്പം ഗതാഗത മേഖലയിൽ ഇന്ധനമായി ഉപയോഗിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കാനുള്ള ഇ.എം.സി.-യുടെ (Energy Management Centre) സഹകരണത്തോടെ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വിവാദമായ

പ്രശ്നങ്ങളെക്കുറിച്ചാണ് ഇനി പറയാനുള്ളത്. ചാലക്കുടി പുഴയിൽ അതിരൂക്ഷമായ ജലക്ഷാമം നേരിടുന്നുവെന്ന് ജനപ്രതിനിധികൾ ഇവിടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 0.6 mcm വെള്ളം എന്ന നിരക്കിൽ മാർച്ച് 1 മുതൽ പത്ത് ദിവസത്തേക്ക് വിട്ടുകൊടുത്തതാണ്. അതുമൂലം കെ.എസ്.ഇ.ബി.എൽ.-ന് 1.6 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. എന്നാലും ഇക്കാര്യത്തിൽ എന്താണ് ചെയ്യാൻ സാധിക്കുന്നതെന്ന് പരിശോധിക്കാം. ഇനിയും വെള്ളം വിട്ടുകൊടുത്താൽ വലിയ നഷ്ടം സംഭവിക്കുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബന്ധപ്പെട്ടവരുമായും ആലോചിച്ചശേഷം മാത്രമെ അതിനെക്കുറിച്ച് തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂവെന്നാണ് ഇതിൽ ആദ്യമായി പറയാനുള്ളത്.

സംസ്ഥാനത്തെ കഴിഞ്ഞ പത്തുവർഷത്തെ ശരാശരി പ്രതിശീർഷ വൈദ്യുതി ഉപഭോഗം 23660 ലക്ഷം യൂണിറ്റാണ്. എന്നാൽ ആഭ്യന്തര ഉല്പാദനം 7456 യൂണിറ്റ് മാത്രമാണ്. അതായത് 70 ശതമാനം വൈദ്യുതിയും പുറത്തുനിന്നും വാങ്ങുകയാണ്. അതുകൊണ്ട് വൈദ്യുതി നിരക്ക് നിശ്ചയിക്കുന്നതിലെ പ്രധാന ഘടകം വൈദ്യുതി വാങ്ങൽ വിലയിലാണ്. വൈദ്യുതി വില നിർണ്ണയത്തിൽ ഉല്പാദന കമ്പനികൾക്ക് അനുകൂലമായ

നയങ്ങളും ചട്ടങ്ങളുമാണ് കേന്ദ്രസർക്കാർ അടുത്ത കാലത്തായി പുറപ്പെടുവിച്ച് കൊണ്ടിരിക്കുന്നത്. ഇതിനുപുറമെ വൈദ്യുതി വിതരണരംഗത്ത് സ്വകാര്യവൽക്കരണം ലക്ഷ്യമിട്ടുകൊണ്ടുള്ള നിയമഭേദഗതിക്കും ചട്ടഭേദഗതിക്കും കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നു. വൈദ്യുതി നിയമ ഭേദഗതി നീക്കത്തിനെതിരെ നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസാക്കിയിട്ടുണ്ട്. സ്വകാര്യവത്ക്കരണം പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര നിർദ്ദേശങ്ങളെ ശക്തിയുക്തം എതിർത്തുകൊണ്ട് രാജ്യത്തിനാകെ ഒരു ബദലാകാൻ നമുക്കായിട്ടുണ്ട്. ഉൽപാദനശേഷി വർദ്ധിപ്പിച്ചാൽ മാത്രമെ വൈദ്യുതി നിരക്കിന്റെ കാര്യത്തിൽ സംസ്ഥാനത്തിന് ഫലപ്രദമായി ഇടപെടാൻ സാധിക്കുകയുള്ളൂ. കേരളത്തിന്റെ വാർഷിക ജലലഭ്യത 3000 TMC ഉള്ളപ്പോൾ 300 TMC മാത്രമാണ് വൈദ്യുതി ഉല്പാദനത്തിനും ജലസേചനത്തിനും കുടിവെള്ളത്തിനുമായി ഉപയോഗിക്കുന്നത്. ഇടുക്കിയിൽ വൈദ്യുതി ഉല്പാദന ചെലവ് യൂണിറ്റിന് വെറും 50 പൈസ മാത്രമാണെന്നിരിക്കെ നിർഭാഗ്യവശാൽ കൂടുതൽ ജലവൈദ്യുത പദ്ധതികൾ നടപ്പാക്കാൻ വിവിധകാരണങ്ങളാൽ നമുക്ക് കഴിയുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പുള്ള പത്തുവർഷം 57.26 മെഗാവാട്ട്

ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ കർഷകർക്കും സാധാരണക്കാർക്കും വ്യവസായികൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കാൻ വൈദ്യുതി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കണമെന്നുള്ള യാഥാർത്ഥ്യം ഉൾക്കൊണ്ടുള്ള പ്രവർത്തനമാണ് സർക്കാർ നടത്തിവരുന്നത്. സംസ്ഥാനത്തെ വൈദ്യുതി മേഖല ഒരു കുതിച്ചുചാട്ടത്തിന്റെ പാതയിലാണ്. വൈദ്യുതി ഉല്പാദന പ്രസരണ വിതരണ രംഗത്ത് സംസ്ഥാനം ഇതുവരെ ദർശിക്കാത്ത രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ കൊണ്ടുവരുന്നതിന് പുറമെ രാജ്യത്തിനാകെ മാതൃകയാകുന്ന തരത്തിൽ വൈദ്യുതി ആവശ്യകതയുടെ 50 ശതമാനവും 2030-തോടുകൂടി പുനരുപയോഗ ഊർജ്ജ സ്രോതസ്സിൽ നിന്ന് കണ്ടെത്താനുള്ള തീവ്രശ്രമമാണ് നടന്നുവരുന്നത്. 2040 -തോടുകൂടി 100 ശതമാനം പുനരുപയോഗ ഊർജ്ജിതാധിഷ്ഠിത സംസ്ഥാനമായും 2050-ഓടെ നെറ്റ് കാർബൺ ന്യൂട്രൽ ആയി മാറാനാണ് കേരളം ലക്ഷ്യമിടുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ഉൽപാദനത്തിൽ വലിയ മുന്നേറ്റമാണ് ഉണ്ടായിരിക്കുന്നത്. 480.5 മെഗാവാട്ട്

ശേഷിയുള്ള വൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ 38.5 മെഗാവാട്ട് ജലവൈദ്യുതി പദ്ധതിയും 442 മെഗാവാട്ട് പുനരുപയോഗ ഊർജ്ജ പദ്ധതികളുമാണ്. പള്ളിവാസൽ 60 മെഗാവാട്ട്, തൊട്ടിയാർ 40 മെഗാവാട്ട്, പെരുവണ്ണാമുഴി 6 മെഗാവാട്ട് എന്നീ മൂന്ന് ജലവൈദ്യുതി പദ്ധതികൾ 2023 മെയ് മാസത്തിൽ പൂർത്തിയാകും. കൂടാതെ 111 മെഗാവാട്ടിന്റെ 7 ജലവൈദ്യുത പദ്ധതികളും 367 മെഗാവാട്ട് പുനരുപയോഗ ഊർജ്ജ പദ്ധതികളും പുരോഗമിക്കുന്നുണ്ട്. മാത്രമല്ല, 149.10 മെഗാവാട്ടിന്റെ 22 പദ്ധതികൾ ഉടനെ നിർമ്മാണം ആരംഭിക്കും. സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികൾക്ക് ധാരാളം സാധ്യതകളുണ്ട്. എന്നാൽ വൈദ്യുതി ഉൽപാദനം എന്ന ഘടകം മാത്രം കണക്കാക്കുമ്പോൾ പല പദ്ധതികളും ലാഭകരമല്ല. വൈദ്യുതി ഉല്പാദനത്തെ കൂടാതെ കുടിവെള്ളം, ജലസേചനം, പ്രളയ നിയന്ത്രണം, പരിസ്ഥിതി സംരക്ഷണം എന്നീ ഘടകങ്ങൾകൂടി കണക്കിലെടുക്കുമ്പോൾ ഈ പദ്ധതികൾ സംസ്ഥാനത്തിന് ഗുണകരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അത്തരം പദ്ധതികൾ തയ്യാറാക്കാൻ കെ.എസ്.ഇ.ബി.എൽ.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രളയ പ്രതിരോധത്തിനും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും കേന്ദ്ര സർക്കാരിന്റെ

ഗ്രാന്റ് ലഭ്യമാകുന്നതാണ്. ഇപ്പോൾ വൻകിട ജലവൈദ്യുത പദ്ധതികളെക്കൂടി ഹരിതോർജ്ജ പദ്ധതികളായി കണക്കിലെടുത്ത് ഹൈഡ്രോ പവർ പബ്ലിക്കേഷൻ നിലവിൽ വന്നിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾകൂടി ലഭിക്കുന്ന രീതിയിൽ വിവിധോദ്ദേശ്യപദ്ധതികളെന്ന നിലയിൽ ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി 800 മെഗാവാട്ട്, മൂഴിയാർ രണ്ടാം ഘട്ടം 300 മെഗാവാട്ട്, ലക്ഷ്മി 240 മെഗാവാട്ട്, കാരപ്പാറ 19 മെഗാവാട്ട്, പൂയംകുട്ടി 210 മെഗാവാട്ട് എന്നിങ്ങനെ ആകെ 1569 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന അഞ്ച് വൻകിട പദ്ധതികൾകൂടി ആവിഷ്കരിച്ചിട്ടുണ്ട്. സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി 31708 പുരപ്പുറങ്ങളിലായി 133.53 മെഗാവാട്ട് ശേഷിയുള്ള നിലയങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തിയാക്കിയത്. കൂടുതൽ വ്യവസായങ്ങളെ ആകർഷിക്കുന്നതിന് പകൽസമയത്ത് വൈദ്യുതിനിരക്ക് കുറയ്ക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണ്. സൗരോർജ്ജ വൈദ്യുതി ഉല്പാദനംകൂടി വരുന്ന സാഹചര്യത്തിൽ പകൽസമയത്തും ഓഫ് പീക്ക് സമയത്തും കുറഞ്ഞ ചെലവിൽ ലഭിക്കുന്ന വൈദ്യുതി ഉപയോഗിച്ച് വൈദ്യുതോൽപ്പാദനം കഴിഞ്ഞ് ഒഴുകിപ്പോകുന്ന വെള്ളം തിരികെ ഡാമിലേയ്ക്ക് പമ്പുചെയ്ത് നമുക്ക്

ആവശ്യകത ഏറ്റവും കൂടിയ പീക്ക് സമയത്ത് വൈദ്യുതി ഉൽപ്പാദനം നടത്തുവാനുതകുന്ന പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ട്. ഇടുക്കി, പള്ളിവാസൽ എന്നീ രണ്ട് പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ സാധ്യതാപഠനം നടത്തുന്നതിനായി . THDC India Ltd എന്ന സ്ഥാപനവുമായി എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. ഇതുകൂടാതെ പത്ത് പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ സാധ്യതാപഠനത്തിനുള്ള പ്രവർത്തനങ്ങളും എൻ.എച്ച്.പി.സി.എൽ.-മായി യോജിച്ച് നടത്തിവരുന്നു. സംസ്ഥാനത്തെ ജലാശയങ്ങളിൽ 6000 മെഗാവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിൽ 3000 മെഗാവാട്ടെങ്കിലും ഉല്പാദിപ്പിക്കാൻ സാധിക്കണം. ഇതിന് നേതൃത്വം നൽകുന്ന അനെർട്ട് അനുമതിക്കായുള്ള ഏകജാലക സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖകൾ സർക്കാർ പരിഗണനയിലാണ്. കേരളത്തിലെ 56 ജലാശയങ്ങളിൽ ആദ്യഘട്ടമായി 500 മെഗാവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ ലോകബാങ്കിന്റെ ഗ്രാന്റോടുകൂടി സ്ഥാപിക്കാനുള്ള പഠനങ്ങൾ

നടന്നുവരികയാണ്. കാറ്റിൽനിന്ന് 100 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ഗ്രിഡ്ബന്ധിത പദ്ധതികൾ കേരളത്തിൽ സ്ഥാപിക്കുന്നതിനായി ദർഘാസ് ക്ഷണിക്കുകയും താരിഫ് അധിഷ്ഠിത ബിഡിംഗിലൂടെ 14 മെഗാവാട്ടിനുള്ള വർക്ക് അവർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, സൗരോർജ്ജം ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രതീക്ഷയാണ്. 70 ശതമാനം വൈദ്യുതിയും പുറത്തുനിന്നും വാങ്ങുകയാണല്ലോ; അതിന്റെ ചെലവും സൗരോർജ്ജത്തിന്റെ സബ്സിഡി വർദ്ധിപ്പിച്ചാൽ നമുക്ക് ലഭിക്കുന്ന ഗുണവും തമ്മിൽ താരതമ്യപ്പെടുത്തിയാൽ സൗരോർജ്ജം വീടുകളിൽ സ്ഥാപിക്കുന്നതിന് നൽകുന്ന സബ്സിഡി വർദ്ധിപ്പിക്കുന്നത് ഗുണകരമാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, 30 ശതമാനം സബ്സിഡി നൽകുന്നുണ്ട്. ഇത് പകൽ മാത്രമേ ലഭിക്കുകയുള്ളൂ. പീക്ക് അവറിൽ പുറത്തുനിന്ന് വലിയ വിലയ്ക്കുള്ള വൈദ്യുതിയാണ് വാങ്ങിക്കുന്നത്. അത് രണ്ടുംകൂടി താരതമ്യപ്പെടുത്തുമ്പോൾ മാത്രമെ കൂടുതൽ സബ്സിഡിയെക്കുറിച്ച് ആലോചിക്കാൻ സാധിക്കുകയുള്ളൂ. കേരള തീരത്തെ കരിമണലിൽ

രണ്ടുലക്ഷം തോറിയം നിക്ഷേപം ഉണ്ടെന്നാണ് കണക്കാക്കുന്നത്. ഇത് വേർതിരിച്ച് കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവും. ഇത് കേരളത്തിന്റെ സാമ്പത്തിക ഉന്നമനത്തിന് ഏറെ സഹായകരമാണ്.

സോളാർ സിറ്റി - കേരള നവ നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാന നഗരമായ തിരുവനന്തപുരത്തെ സോളാർ സിറ്റിയായി തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ മുഴുവൻ വൈദ്യുതി ആവശ്യവും പുനരുപയോഗ ഊർജ്ജ സ്രോതസ്സിൽനിന്നും നിറവേറ്റുകയാണ് ലക്ഷ്യം. തിരുവനന്തപുരം കോർപ്പറേഷനിലെ മുഴുവൻ പൊതുകെട്ടിടങ്ങളും സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്ന പ്രവൃത്തി ഇതിന്റെ ഭാഗമായി എടുത്തിട്ടുണ്ട്. ഇതുവരെ 400-ഓളം കെട്ടിടങ്ങൾ ഇതിനായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 100 കെട്ടിടങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചു. 110 കോടി രൂപയാണ് ഇതിനായി സ്മാർട്ട് സിറ്റി പദ്ധതി വഴി കണ്ടെത്തിയിട്ടുള്ളത്. കൂടാതെ 100 മെഗാവാട്ട് ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ മീൻവല്ലം പദ്ധതിയുടെ മാതൃകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ

സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ട സൗകര്യങ്ങൾ നൽകുന്നതാണ്. ഇത്തരത്തിൽ സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദന രംഗത്തെ സ്വയം പര്യാപ്തതയിൽ എത്തിക്കാൻ നിരവധി സാധ്യതകളുണ്ട്. കൂട്ടായ പരിശ്രമത്തിലൂടെ നമുക്ക് ആ ലക്ഷ്യം നേടേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിക്ക് വ്യവസായങ്ങൾക്കായുള്ള വ്യവസായ വൈദ്യുതി ആഭ്യന്തരമായി കുറഞ്ഞ ചെലവിൽ ഉൽപ്പാദിപ്പിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. വൈദ്യുതി പ്രസരണ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1502 കോടി രൂപയുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. ട്രാൻസ്ഗ്രിഡ് പദ്ധതിയിലൂടെ അടുത്ത മൂന്ന് ദശാബ്ദങ്ങൾക്കാവശ്യമായ വൈദ്യുതി പ്രസരണ ശൃംഖല നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിന്റെ തെക്കേയറ്റത്ത് നിന്നും വടക്കേയറ്റം വരെ നീളുന്ന 400 കെ.വി. പവർ ഹൈവേ പൂർത്തിയാകുന്നതോടെ കേരളത്തിലെല്ലായിടത്തും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പ് വരുത്താൻ നമുക്ക് സാധിക്കും. വൈദ്യുതി പ്രസരണ മേഖലയിൽ ഈ കാലയളവിൽ ആറ് 220 കെ.വി. സബ്സ്റ്റേഷനുകൾ ഉൾപ്പെടെ 14 സബ്സ്റ്റേഷനുകൾ

പൂർത്തിയാക്കി. 10 സബ്സ്റ്റേഷനുകളുടെ നിർമ്മാണം ആരംഭിച്ചു. വൈദ്യുതി വിതരണ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 1535 കോടി രൂപയുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. കൂടാതെ, ദ്യുതി 1, ദ്യുതി 2, ട്രാൻസ്ഗ്രിഡ് മുതലായ പദ്ധതികളിലൂടെ സഞ്ചിത സാങ്കേതിക വാണിജ്യ നഷ്ടം രാജ്യത്തെ മികച്ച നിലവാരമായ 8.26 ശതമാനത്തിൽ എത്തിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. മികച്ച ഡാം മാനേജ്മെന്റിലൂടെയും ലോഡ് ഡിസ്പാച്ച് സെന്ററിന്റെ പ്രവർത്തന മികവിലൂടെയും, ജീവനക്കാരുടെയും ഒത്തൊരുമയോടുള്ള പ്രവർത്തനത്തിന്റെ ഫലമായി 2021-22 സാമ്പത്തിക വർഷത്തിൽ പ്രവർത്തന ലാഭം കെ.എസ്.ഇ.ബി.എൽ രേഖപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമിട്ടുകൊണ്ട് നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് " നവീകരിച്ച വിതരണ മേഖല പദ്ധതി" (RDSS). ഉപ-പ്രസരണ-വിതരണ രംഗങ്ങളിലുള്ള പരിഷ്കരണ പ്രവർത്തികൾ, ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ ലഭ്യമാക്കൽ, ഊർജ്ജ മേഖലയിൽ സാമ്പത്തിക സുസ്ഥിരത, മെച്ചപ്പെട്ട കാര്യക്ഷമത, വിശ്വാസ്യത എന്നിവ ഉറപ്പാക്കലാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനും, തടസ്സങ്ങൾ കുറയ്ക്കുന്നതിനുമായി വലിയ മുതൽ മുടക്കുള്ള കവചിത കണ്ടക്ടറുകൾ വ്യാപകമായി ഉപയോഗിക്കാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. വിതരണ മേഖലയിലെ നഷ്ടം കുറയ്ക്കുന്നതിനും ശാക്തീകരണ ആധുനികവൽക്കരണ പ്രവർത്തികൾക്കുമായി 60% വരെ ഗ്രാന്റ് കേന്ദ്ര സർക്കാർ അനുവദിക്കുന്നുണ്ട്. വിതരണ മേഖലയിലെ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവർത്തികൾക്കായി 2225.88 കോടി രൂപയുടെയും വിതരണ, ഉപപ്രസരണ ശാക്തീകരണ ആധുനികവൽക്കരണ പ്രവർത്തികൾക്കായി 1908 കോടി രൂപയുടെയും അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കായി 60% ഗ്രാന്റായ 2480.28 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2022 ഒക്ടോബറിൽ നടന്ന വൈദ്യുതി മന്ത്രിമാരുടെ കോൺഫറൻസിൽ കേന്ദ്ര ഊർജ്ജ മന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള 11156.65 കോടി രൂപയുടെ അധിക നിർദ്ദേശങ്ങളുടെ അന്തിമരൂപീകരണത്തിനായി വിവിധ ജനപ്രതിനിധികളുമായി 14 ജില്ലകളിലും ശിൽപശാലകൾ നടത്തി പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് കേന്ദ്രാനുമതിക്കായി

സമർപ്പിക്കുന്നതിലേക്കായി ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. ഇതുവരെ വൈദ്യുതി എത്താത്ത ആദിവാസി കോളനികളുടെ വൈദ്യുതീകരണത്തിന് ഏകദേശം 35.43 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കിയ നിലാവ് പദ്ധതി വളരെ ആവേശത്തോടുകൂടിയാണ് പഞ്ചായത്തുകൾ ഏറ്റെടുത്തത്. പക്ഷേ, നിലവിലുള്ള സ്ഥിതി പല പഞ്ചായത്തുകളും പരാതി പറയുന്നത് ആവശ്യത്തിന് ബൾബുകൾ കെ.എസ്.ഇ.ബി.എൽ എത്തിക്കുന്നില്ലെന്നാണ്. കെ.എസ്.ഇ.ബി.എൽ പറയുന്നത് അവർ കരാർ കൊടുത്ത കമ്പനി ഈ ബൾബുകൾ നൽകുന്നില്ലെന്നാണ്. ജില്ലാ വികസന സമിതി യോഗത്തിലും താലൂക്ക് വികസന സമിതി യോഗത്തിലും കെ.എസ്.ഇ.ബി.എൽ.-ലെ ഉദ്യോഗസ്ഥരോട് പറയുമ്പോൾ അവർ കയ്യൊഴിയുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. ബൾബ് എത്തിക്കുന്നതിനാവശ്യമായ നടപടികളെടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പഞ്ചായത്ത് വകുപ്പുമായി ആലോചിച്ച് ആ പ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ആദിവാസി ഊരുകളിൽ വൈദ്യുതി

എത്തിക്കുമെന്ന് ബജറ്റ് പ്രൊവിഷനുണ്ടെന്ന് ഇവിടെ സൂചിപ്പിച്ചു. അതിൽ പറമ്പിക്കുളം ആദിവാസി ഊരുകളിൽ വൈദ്യുതി എത്തിക്കാനുള്ള നടപടിയുണ്ടായിട്ടുണ്ടോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ:സർ, .......(മൈക്ക് ഓഫ്)...

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇതൊന്ന് പറഞ്ഞുകൊള്ളട്ടെ.... ഇതിൽ ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞാൽ എല്ലാം വ്യക്തമാകും. ആദിവാസി ഊരുകളുടെ കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുത്താണ് ചെയ്തിരിക്കുന്നത്. രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയിട്ട് 75 വർഷം പൂർത്തിയായിട്ടും വിവിധ കാരണങ്ങളാൽ വൈദ്യുതി എത്തിക്കാൻ കഴിയാതിരുന്ന ഉൾവനങ്ങളിലെ ആദിവാസി കോളനികളിൽ പറമ്പിക്കുളവും വരും. ആ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു. സംസ്ഥാനത്ത് വൈദ്യുതീകരണത്തിനായി 7 ജില്ലകളിലായി 97 ആദിവാസി കോളനികളാണുള്ളത്. ഈ സ്ഥലങ്ങളിൽ വൈദ്യുതി എത്തിയിട്ടേയില്ല. ലൈനുകൾ/കേബിളുകളിലൂടെ വൈദ്യുതി എത്തിക്കാൻ പറ്റുന്ന കോളനികളിൽ കെ.എസ്.ഇ.ബി.-യുടെ ചുമതലയിൽ വൈദ്യുതി എത്തിക്കാനും അതിന് ബുദ്ധിമുട്ടുള്ള ദുർഘടമായ വനാന്തരങ്ങളിലുള്ള

കോളനികളിൽ സോളാർ/ഹൈബ്രിഡ് പദ്ധതി നടപ്പാക്കാൻ അനെർട്ടിനെയും ചുമതലപ്പെടുത്തുകയും അതിനുവേണ്ടിയുള്ള ഫണ്ട് നൽകിയിട്ടുമുണ്ട്. ഫണ്ട് ലഭ്യമായ 17 കോളനികളിൽ 9 കോളനികളുടെ ഗ്രിഡ് വൈദ്യുതീകരണം കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ചു. 8 കോളനികളുടെ വൈദ്യുതീകരണ പ്രവൃത്തികൾ നടന്നുവരുന്നു. ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 25 കോളനികളുടെ വൈദ്യുതീകരണത്തിനാവശ്യമായ 24.26 കോടി രൂപയുടെ 80% വും കെ.എസ്.ഇ.ബി.എൽ ഫണ്ടിൽ നിന്നാണ് ചെലവാക്കുന്നത്. ഇതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കോളനികളിൽ ഓൺലൈൻ സൗകര്യമുള്ള പഠനമുറി ഏർപ്പെടുത്താനും ശ്രമിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലുള്ള താഴെ തുടുക്കി ഊരിലെ 45 ആദിവാസി വീടുകളിൽ വൈദ്യുതി എത്തിക്കാനായി 50 കിലോവാട്ട് ശേഷിയുള്ള മൈക്രോ ഗ്രിഡ് സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് പൂർത്തീകരിച്ചു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണനുമായി ആലോചിച്ച് മറ്റ് ജില്ലകളിലെ പല പ്രദേശങ്ങളിലുള്ള ആദിവാസി കോളനികളിലും...

ഉദാഹരണമായി വയനാട് ജില്ലയിലെ വേലപ്പൻക്കണ്ടി ഊരിൽ 10 വീടുകളിൽ 1.5 കിലോവാട്ട് വീതം ശേഷിയുള്ള സോളാർ-വിൻഡ് ഹൈബ്രിഡ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. അട്ടപ്പാടിയിലെ മേലെതുടുക്കി, ഗലസി എന്നീ ആദിവാസി കോളനികളുടെ വൈദ്യുതീകരണം പുരോഗമിക്കുന്നു. മേൽ പ്രവൃത്തികൾക്കായി അനെർട്ട് 15 കോടിയോളം രൂപ ഇതിനോടകം ചെലവഴിച്ച കഴിഞ്ഞിട്ടുണ്ട്. ഏകദേശം 40 കോടി രൂപ ഇതിനായി നീക്കി വച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വകുപ്പ്, ത്രിതല പഞ്ചായത്ത്, എം.എൽ.എ. ഫണ്ട് എന്നിവയിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ എല്ലാ കോളനികളുടെയും വൈദ്യുതീകരണം ഒരു വർഷത്തിനകം പൂർത്തീകരിക്കുന്നതാണ്. ഇവിടങ്ങളിലെ മൂവായിരത്തിലധികം കുടുംബങ്ങൾക്ക് വൈദ്യുതി എത്തുന്നതോടുകൂടി സംസ്ഥാനത്തെ അതിദരിദ്രർക്കും പാർശ്വവല്ക്കരിക്കപ്പെട്ടവരുമായ എല്ലാവരിലും വെളിച്ചമെത്തിക്കുന്നതാണ്. ആദിവാസി മേഖലകളിലെ തൊഴിൽ രഹിതരായ യുവാക്കൾക്ക് ആവശ്യമായ സാങ്കേതിക ജ്ഞാനം നൽകി ഊർജ്ജ രംഗത്ത് അനുയോജ്യമായ കരാർ ജോലികളിൽ ഏർപ്പെടുത്തുന്നതിനായി അവർക്കൊരു സ്കിൽ ട്രെയിനിംഗ് നടത്തിയാൽ

പ്രൈവറ്റ് മേഖലയിൽ അവർക്ക് തൊഴിലവസരം ലഭിക്കാനുള്ള സാധ്യതയുള്ളതുകൊണ്ടാണ് പ്രത്യേകമായൊരു സ്കീം തയ്യാറാക്കി അത് വയനാട്ടിലും പാലക്കാടും തുടങ്ങുന്നത്. എല്ലാ ആദിവാസി ചെറുപ്പക്കാർക്കും ട്രെയിനിംഗ് നൽകിയാൽ കൈത്തൊഴിൽ കിട്ടാനുള്ളൊരു അവസരമാകും. BPL ഉപഭോക്താക്കൾക്ക് സൗജന്യമായി ലൈൻ വലിച്ചുനൽകേണ്ട കണക്ഷനുകളുടെ ദൂരപരിധി 200 മീറ്ററിൽ നിന്നും 250 മീറ്ററായി കൂട്ടിയിട്ടുണ്ട്. 250 വാട്ട്സ് വരെ "കണക്ടഡ് ലോഡ്" ഉള്ളതും പ്രതിമാസ ശരാശരി ഉപഭോഗം 20 യൂണിറ്റുവരെ ഉള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സർക്കാർ സബ്സിഡിയോടുകൂടി സൗജന്യമായി വൈദ്യുതി നല്കി വരുന്നു. "കണക്ടഡ് ലോഡ്" വ്യത്യാസപ്പെടുത്താതെ പ്രതിമാസം 30 യൂണിറ്റ് വരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് കൂടി നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. തനത് ഫണ്ടുപയോഗിച്ച് കെ.എസ്.ഇ.ബി.എൽ 937 അങ്കണവാടികൾക്ക് വൈദ്യുതി ലഭ്യമാക്കി. ഇതിൽ 574 അങ്കണവാടികൾക്ക് പോസ്റ്റ് ഉൾപ്പടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകി.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, സമ്പൂർണ്ണമായൊരു കാർഷിക സംസ്കാരം അങ്ങയുടെ മനസിലുള്ളതുകൊണ്ട്.......

<u>മി. സ്പീക്കർ</u>: ഇതിങ്ങനെ ഡിബേറ്റ് ആക്കാൻ പറ്റില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ ഇങ്ങനെ ഡിബേറ്റ് ആക്കാൻ പറ്റില്ല.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി പറയുന്നത് കേട്ടില്ല. എന്താണ്?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, കാർഷിക വകുപ്പിന്റെ പ്രവൃത്തികൾ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് കുറഞ്ഞ നിരക്കിലോ സൗജന്യമായോ കർഷകർക്ക് വൈദ്യുതി ലഭ്യമാക്കാനുള്ള ഉദ്ദേശ്യം കർഷക സംസ്കാരം മനസ്സിലുള്ള ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് ഉണ്ടാകുമോ?

<u>മി. സ്പീക്കർ</u>: അങ്ങ് പ്രസംഗിക്കുമ്പോൾ ഇതൊന്നും പറഞ്ഞിരുന്നില്ല.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, പറഞ്ഞുവരുമ്പോൾ അതിനെക്കുറിച്ച് കൃത്യമായി പറയാം. ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മിച്ച 700 വീടുകളിൽ 4 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ച് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം പൂർത്തിയായിവരുന്നു. പട്ടികജാതി/പട്ടികവകുപ്പ് നിർമ്മിച്ച

300 വീടുകളിൽ 3 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഒരു ഇൻഡക്ഷൻ സ്റ്റൗ കൂടി ഈ കുടുംബങ്ങൾക്ക് നൽകുന്നുണ്ട്. ഇതിലൂടെ പാചക ഇന്ധനത്തിനുള്ള ചെലവ് കുറയ്ക്കുന്നതിന് പുറമേ അടുക്കള അന്തരീഷം കൂടുതൽ മെച്ചപ്പെട്ടതാക്കുന്ന ' സ്മാർട്ട് കിച്ചൻ' എന്ന സങ്കൽപ്പം ഒരു പരിധിവരെ യാഥാർത്ഥ്യമാക്കുവാനും കഴിയുന്നതാണ്. ഇതുവഴി പതിനായിരം രൂപ വരെ വാർഷിക വരുമാനമായി ഓരോ കുടുംബത്തിനും ലഭിക്കും. വൈദ്യുതി വാഹനങ്ങൾക്കായി എല്ലാ ജില്ലകളിലും സംസ്ഥാന ഗതാഗതവകുപ്പിന്റേയും കേന്ദ്രസർക്കാരിന്റേയും ഫണ്ടുപയോഗിച്ച് 63 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ.-ഉം, 15 എണ്ണം സംസ്ഥാന സർക്കാർ ഫണ്ടുപയോഗിച്ച് അനെർട്ടും സ്ഥാപിച്ചുകഴിഞ്ഞു. ഇതിനുപുറമേ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്കായി എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലും അതത് എം.എൽ.എ.-മാർ നിർദ്ദേശിച്ച സ്ഥലങ്ങളിൽ 1166 പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കാനുള്ള പ്രവൃത്തി കെ.എസ്.ഇ.ബി.എൽ. പൂർത്തിയാക്കിവരുന്നു. സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചുകൊണ്ട് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതിയും

സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. വൈദ്യുതി വാഹനങ്ങൾ വ്യാപകമാകുന്നതോടെ ഇന്ധനചെലവിൽ വലിയ കുറവുണ്ടാകുകയും അത് കുടുംബ ബഡ്ജറ്റിൽ പ്രതിഫലിക്കുകയും ചെയ്യും.

ദേശീയപാത, എം.സി.റോഡ്, മറ്റുപ്രധാന റോഡുകൾ എന്നിവിടങ്ങളിൽ കുറഞ്ഞത് ഓരോ 50 കിലോമീറ്ററിലും ഇ-കാറുകൾക്കായുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് സ്വകാര്യ സംരംഭകർ വഴി നിലവിൽ റീഫ്രെഷ്മെന്റ് - കഫറ്റീരിയ സൗകര്യമുള്ള പ്രധാന റോഡുകളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ വളരെയധികം പ്രോത്സാഹനം നല്കിവരുന്നു. വൈദ്യുതി വാഹനങ്ങൾ പൂർണ്ണമായും പരിസ്ഥിതി സൗഹാർദ്ദമാകണമെങ്കിൽ സൗരോർജ്ജ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിലവിൽ വരണം. പുതുതായി സൗരോർജ്ജ ചാർജ്ജിംഗ് സ്റ്റേഷനുകൾ തുടങ്ങുന്ന ആദ്യത്തെ 100 സ്വകാര്യ സംരംഭകർക്ക് സംസ്ഥാന സർക്കാർ ചാർജ്ജിംഗ് മെഷീനിന് സബ്സിഡി നല്കുന്നു. കൂടാതെ സൗരോർജ്ജ സംവിധാനത്തിനും സബ്സിഡി നല്കുന്നു. സൗരോർജ്ജ സംവിധാനത്തിന് 1 കിലോവാട്ടിന് 20,000 രൂപ വീതവും

പരമാവധി 50 കിലോവാട്ടിന് 10 ലക്ഷം രൂപയും, DC ഫാസ്റ്റ് ചാർജ്ജിംഗ് മെഷീനുകൾക്ക് മെഷീൻ വിലയുടെ 25 ശതമാനവും സംസ്ഥാന സർക്കാർ സബ്സിഡി നല്കുന്നു.

'പി.എം.കുസും' പദ്ധതി - സൗജന്യ വൈദ്യുതി ലഭിക്കുന്ന 2.75 ലക്ഷം വരുന്ന കാർഷിക പമ്പുകളിൽ നബാർഡ്/അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിന്റെ സഹായത്തോടെ പി.എം.കുസും പദ്ധതിയിലുൾപ്പെടുത്തി ഒരു ലക്ഷം പമ്പുകൾ സൗരോർജ്ജവല്ക്കരിക്കാനുള്ള ബൃഹത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഏകദേശം ഒരു വർഷത്തിനുള്ളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. അതുകൊണ്ടുതന്നെ കൃഷിക്കാർക്ക് വൈദ്യുതിചെലവ് കഴിഞ്ഞ് അധിക വരുമാനം ലഭ്യമാകും. ഉദാഹരണമായി 3000 രൂപ ഇലക്ട്രിസിറ്റി ചാർജ് വരികയാണെങ്കിൽ ഏകദേശം 3000 രൂപയോളം അധികമായി കൃഷിക്കാർക്ക് ലഭിക്കുന്ന രീതിയിലാണ് അത് സംവിധാനം ചെയ്തിരിക്കുന്നത്. ഒരു ലക്ഷം പമ്പുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റാൻ ലക്ഷ്യമിട്ട് ആദ്യഘട്ടത്തിൽ നബാർഡിന്റെ സഹായത്തോടെ 9348 പമ്പുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നതിന് അനെർട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. നാണ്യവിളകൾക്ക് കൃത്യമായി ജലസേചനം നടത്താൻ കഴിഞ്ഞാൽ വിളവ്

അഞ്ചിരട്ടിയോളമാക്കാൻ കഴിയും. നാണ്യവിളകൾ നനയ്ക്കാൻ, പമ്പുപയോഗിച്ച് മൈക്രോ ഇറിഗേഷനിൽ നല്കിയാൽ 6 ഇരട്ടിയോളം വർദ്ധനവുണ്ടാക്കാൻ കഴിയും. കൃഷി വകുപ്പ് ആവശ്യപ്പെടുന്ന ഇടങ്ങളിലെല്ലാം 30% സബ്സിഡിയോടെ സൗരോർജ്ജ പമ്പുകൾ സ്ഥാപിക്കാൻ അനെർട്ട് മുഖേന പദ്ധതി ആവിഷ്കരിക്കുന്നതാണ്. സംസ്ഥാനത്തിനകത്തെ കാർഷിക വിളകളിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വൈദ്യുതി നിരക്കിൽ ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇത്തരം സ്ഥാപനങ്ങളിൽ 30% സബ്സിഡിയോടെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ അനെർട്ട് മുഖേന പദ്ധതികൾ നടപ്പാക്കും.

കോഴിക്കോട് മെഡിക്കൽ കോളേജിലും RCC -യിലും വാക്സിനും മരുന്നുകളും സൂക്ഷിക്കാൻ സൗരോർജ്ജ ശീതീകരണി സ്ഥാപിച്ചു. തിരുവനന്തപുരം വേൾഡ് മാർക്കറ്റിൽ പച്ചക്കറി സംഭരണത്തിനുള്ള സൗരോർജ്ജ സംഭരണിയും സ്ഥാപിച്ചു. കൃഷിവകുപ്പുമായും ആരോഗ്യവകുപ്പുമായും കൂടിയാലോചിച്ച് പ്രസ്തുത പദ്ധതി വിപുലീകരിച്ച് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

'അംഗൻ ജ്യോതി' - സംസ്ഥാനത്തെ 33151 അംഗണവാടികളിൽ ഊർജ്ജ സ്വയം പര്യാപ്തത കൊണ്ടുവരുന്നതിനും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും 'അംഗൻ ജ്യോതി' പദ്ധതി ലക്ഷ്യമിടുന്നു. ഉച്ചഭക്ഷണ പരിപാടിയുടേയും പോഷകാഹാര വിതരണത്തിന്റേയും ഭാഗമായി, മിക്ക അങ്കണവാടികളിലേയും പാചകപ്പുരകളിൽ എൽ.പി.ജി. വിറകാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. ഇതിന് ബദലായി കാർബൺ ബഹിർഗമനമില്ലാത്തതും പൂർണ്ണ സുരക്ഷിതത്വമുള്ളതും വേഗത്തിലുള്ള പാചകം ഉറപ്പുവരുത്തുന്നതിനും വൈദ്യുത ഊർജ്ജം വഴി പ്രവർത്തിക്കുന്ന ഇൻഡക്ഷൻ അടുപ്പുകൾ, അനുബന്ധ പാത്രങ്ങൾ, ഫാനുകൾ, ഊർജ്ജക്ഷമത കൂടിയ അനുബന്ധ ലൈറ്റുകൾ, ഇരുചക്ര-മുച്ചക്ര വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ സ്ഥാപിക്കും. പദ്ധതിയുടെ ആദ്യ ഘട്ടമായി 5 അങ്കണവാടികളിൽ 2 KW -ന്റെ ഇൻഡക്ഷൻ കുക്കർ, ഇഡ്ഡലി കുക്കർ, പ്രഷർ കുക്കർ, റൈസ് പോട്ട്, ഉരുളി, ടീ പോട്ട് എന്നിവ നല്കി, എം.എൽ.എ.-മാർ ആവശ്യപ്പെടുന്ന പക്ഷം എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലും 10 അങ്കണവാടികൾക്ക് എനർജി മാനേജ്മെന്റിന്റെ നേതൃത്വത്തിൽ പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

അനെർട്ടിന്റെ നേതൃത്വത്തിൽ 100 അങ്കണവാടികളിൽ 2 KW ഓൺഗ്രിഡ് സൗരോർജ്ജ പദ്ധതികളും നടപ്പാക്കും.

കേരളത്തിലെ ഹരിതോർജ്ജ സാങ്കേതിക വിദ്യയുടെ വികസനത്തിനും പുനരുപയോഗ ഊർജ്ജ ഉല്പാദനത്തിന്റെ പങ്ക് വർദ്ധിപ്പിക്കുന്നതിനും ഊർജ്ജ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളായ കെ.എസ്.ഇ.ബി.എൽ., അനെർട്ട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, എനർജി മാനേജ്മെന്റ് സെന്റർ എന്നിവയെ പ്രതിനിധീകരിച്ച് എനർജി മാനേജ്മെന്റ് സെന്ററും കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലും ഡൽഹിയിലുള്ള ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്ററും ചേർന്ന് കേരളത്തിൽ ക്ലീൻ എനർജി ഇന്നൊവേഷൻ ആന്റ് ബിസിനസ്സ് ഇൻകുബേഷൻ സെന്റർ 2022, ജൂൺ 22-ന് ആരംഭിക്കുകയുണ്ടായി. ഇതിന്റെ ആദ്യഘട്ടമായി ജൂൺ 22 ക്ലീൻ ടെക് ചലഞ്ച് ആരംഭിക്കുകയും സംസ്ഥാനത്തുടനീളം 100 അപേക്ഷകൾ ലഭിക്കുകയും ചെയ്തു. ക്ലീൻ ടെക് ചലഞ്ചുമായി ബന്ധപ്പെട്ട അപേക്ഷകളിൽനിന്ന് തെരഞ്ഞെടുത്ത 18 അപേക്ഷകരെ നേരിട്ട് വിലയിരുത്തി 10 മുതൽ 12 വിജയികളെ തെരഞ്ഞെടുക്കുകയും 12 ലക്ഷം രൂപ വരെ ധനസഹായം ലഭിക്കുകയും

ചെയ്യും. കൂടാതെ വിജയികൾക്ക് അവരുടെ ആശയങ്ങൾ പ്രോട്ടോടൈപ്പിൽ നിന്ന് വിപണിയിലേയ്ക്ക് കൊണ്ടുവരാൻ സഹായിക്കുന്ന വിധത്തിലുള്ള സെഷനുകൾ, സാമ്പത്തിക സഹായം എന്നിവ നല്കുന്നതാണ്. നിരവധി അംഗീകാരങ്ങൾ ഇക്കാലയളവിൽ ഊർജ്ജ വകുപ്പിന് ലഭിക്കുകയുണ്ടായി. വൈദ്യുത വിതരണത്തിലെ കാര്യക്ഷമതയും ഈ മേഖലയിലെ പരിസ്ഥിതി സൗഹാർദ്ദ നടപടികളും വിലയിരുത്തി നീതി ആയോഗ് തയ്യാറാക്കിയ സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനം ലഭിച്ചതും ലോഡ് ഡിസ്പാച്ച് സെന്റർ എക്സലൻസ് ദേശീയ അവാർഡ് കെ.എസ്.ഇ.ബി.എൽ.-ന്റെ കളമശ്ശേരിയിലെ കേരള ലോഡ് ഡിസ്പാച്ച് സെന്ററിന് ലഭിച്ചതും ദേശീയ ഊർജ്ജ കാര്യക്ഷമതാ സൂചികയിൽ കേരളം രണ്ടാം സ്ഥാനത്തെത്തിയതും പുരപ്പുറ സൗരോർജ്ജ പദ്ധതി നടത്തിപ്പിലെ പ്രവർത്തന മികവിന് ദേശീയ തലത്തിൽ നല്കുന്ന ആർ.ഇ അസറ്റ്സ് ഇന്ത്യാ അവാർഡ് കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ചതും, വൈദ്യുതി ഓട്ടോറിക്ഷകൾക്കും ഇരുചക്രവാഹനങ്ങൾക്കുമായി കെ.എസ്.ഇ.ബി.എൽ. ആവിഷ്കരിച്ച പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾക്ക് ഇന്ത്യൻ സ്മാർട്ട് ഗ്രിഡ് ഫോറം വിഭാഗത്തിൽ നല്കുന്ന ഡയമണ്ട് അവാർഡ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി

ബോർഡിന് ലഭിച്ചതും ഊർജ്ജവകുപ്പിന് ലഭിച്ച അംഗീകാരങ്ങളാണ്. വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവല്ക്കരണം ഭീഷണിയായി നില്ക്കുന്ന ഇക്കാലത്ത് കേരള ബദലായി പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി.എൽ.-നെ രാജ്യത്തിന് മുമ്പിൽ ഉയത്തിക്കാട്ടാൻ കഴിയുന്നതിൽ നമുക്ക് അഭിമാനിക്കാം.

പ്രസ്തുത ധനാഭ്യർത്ഥന പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXVII**

**വ്യവസായങ്ങൾ**

മി. സ്പീക്കർ: വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ V-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIX

## വൈദ്യുത പദ്ധതികൾ

<u>മി. സ്പീക്കർ</u>: വൈദ്യുത പദ്ധതികൾ എന്ന XXXIX നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ V-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 മാർച്ച് മാസം 15-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 1.27-ന് പിരിഞ്ഞു.)

*********